

മുസ്സോളിനി

ഒരു അധ്യാപകനായിരുന്ന ഇദ്ദേഹം ഇപ്പോൾ

ഇററലിയിലെ ഭരണാധികാരിയാണ്.

"ഇന്നു ലോകത്തിൽ ഒരു രാജ്യത്തിൽമാത്രം ദേശീയഭക്തി കാണുന്നു. അതു മുസ്സോളിനിയുടെ പരിപൂർണ്ണാധികാരത്തിൻകീഴിലുള്ള ഇററലിയാണ്. നിങ്ങൾക്കു തോന്നുന്നു എങ്കിൽ ഏകഛത്രാധിപതി എന്നു അദ്ദേഹത്തെ വിളിക്കുക. ഞാനും അങ്ങിനെ വിചാരിക്കുന്നു.—— തന്റെ ഏകഛത്രാധിപത്യംകൊണ്ടു് — നിങ്ങൾ അതിനെ അങ്ങിനെ വിളിക്കുവാൻ ആഗ്രഹിക്കുന്നു എങ്കിൽ — ഇററലിയിലെ എല്ലാ സുഖഭോഗതല്പരന്മാരേയും ഓടിച്ചുകളഞ്ഞിരിക്കുന്നു. സുഖഭോഗതല്പരന്മാരായ ആ ജനതതിയെ ആധുനികലോകത്തിന്റെ ഏററവും കർശനമായ നിയമത്തിനധീനരാക്കി ഇററലിയിൽ ആനന്ദവും ആത്മവിശ്വാസവും പുനർസ്ഥാപിച്ചിരിക്കുന്നു. മഹത്തായ ഒരു ആദർശത്തിന് അർപ്പിതരായ ആ ദേശക്കാർ അനേക നൂററാണ്ടുകളിലെ മന്ദതയേയും നിശ്ചലതയേയും അശക്തതയേയും ദൂരീകരിച്ച് സന്തോഷവാന്മാരായിക്കാണുന്നു."

"ഡാക്ടർ ഫാൺസ്"

# 67

UNIVERSITY LIBRARY

# ഗുരുനാഥൻ.

പുസ്തകം 10 { 1106 ചിങ്ങം } ലക്കം 1

## മംഗളം.

സത്തായസൂക്തികുസുമപ്രജവൃഷ്ടിതൂകി,
ചിത്തെന്നണാംവിമലബോധസുഗന്ധമേകി,
പത്താംവയസ്സു പുരുഭാഗ്യമോടാശുപൂകി,
സ്വസ്ഥംസദാവിജയതാം ഗുരുനാഥശാഖി.

ആർ. ഈശ്വരപിള്ള ബി. എ.

## സ്വന്തം പ്രസ്താവന.

പത്തുകൊല്ലംമുമ്പു പറവൂരിൽവച്ചുകൂടിയ ഒരദ്ധ്യാപകമഹായോഗത്തിൽ വച്ചാണു് അദ്ധ്യാപകന്മാരുടെ ഉപയോഗത്തിനായിട്ടു് അവരുടെവക ഒരു മാസിക തുടങ്ങണമെന്നു നിശ്ചയിച്ചതു്. എന്നാൽ ഇങ്ങിനെ ഒരു നിശ്ചയം ചെയ്തതു് അതിലേയ്ക്കു വേണ്ടുന്ന ഉപായോപകരണങ്ങൾ ഒന്നുംതന്നെ സജ്ജമാക്കികൊണ്ടല്ലായിരുന്നു. ഏതാനും ചില അദ്ധ്യാപകന്മാരുടെ ഉത്സാഹം മാത്രമെ അന്നു് ഈ കാര്യനിർവ്വഹണത്തിനുതകുന്നതായ ഉപകരണമായിട്ടുണ്ടായിരുന്നുള്ളു. നിശ്ചയിച്ചതുപോലെ സാധിക്കുമെന്നും സാധിച്ചാൽ തന്നെയും അതു് സുസ്ഥിരമായി പരിണമിക്കുമെന്നും അന്നു സംശയം ഇല്ലാതിരുന്നില്ല. പലർക്കും ഈ വിഷയത്തിൽ വലിയ ആശങ്കയും ഉണ്ടായിരുന്നു. അദ്ധ്യാപകയോഗത്തെ തന്നെയും പലരും സാശയദൃഷ്ട്യാ വീക്ഷിച്ചുവന്നിരുന്നു. ശമ്പളക്കൂടുതലിനേയും മററും പററി നിശ്ചയങ്ങൾ ചെയ്തുവന്നാലും ചിലർക്കു് അസ്വാസ്ഥ്യതയും ഉണ്ടാക്കാതിരുന്നില്ല. അതൊക്കെ ഇന്നു പഴംകഥയായി തീർന്നിരിക്കുന്നതിനാൽ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. ഏതെങ്കിലും നിശ്ചയം

ൎയ്യധികം താമസിക്കാതെ ഇന്ന് "ഗുരുനാഥൻ" എന്ന പേരിൽ സുപരിചിതമായിരിക്കുന്ന മാസിക അവതരിച്ചു. ഇതൊണ്ടോ നീണ്ടുനില്ക്കാൻ പോകുന്നു എന്നായിരുന്നു പിന്നെയും പലരുടേയും ആശങ്ക. ധനസഹായമൊ പ്രഭുസഹായമൊ ഇല്ലാതെ ആരംഭിച്ച ഈ മാസിക ഇന്നല്ലെങ്കിൽ നാളെ ക്ഷീണസത്വയായി നശിച്ചുപോകാനെളുപ്പമുണ്ടെന്നായിരുന്നു മിക്കയെവരുടേയും ഭയം. എന്നാൽ പ്രതീക്ഷിച്ചതുപോലെയല്ല സംഭവിച്ചതു്. ദൈവഗത്യാ 'ഗുരുനാഥൻ' ഇന്ന് അതിൻെറ ശൈശവദശയെ അതിക്രമിച്ചു പൌഗണ്ഡദശയിൽ പാതിയും തരണംചെയ്തു കഴിഞ്ഞിരിക്കുന്നു. സ്പഷ്ടമായിപ്പറയുന്നതായാൽ 'ഗുരുനാഥൻ' ഈ ലക്കത്തോടുകൂടി അതിൻെറ പത്താമത്തെ വയസ്സിൽ പ്രവേശിച്ചിരിക്കുന്നു. ഇതു മാസികാപ്രവൎത്തകന്മാൎക്കും വായനക്കാൎക്കും ചാരിതാൎത്ഥ്യജനകമായ ഒരു സംഗതിയാണല്ലൊ. ഇന്നും മാസികക്കു മൂലധനമായി ഉള്ളതു് അദ്ധ്യാപകന്മാരുടേയും ഇതരമാന്യന്മാരുടേയും സൌമനസ്യം ഒന്നു മാത്രമാണ്. വിദ്യാഭ്യാസാധികൃതന്മാരിൽനിന്നും ഞങ്ങൾക്കു ലഭിക്കുന്ന സ്വല്പമായ ആനുകൂല്യത്തേയും ഞങ്ങൾ സ്മരിക്കാതിരിക്കുന്നില്ല. കേവലം ധനേച്ഛയോടുകൂടിയല്ല ഞങ്ങൾ ഈ മാസിക ആരംഭിച്ചതും തുടൎന്നു നടത്തിവരുന്നതും എന്നു പറഞ്ഞാൽ പക്ഷെ പലരും വിശ്വസിക്കയില്ലായിരിക്കും. എന്നാൽ അല്പം ത്യാഗവുംകൂടി അനുഷ്ഠിച്ചാണ് പ്രവൎത്തകന്മാർ ഈ ഭാരമേറിയ കൃത്യം വഹിക്കുന്നതെന്ന് ഞങ്ങളോട് അടുത്തു പരിചയം ഉള്ളവൎക്കു മാത്രമെ അറിയാൻ തരമുള്ളു. അതിൽ ഞങ്ങൾക്കു സ്വല്പംപോലും ഖേദമില്ല. മാസിക സ്വല്പമായിട്ടെങ്കിലും അദ്ധ്യാപകന്മാൎക്കും ഇതരവായനക്കാൎക്കും പ്രയോജനകരമായി ഭവിച്ചിട്ടുണ്ടെങ്കിൽ അതുതന്നെയാണ് ഞങ്ങൾ ഉത്തമമായ പ്രതിഫലമായി കരുതുന്നതു്. മാസികയെ പൂൎവ്വാധികം ഉപയോഗപ്രദമാക്കുന്നതിനു ഞങ്ങൾ പല ശ്രമങ്ങളും ചെയ്തുവരുന്നുണ്ട്. എന്നാൽ ഈ ശ്രമങ്ങൾ ഒക്കെയും പല ദുൎഘടങ്ങൾനിമിത്തം ഇച്ഛാനുസരണം ഫലപ്പെട്ടു കാണുന്നില്ല എന്നു മാത്രമെ ഞങ്ങൾ വ്യസനിക്കുന്നുള്ളു. ഇതു ലോകസഹജമായിട്ടുള്ള ഒരു സംഗതിയാണെന്ന് സമാധാനപ്പെട്ടുകൊള്ളുന്നു. എന്നാൽ പത്തുകൊല്ലം മുമ്പുണ്ടായിരുന്നതിനെക്കാൾ ഇന്നു കൂടുതൽ നിലയും വിലയും അദ്ധ്യാപകന്മാൎക്കുണ്ടെങ്കിൽ അതിനുള്ള കാരണങ്ങളിൽ ഒന്നു ഗുരുനാഥൻെറ നിരന്തരപരിശ്രമമാണെന്നു സാഭിമാനം ഞങ്ങൾക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. വിദ്വാന്മാരുടെ വിശിഷ്ടചിന്തകളുമായി ഗുരുനാഥൻവഴി പരിചയപ്പെടുന്നതിനു അദ്ധ്യാപകന്മാൎക്കു ലഭിക്കുന്ന സൌകൎയ്യം കേവലം നിഷ്ഫലമായി തീരാൻ തരമില്ലല്ലൊ. ഇത്രയുംതന്നെ ഞങ്ങൾ ഒരു വലിയ കാൎയ്യമായി ഗണിക്കുന്നു. മാസികക്കു് ഇനിയും പല പരിഷ്കാരങ്ങളും വരുത്താനുണ്ടെന്നു ഞങ്ങൾക്കു ബോധമുണ്ട്. സത്തുക്കളുടെ സഹാ

യമുണ്ടെങ്കിൽ അതും അചിരേണ സാധിക്കുമെന്നുതന്നെ വിശ്വസിക്കുന്നു. ഞങ്ങൾക്ക് ഈ വിഷയത്തിൽ പല മാന്യന്മാരിൽനിന്നും ലഭിച്ചിട്ടുള്ള ലേഖനസഹായത്തിനും ഉപദേശങ്ങൾക്കും ഗമ്മെൻറിൽനിന്നും നല്കിവരുന്ന ലഘുസഹായത്തിനും അധ്യാപകലോകത്തിൻെറ സൌഹാർദ്ദസഹകരണത്തിനും ഞങ്ങൾ ഈ അവസരത്തിൽ ഞങ്ങളുടെ കൃതജ്ഞതയെ പ്രദർശിപ്പിച്ചുകൊള്ളുന്നു.

# മക്കാളെചെയ്ത ഭാരതവിദ്യഭ്യാസനയ നിശ്ചയം.

(എം. രാമവൎമ്മതമ്പാൻ ബി. എ., എൽ. ടി.)

൧൮൩൫-ാമാണ്ടായിരുന്നു മക്കാളെയുടെ സുപ്രസിദ്ധമൊ കുപ്രസിദ്ധമൊ ആയ വിദ്യാഭ്യാസമിനിട്ട് ബെൻറിങ്ക്പ്രഭു സ്വീകരിച്ചതു്. മക്കാളെനിശ്ചയനയം ഇൻഡ്യയിൽ പാശ്ചാത്യശാസ്ത്രവും സാഹിത്യവും പഠിപ്പിക്കണം, അതു ഇംഗ്ലീഷുഭാഷവഴിവേണം എന്നായിരുന്നു. അക്കാലത്തു് അതിവിദഗ്ദ്ധന്മാരായ പത്തു പേർ അടങ്ങിയ ഒരു കമ്മററി ഈ വിഷയത്തെപ്പററി ഗാഢമായി ആലോചിച്ചു ഒരുകൂട്ടർ, ഇൻഡ്യരെ പഠിപ്പിക്കേണ്ടതു പൌരസ്ത്യശാസ്ത്രസാഹിത്യങ്ങളാണ്, അവയിൽ പുസ്തകങ്ങളുണ്ടാക്കാൻ ഗ്രാൻറു കൊടുത്തു സഹായിക്കണം എന്നു വാദിച്ചു. മറെറാരു കൂട്ടർ പ്രാഥമികവിദ്യാഭ്യാസം അതാതു നാട്ടിലെ ഭാഷകൾവഴി വേണം, ഉപരിവിദ്യാഭ്യാസം ഇംഗ്ലീഷുവഴിയും വേണം എന്നുവാദിച്ചു. ഈ രണ്ടുകൂട്ടരും സമമായി തിരിഞ്ഞു. അഞ്ചുപേർ ഒരുപക്ഷവും, മററെ അഞ്ചുപേർ മറെറപക്ഷവുംപിടിച്ചു വളരെ വാശിയോടുകൂടി വാദപ്രതിവാദം നടത്തി. ഒരുവിധവും ഭൂരിപക്ഷം സമ്പാദിക്കാൻ ഇരുകൂട്ടൎക്കും കഴിഞ്ഞില്ല. ഈ സന്ദൎഭത്തിലായിരുന്നു മക്കാളയെ ആ കമ്മററിയുടെ പ്രസിഡണ്ടായി നിയമിച്ചതു്. കമ്മററിയിലെ അംഗങ്ങളാകട്ടെ പത്തുപേരും സകലരുടേയും ബഹുമാനത്തെ അൎഹിക്കുന്ന സുസമ്മതന്മാരായിരുന്നു. അവിടെ ഒരു മദ്ധ്യസ്ഥത വഹിക്കുക അത്ര എളുപ്പമല്ലല്ലൊ. അദ്ധ്യക്ഷൻെറ നിലയിൽ സംഗതിയുടെ ഗൗരവം മുഴുവൻ ധരിച്ചു്, സകല ചുമതലയുംവഹിച്ചു് മക്കാളെ ഒരു തീരുമാനം ചെയ്തു. അതിൻെറ സാരം ഇതായിരുന്നു:—

കാൎയ്യത്തിന്റെ നില എന്താണ്? നമുക്കു ഇൻഡ്യരെ വിദ്യ അഭ്യസിപ്പിക്കണം. അവരുടെ മാതൃഭാഷകൾ മുഖാന്തരം വിദ്യ അഭ്യസിപ്പിക്കുക അസാദ്ധ്യമാണ്. ഏതെങ്കിലും ഒരു വിദേശഭാഷവഴി വേണം അവരുടെ വിദ്യാഭ്യാസം നിൎവ്വഹിക്കാൻ. ഈ ഉദ്ദേശം സാധിക്കാൻ നമ്മുടെ മാതൃഭാഷയായ ഇംഗ്ലീഷിന്റെ പ്രാപ്തിയേയും അവകാശത്തെയും പററി വിസ്തരിച്ചിട്ടാവശ്യമില്ല. പാശ്ചാത്യരാജ്യങ്ങളിലെ ഭാഷകളിൽ വച്ച് അതു പ്രഥമസ്ഥാനത്തെ തന്നെ അർഹിക്കുന്നുണ്ട്. യവനന്മാർ നമുക്കു തന്നിട്ടുള്ള ഉത്തമകൃതികളെക്കാൾ ഒട്ടും താഴെയല്ല നമ്മുടെ ഭാഷയിലെ കല്പിതകൃതികൾ. പ്രഭാഷണങ്ങളുടെ പല മാതൃകകൾ അതിലുണ്ട്. ചരിത്രസംബന്ധമായൊ ജീവചരിത്രം കഥാകഥനം, ഈ വിഷയങ്ങളിലൊ അതിനെ അതിശയിക്കുന്ന വേറെ ഭാഷയില്ല. സാന്മാർഗ്ഗികമായും രാഷ്ട്രീയമായും ഉള്ള ജ്ഞാനപ്രദാനത്തിനു അതിനോടു കിടപിടിക്കാൻ വേറെ ഭാഷയില്ല. മാനുഷചിന്താഗതികളെ തത്വശാസ്ത്രം, ധർമ്മശാസ്ത്രം, ഭരണശാസ്ത്രം, നീതിശാസ്ത്രം, വ്യാപാരശാസ്ത്രം ഇവയേയും സ്തുത്യർഹമാംവണ്ണം ആ ഭാഷയിൽ പ്രദിപാദിച്ചിട്ടുണ്ട്. ആരോഗ്യത്തെയൊ സുഖത്തേയൊ പുലത്തുന്നതിനു വേണ്ട ശാസ്ത്രീയപരീക്ഷണങ്ങളുടെ വിവരവും ആ ഭാഷയിൽ പരിപൂൎണ്ണവും പരമാൎത്ഥവുമായിട്ടുണ്ട്. മനുഷ്യന് ഏതുവിധം ബുദ്ധിവികാസത്തിനും ഈ ഭാഷ പററിയതാണ്. ആ ഭാഷ അറിയാവുന്നവന്ന് ഒരു മുപ്പതു തലമുറയായി ലോകത്തിൽ എവിടെ എങ്കിലും ലോകത്തിലെ ബുദ്ധിമാന്മാർ നിൎമ്മിച്ചു സമ്പാദിച്ചു പ്രദാനംചെയ്തിട്ടുള്ള ജ്ഞാനഭണ്ഡാഗാരം തുറക്കാൻ തന്റെ ഈ ഭാഷാജ്ഞാനം ഒരു താക്കോലായി ഭവിക്കും. ലോകത്തിൽ ആകപ്പാടെ ൩൦൦ വൎഷങ്ങൾക്കു മുമ്പുണ്ടായിരുന്ന സാഹിത്യങ്ങൾ ഒക്കെ കൂട്ടിച്ചേൎക്കുകയാണെങ്കിൽ അതിൽ കൂടുതലായിരിക്കും ഇന്നു ഇംഗ്ലീഷുഭാഷയിൽനിന്നും കിട്ടാവുന്നതു് എന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയൊ ഭയമൊ വേണ്ട. ഇത്രമാത്രം പോരാ. ഇൻഡ്യയിൽ ഭരണകൎത്താക്കന്മാർ ഇന്നു സംസാരിക്കുന്ന ഭാഷ ഇംഗ്ലീഷാണ്. ഗവണ്മെണ്ടുസ്ഥാപനങ്ങളിൽ ഉയൎന്നതരം നാട്ടുകാരും ഇതു തന്നെയാണു പ്രയോഗിക്കുന്നതു്. പൌരസ്ത്യസമുദ്രങ്ങളിലുള്ള കച്ചവടഭാഷയായിട്ടു തീരാനും അതിനാണിട. ആപ്രിക്കയുടെ തെക്കെ അററത്തും ആസ്ത്രേലേഷ്യയിലും വൎദ്ധിച്ചുവരുന്ന രണ്ടു വലിയ യൂറോപ്യസമുദായക്കാരുടെ ഭാഷയും അതുതന്നെയാണ്. ഈ രണ്ടു സമുദായങ്ങളാണ് ദിനംപ്രതി നമ്മുടെ ഇൻഡ്യൻസാമ്രാജ്യവുമായി കൂടികൂടി അടുത്തു ബന്ധിക്കപ്പെട്ടുവരുന്നതു്. നമ്മുടെ സാഹിത്യത്തിന്റെ യഥാൎത്ഥഗുണം തന്നെ നോക്കിയാലും ഈ രാജ്യത്തിന്റെ പ്രത്യേകനില നോക്കിയാലും ഈ നാട്ടുകാൎക്കു വിദേശഭാഷകളിൽവച്ചു ഇംഗ്ലീഷുഭാഷതന്നെയാണ് അധികം ഉപകാര

പ്രദമാകുന്നതു് എന്നു സാധിക്കാൻ ബലമായ കാരണം ഉണ്ടു്.

ഇപ്പോൾ നമുക്കു തീരുമാനിക്കേണ്ടതു് ഈ ഭാഷ പഠിപ്പിക്കാൻ നമുക്കു കഴിവുള്ളപ്പോൾ- നമ്മുടെ ഭാഷയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ- പുസ്തകദാരിദ്ര്യമുണ്ടെന്നു സർവസമ്മതമായ ഭാഷകൾ നാം പഠിപ്പിക്കണൊ; പാശ്ചാത്യശാസ്ത്രം പഠിപ്പിക്കാൻ നമുക്കു കഴിവുള്ളപ്പോൾ യൂറോപ്യൻശാസ്ത്രങ്ങളിൽനിന്നും ഭിന്നിച്ചിരിക്കുന്ന സംഗതികളിലെല്ലാം മോശമായി കാണുന്ന ഒരു ശാസ്ത്രസമ്പ്രദായം പഠിപ്പിക്കണൊ; സാധുവായ തത്വജ്ഞാനവും യഥാർത്ഥമായ ചരിത്രവും പ്രചരിക്കുന്നതിനു സഹായിക്കാൻ നമുക്കു കഴിവുള്ളപ്പോൾ ഇംഗ്ലണ്ടിലെ ഒരു കുതിരവൈദ്യനുതന്നെ കുറച്ചിൽതോന്നുന്ന വൈദ്യതത്വങ്ങളൊ, ഇംഗ്ലണ്ടിലെ പെൺപള്ളിക്കൂടങ്ങളിലെ ബാലികമാരെ ചിരിപ്പിക്കത്തക്ക ജ്യോതിശാസ്ത്രമൊ, മുപ്പതടി പൊക്കമുള്ളവരും മുപ്പതിനായിരം വഷം ജീവിച്ചിരുന്നവരുമായ രാജാക്കന്മാരുടെ ചരിത്രമൊ, ശക്കര, തേൻ, നൈ ഇവ നിറഞ്ഞ സമുദ്രങ്ങളെ വർണ്ണിക്കുന്ന ഭൂമിശാസ്ത്രമൊ പഠിപ്പിക്കണൊ എന്നാകുന്നു.

നമ്മെ ശരിയായി വഴികാണിക്കാൻ നമുക്കു ചില അനുഭവങ്ങളില്ലായ്കയില്ല. ഇതേമാതിരി സംഗതികളിൽ പൂവ്വികർ ചെയ്തതു് എന്തെന്നു കാണിക്കാൻ ചരിത്രം നമുക്കു രണ്ടു ഉദാഹരണങ്ങൾ കാട്ടിത്തരുന്നുണ്ടു്. അവ രണ്ടും പറയുന്നതു ഒന്നുതന്നെയാണു്. ആധുനികകാലത്തുതന്നെ ഒരു സമുദായത്തിന്റെ മാനസികവദ്ധനയെ അനുകൂലിച്ചതിനും, ദുവ്വാശിയെ ജയിച്ചതിനും, ജ്ഞാനം വിതരണംചെയ്തതിനും, ഔചിത്യബോധം ശുദ്ധീകരിച്ചതിനും ഇതേവരെ അപരിഷ്കൃതവും അജ്ഞാതവുമായിരുന്ന രാജ്യങ്ങളിൽ ശാസ്ത്രങ്ങളും കലകളും സ്ഥാപിച്ചതിനും രണ്ടു സ്മർത്തവ്യമായ ഉദാഹരണങ്ങൾ ചരിത്രം ചൂണ്ടിക്കാണിക്കുന്നുണ്ടു്.

ഒന്നാമത്തെ ഉദാഹരണം പതിനഞ്ചാംശതകാവസാനത്തിലും പതിനാറാംശതകാരംഭത്തിലും പാശ്ചാത്യരാജ്യങ്ങളിലുണ്ടായ ജ്ഞാനാഭ്യുദയം തന്നെയാണു്. അക്കാലത്തു അറിയേണ്ടതൊക്കെ യവനന്മാരുടേയും റോമന്മാരുടേയും സാഹിത്യങ്ങളിലടങ്ങിയിരുന്നു. നമ്മുടെ അന്നത്തെ പൂവ്വന്മാർ ഇതേവരെ ഇവിടത്തെ കമ്മററിക്കാർ പ്രവൃത്തിച്ചിരുന്നതുപോലെ പ്രവൃത്തിച്ചിരുന്നു എങ്കിൽ, അവർ സിസറൊ, ടാസിററസ് മുതലായവരുടെ ഭാഷ ഉപേക്ഷിച്ചു് അവരുടെ ദ്വീപിലുണ്ടായിരുന്ന നാട്ടുപേച്ചുകളിൽ തന്നെ പഠിത്തം നടത്തിയിരുന്നു എങ്കിൽ, അവർ സവ്വകലാശാലകളെപ്പററി ഒന്നും അച്ചടിച്ചു പ്രസിദ്ധംചെയ്തിരുന്നില്ലെങ്കിൽ, ആംഗ്ലൊസാക്സന്മാരുടെ ഗ്രന്ഥവരികളും നാമ്മൻഫ്റഞ്ചുകാരുടെ കെട്ടുകഥകളുംമാത്രം പഠിപ്പിച്ചിരുന്നു എങ്കിൽ നമ്മുടെ ഇംഗ്ലണ്ടു ഇന്നത്തെനിലയ്ക്കെത്തുമായിരുന്നുവോ? അന്നത്തെ പ്രമാണികളായിരുന്ന മോർ, ആസ്ചാം, മുതലായവർ ഗ്രീക്കു

ഭാഷയും ലത്തീൻഭാഷയും എങ്ങിനെ ആയിരുന്നുവോ ആ സ്ഥാനംതന്നെയാണു ഇൻഡ്യരെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷു വഹിക്കുന്നതു്. ഇന്നത്തെ ഇംഗ്ലീഷുസാഹിത്യം അന്നത്തെ പുരാതനഭാഷാസാഹിത്യങ്ങളെക്കാൾ ഒരുവിധത്തിൽ കുറെക്കൂടി പ്രാധാന്യം കൂടിയതാണ്. സംസ്കൃതസാഹിത്യം നമ്മുടെ പൂർവ്വികരായ സാക്സൻമാരുടെയും നാർമ്മൻമാരുടേയും സാഹിത്യങ്ങളോളം തന്നെ വിലയുള്ളതാണോ എന്നു ഞാൻ സംശയിക്കുന്നു. ചരിത്രം മുതലായ ചില വകുപ്പുകളിൽ ആ ഭാഷാസാഹിത്യങ്ങളിലും വളരെ താഴെയാണ് സംസ്കൃതസാഹിത്യം എന്ന് എനിക്കു നിശ്ചയമുണ്ട്.

മറെറാരുദാഹരണം ഇന്നു നാം കണ്ടുകൊണ്ടിരിക്കുന്ന ഒന്നുതന്നെയാണ്. ഇക്കഴിഞ്ഞ ഒരുനൂററിരുപതു വർഷങ്ങൾക്കിടക്ക്, ക്രൂശ്ശ്യുദ്ധകാലത്തിനു മുമ്പുണ്ടായിരുന്ന നമ്മുടെ പൂർവ്വികരെപ്പോലെ അപരിഷ്കൃതരായിരുന്ന ഒരുകൂട്ടരുണ്ടായിരുന്നു, അജ്ഞാനത്തിൽനിന്നും ഉണർന്നുവന്ന നാകരീകതയുള്ള ജനതയുടെ ഇടയിൽ ഒരു സ്ഥാനം ഇതാ ആ ജനത കയറി പ്രാപിച്ചിരിക്കുന്നു. ആ ജനത റഷ്യയിലെ ജനതയാണ്. ഇന്ന് ആ രാജ്യത്തു വിദ്യാഭ്യസ്തരായ ഒരു വിപുലജനവിഭാഗം ഉണ്ട്. അവർ രാജ്യഭരണത്തിൽ വലിയ ഉദ്യോഗങ്ങൾ ഭരിക്കാൻ പ്രാപ്തന്മാരാണ്. ഈ വിഷയത്തിൽ ലണ്ടനിലും പാരീസിലും ഉള്ള യോഗ്യന്മാരെക്കാൾ ഒരുവിധത്തിലും ഇവർ താഴ്ന്ന നിലക്കാരല്ല. റഷ്യാ സാമ്രാജ്യം നമ്മുടെ പിതാമഹന്മാരുടെ കാലത്തു പഞ്ചാബിനോളം പരിഷ്കൃതമല്ലായിരുന്നു. അതു നമ്മുടെ പൌത്രന്മാരുടെ കാലത്തു പരിഷ്കാരംകൊണ്ടു ലണ്ടനെയും പാരിസ്സിനെയും തന്നെ സമീപിച്ചേക്കുമെന്നും അതിശയിച്ചേക്കുമെന്നും വിചാരിക്കാൻ കാരണം കാണുന്നുണ്ട്. ഇതു് എങ്ങിനെ സാധിച്ചു?. അവരുടെ സാമുദായികദുരഭിമാനങ്ങളേയും ദുശ്ശാഠ്യങ്ങളേയും പുകഴ്ത്തിയല്ല, അവരുടെ പൂർവ്വന്മാർ വിശ്വസിച്ചിരുന്ന പഴങ്കഥകളെ അവരുടെ കുട്ടികളെ പഠിപ്പിച്ചുമല്ല, നിക്കോലാസ് പുണ്യാളൻെറ കള്ളക്കഥകൾ വിശ്വസിപ്പിച്ചുമല്ല, ഭൂമിയെ സൃഷ്ടിച്ചതു സെപ്റ്റംബർ ൧൩-ാം൹ യാണോ അല്ലയോ എന്ന മഹാകാര്യം തീരുമാനിക്കാൻ പ്രോത്സാഹിപ്പിച്ചുമല്ല, അവരെ ഈവക അറിവു സമ്പാദിച്ചുകഴിഞ്ഞാൽ 'വിദ്വാന്മാരായ നാട്ടുകാർ' എന്ന് വിളിച്ചു പുകഴ്ത്തിയുമല്ല, ഇതു് സാധിച്ചതു്. പിന്നെയോ, അവരെ ജ്ഞാനം നിക്ഷിപ്തമായിരുന്ന വിദേശഭാഷകൾ പഠിപ്പിച്ചു സകല അറിവും അവൎക്കു ലഭ്യമാക്കിയിട്ടാണ്. യൂറോപ്പിലെ പടിഞ്ഞാറൻരാജ്യങ്ങളിലെ ഭാഷകളാണു റഷ്യയെ നാഗരികരിച്ചതു്. അന്നത്തെ താർത്തർക്കു ആ ഭാഷകൾ ചെയ്ത ഗുണംതന്നെ അവ ഇന്നു ഹിന്ദുക്കൾക്കും ചെയ്യുമെന്നു എനിക്കു തീർച്ചയാണ്.

ഈ മിനിട്ടുമേൽ ൧൮൩൫-ാമാണ്ടു മാർച്ച് ഏഴാംതീയതി ഗവർണർ ജനറാളായ ബെൻറിങ്ക് പ്രഭു ഇട്ട ഉത്തരവു് ഇപ്രകാരമായിരുന്നു.

"ബ്രിട്ടീഷുഗവമെന്മെണ്ടിൻെറ മുഖ്യമായ ഉദ്ദേശം ഇൻഡ്യയിലെ നാട്ടുകാരെ യൂറോപ്യൻശാസ്ത്രവും സാഹിത്യവും പഠിപ്പിക്കയാകുന്നു."

മേൽവിവരിച്ച മിനിട്ടിൽ മക്കാളെ പ്രദശിപ്പിക്കുന്നതായി ഇൻഡ്യയെപ്പററിയൊ സംസ്കൃതസാഹിത്യശാസ്ത്രങ്ങളെ പററിയൊ ഉള്ള പരിതാപകരമായ അജ്ഞത പ്രത്യക്ഷമാണല്ലൊ. അദ്ദേഹം ഉദ്ധരിച്ച യുക്തി സമ്മതിക്കാമെങ്കിൽതന്നെ യൂറോപ്പിലെ പടിഞ്ഞാറൻരാജ്യങ്ങൾ ഗ്രീക്കുകാരുടേയും റോമന്മാരുടേയും ഭാഷകളും സാഹിത്യങ്ങളും പഠിക്കയായിരുന്നു. സ്വതന്ത്രമായി പഠിക്കയായിരുന്നു. റഷ്യക്കാരും വിദേശഭാഷാസാഹിത്യങ്ങൾ സ്വതന്ത്രമായി പഠിക്കയായിരുന്നു. ഇൻഡ്യയാകട്ടെ യൂറോപ്യൻസാഹിത്യവും ശാസ്ത്രവും സ്വതന്ത്രമായി പഠിക്കയായിരുന്നെങ്കിൽ കഥ ഒന്നു വേറെ. പിന്നെ ഗ്രീക്കുകാരും റോമാക്കാരും അവരുടെ ശാസ്ത്രങ്ങളും സാഹിത്യങ്ങളും മക്കാളെയെപ്പോലെ ഓരോ രാജ്യങ്ങളേയും പൂർവ്വകഥ വിസ്മരിച്ച് നിർബന്ധിച്ചു പഠിപ്പിച്ചിരുന്നു എങ്കിൽ കഥ എന്തായിരുന്നിരിക്കുമോ ആവോ?.

പിന്നെ ഈ ഭാഷകളും സാഹിത്യങ്ങളും ആ രാജ്യങ്ങളിൽ ചെന്ന കാലത്തിലെ ജനങ്ങൾ പാരമ്പര്യമായി ആജ്ജിച്ചിരുന്ന ജ്ഞാനവും ഇൻഡ്യാക്കാർ പൂർവ്വന്മാർ മുമ്പു ആജ്ജിച്ചിരുന്ന ജ്ഞാനവും തമ്മിൽ സ്വല്പം ഒരു വ്യത്യാസമുണ്ടായിരുന്നതു മക്കാളെ അറിഞ്ഞില്ല. ഒന്നു അജ്ഞാനമായിരുന്നു. മററതു ജ്ഞാനവുമായിരുന്നു. മക്കാളയ്ക്കു യൂറോപ്യൻസാഹിത്യങ്ങളിലും ശാസ്ത്രങ്ങളിലും ഉണ്ടായിരുന്ന അറിവു സംസ്കൃതസാഹിത്യത്തിലും ശാസ്ത്രത്തിലും ഉണ്ടായിരുന്നു എങ്കിൽ ഇൻഡ്യയിലെ കുതിരവൈദ്യനും ബാലികാവിദ്യാലയങ്ങളിലെ ബാലികമാരും പരിഹസിച്ചു ചിരിക്കത്തക്ക അഭിപ്രായം അദ്ദേഹം പ്രകടിപ്പിക്കയില്ലായിരുന്നു. ഇംഗ്ലീഷുകാർ രാഷ്ട്രീയസ്വാതന്ത്ര്യം അപഹരിച്ച്, സാമുദായികമായും സാമ്പത്തികമായും അടിമസ്ഥാനത്തിൽ വച്ചുകൊണ്ടിരിക്കുന്ന ഇൻഡ്യർ ഇംഗ്ലീഷുപഠിച്ചു ഇത്രതന്നെ കേമന്മാരായതു് അവരുടെ പൂർവ്വാജ്ജിതമായ നാകരീകത്വത്തിൻെറയും ജ്ഞാനത്തിൻെറയും മാഹാത്മ്യംകൊണ്ടു തന്നെയല്ലെ?.

ഒരു ഫലം മക്കാളെയുടെ നയം ഉണ്ടാക്കി. ഇൻഡ്യാക്കാക്ക് അഗാധമായ ജ്ഞാനാന്വേഷണം ഉണ്ടാക്കിത്തീത്ത ഭൌതികകാര്യങ്ങളിലെ അനാസ്ഥ നശിപ്പിക്കാൻ പാശ്ചാത്യശാസ്ത്രസാഹിത്യപഠനം പര്യാപ്തമായി. ഇന്നു നാം കാണുന്ന രാഷ്ട്രീയാസക്തിയും, സ്വാതന്ത്ര്യമോഹവും, സാമ്പത്തികപുനരുദ്ധാരണനിശ്ചയവും, സ്വരാജ്യസ്നേഹവും ഇവയെല്ലാം ജ്ഞാനാധിക്യത്താൽ നിരാശയിലേക്കു വലിഞ്ഞുപോയിരുന്ന ഇൻഡ്യരെ തടഞ്ഞു തിരിക്കാൻ പാശ്ചാത്യസാഹിത്യചരിത്രങ്ങൾ അവരെ സഹായിച്ചിട്ടുണ്ട്.

സ്ഥിരമായ പുരോഗതിക്ക് ആത്മികജ്ഞാനവും ഭൗതീകജ്ഞാനവും ഒരുപോലെ ആവശ്യമാണ്. ഒന്നുപേക്ഷിച്ചാൽ മറേറതു് ഒരു ജനതയെ ബലമായി വലിച്ച് ഒരു കുണ്ടിൽ ചാടിക്കും. യൂറോപ്യർ ഭൌതികജ്ഞാനം കൊണ്ടുതന്നെ യൂറോപ്പ നശിക്കാൻപോയകാലത്താണ് ക്രിസ്തുമതവും, യവനജ്ഞാനവും, റോമൻജ്ഞാനവും അവരുടെ നാശത്തെ തടഞ്ഞു പുരോഗതി സാധ്യമാക്കിയതു്. അതുപോലെ ഇൻഡ്യയും ഭൌതികജ്ഞാനത്തെ നിരാകരിച്ചു ആത്മികജ്ഞാനത്തിനു മാത്രം അതിരററ വില കല്പിച്ചപ്പോൾ അവർ കണ്ടവരുടെ അടിമകളായി. തങ്ങൾ നിരാകരിച്ച ഭൌതികജ്ഞാനവും തങ്ങൾ ബഹുമാനിച്ചിരുന്ന ആത്മികജ്ഞാനവും അവക്ക് ഒരുപോലെ നഷ്ടമായി. രണ്ടുതരം ജ്ഞാനവും ഇൻഡ്യക്ക് ഇന്നു സുപരിചിതമായിരിക്കുന്ന അടിമത്തം കളഞ്ഞു്, ഈ രണ്ടുതരം ജ്ഞാനങ്ങളാകുന്ന അംശങ്ങളാൽ അവരുടെ അഭ്യുദയരഥം വലിക്കപ്പെട്ടുമ്പോൾ-, അവർ പുരോഗതി പ്രാപിക്കും. അടിമത്തം മവ്വമത-ൽ ഇൻഡ്യയിൽ സ്ഥാപിക്കാനും ഇവിടത്തെ സ്വത്തു 'ന്യായംവാ, അന്യായംവാ' കടത്താനും മാത്രമല്ലാതെ എല്ലൻബറൊപ്രഭു മക്കാളയെതന്നെ ഉപദേശിച്ചതും അദ്ദേഹം മറന്നുപോയതുമായ തത്വം അദ്ദേഹം ഓർത്തിരുന്നു എങ്കിൽ നാകരീകത്വദശയിൽ വളരെ, അല്ല, വേണ്ടതിലധികം മുമ്പോട്ടു പോയിരുന്ന ഇൻഡ്യരെ പരിഷ്കാരപന്ഥാവിൽ നയിക്കാനും മക്കാളെയുടെ ദീർഘദർശിത്വം അദ്ദേഹത്തിനെ കാണിച്ചു, ഇംഗ്ലീഷുഭരണാവസാനകാലം ഇതിനു വളരെ മുമ്പെ വരുത്താനും അദ്ദേഹത്തിന് സാധിക്കുമായിരുന്നു. ഉദ്ദേശശുദ്ധിയോടുകൂടി മക്കാളെ ചെയ്ത ശ്രമം അദ്ദേഹത്തിനു ഇൻഡ്യയെപററിയുണ്ടായിരുന്ന അജ്ഞതയാൽ ഏറക്കുറെ വിഫലമായിപ്പോയി. അദ്ദേഹത്തെ ശകാരിക്കയല്ല ഇന്നു ഇൻഡ്യർ ചെയ്യേണ്ടതു്. അദ്ദേഹത്തിൻെറ അജ്ഞതയിൽ ഒരു ദയനീഭാവത്തോടുകൂടി അദ്ദേഹത്തിൻെറ പ്രവൃത്തിയിൽനിന്നും അപ്രതീക്ഷിതമാണെങ്കിലും ഉണ്ടായ സൽഫലത്തിനു കൃതജ്ഞരാകയാണ് നാം ചെയ്യേണ്ടതു്.

# ഭാഷാസാഹിത്യത്തിൻെറ ഇന്നത്തെ ആവശ്യം.

[ആർ. ഈശ്വരപിള്ള ബി. എ.]

ഏതു ഭാഷയും ഭാഷാസാഹിത്യവും, അവയെ കൈകാര്യം ചെയ്യുന്ന ജനസമുദായവും, പരിഷ്കാരവിഷയത്തിൽ ഒരേ ഘട്ടത്തിൽതന്നെ ഇരി

ക്കേണ്ടതാണ്. ഒരു ഭാഷ അതുപയോഗിക്കുന്ന ജനങ്ങളുടെ മാനസികാവശ്യങ്ങളെയെല്ലാം വേണ്ടതുപോലെ നിവ്വഹിക്കുന്നതിനു പര്യാപ്തമായും ഇരിക്കണം. ഭാഷയും സാഹിത്യവും ഒരു ഘട്ടത്തിലും ജനസമുദായം മറെറാരു ഘട്ടത്തിലും വത്തിക്കുന്നതായ ദൃഷ്ടാന്തങ്ങൾ ലോകത്തിൽ വളരെ അപൂവ്വമാണെന്നുതന്നെ പറയാം. സംസ്കൃതം, ഗ്രീക്ക്, ലാററിൻ മുതലായ ഭാഷകളിലുള്ള സാഹിത്യങ്ങൾ നോക്കുന്നതായാൽ, അവയുടെ ഉടമസ്ഥന്മാർ പരിഷ്കാരവിഷയത്തിൽ ഏതു ഘട്ടത്തിലിരുന്നുവെന്നു തീർച്ചയായും ഗ്രഹിക്കാം. ഭാഷ, മനുഷ്യ ചിന്തകളേയും വികാരങ്ങളേയുംമററും പ്രതിഫലിപ്പിക്കുന്ന ദപ്പണമാണ്. എന്നാൽ മലയാളഭാഷയെ സംബന്ധിച്ച് ഇതു എത്ര മാത്രം വാസ്തവമാണെന്നും നോക്കാം. ഇന്നു മലയാളഭാഷ നമ്മുടെ മാനസികാവശ്യങ്ങളെയെല്ലാം നിർവ്വഹിക്കുന്നതായി പറയാൻ തരമില്ല. വചോരൂപേണയും, ലേഖനരൂപേണയുംമററുമുള്ള ചിന്താവിനിമയം, ബുദ്ധിസംസ്കരണം, ജ്ഞാനസമ്പാദനം, സംരക്ഷണം, വദ്ധനം മുതലായ നമ്മുടെ ആവശ്യങ്ങൾ വേണ്ടതുപോലെ ഇന്നു മലയാളഭാഷ നിർവ്വഹിക്കുന്നില്ലെന്നുള്ളതു് തക്കമില്ലാത്ത സംഗതിയാണ്. ഇന്നു ഉൽകൃഷ്ടവിദ്യാഭ്യാസം ഏതു ഭാഷ മുഖേനയാണു നാം നടത്തുന്നത്? എഴുത്തുകുത്തുകൾ മിക്കവാറും ഏതു ഭാഷയിലാണ്? അഭ്യസ്തവിദ്യന്മാരെന്നഭിമാനിക്കുന്നവർ വായിക്കുന്ന ഗ്രന്ഥങ്ങളും പത്രങ്ങളും ഏതു ഭാഷയിലുള്ളവയാണ്? ചുരുക്കത്തിൽ മലയാളഭാഷയുടെ മൂലസ്ഥാനമായ കേരളത്തിൽ അതിന്റെ വ്യാപ്തി എത്രയോ ഹ്രസ്വമാണ്! ഇതിനു കാരണം എന്തായിരിക്കാം? ലോകത്തിന്റെ മിക്കഭാഗങ്ങളിലും വ്യാപിച്ചിരിക്കുന്ന ഒരു ഭാഷ ഇന്നു നമ്മുടേയും നമ്മുടെ ഭാഷയുടേയും മേൽ അധികാരം വഹിക്കുന്നു. ഇതിന്റെ മഹാഛായയിൽ വളർച്ചക്കു വേണ്ട വായുവും പ്രകാശവും ലഭിക്കാതെ മലയാളഭാഷ ഇന്നു മുരണ്ടു നില്ക്കുകയാണ്. മററുള്ള പോഷകാംശങ്ങളും വേണ്ടിടത്തോളം കിട്ടുന്നില്ല. ഭാഷയ്ക്കു സ്വച്ഛന്ദം വളരുന്നതിന് ഈ നിലയിൽ സൌകര്യം വളരെ കുറവാണ്. നാം അന്യഭാഷയുടെ സഹായംകൊണ്ടു നമ്മുടെ മാനസികാവശ്യങ്ങളെ നിർവ്വഹിക്കുന്നതായാൽ മലയാളത്തിന് അതിനു അർഹതയുള്ള സ്ഥാനം ലഭിക്കാതെപോകുന്നു. ഇങ്ങിനെയുള്ള പ്രതിബന്ധങ്ങൾ ഇരുന്നിട്ടും നമ്മുടെ മാതൃഭാഷ ഇന്ന് അഭിവൃദ്ധിമാർഗ്ഗത്തിലേക്കു പതുക്കെ കാൽ എടുത്തുവച്ചിരിക്കയാണ്. ഭാഷയിൽ ഒട്ടേറെ ഗ്രന്ഥങ്ങൾ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നു സമ്മതിക്കാം. ഗദ്യങ്ങളെപോലെ പദ്യങ്ങളും ഒട്ടും കുറവല്ല. പലതരത്തിലുള്ള ഏതാനും സാഹിത്യകാരന്മാർ ഇന്നു ഭാഷാകേദാരത്തിൽ വേലക്കു ഇറങ്ങീട്ടുണ്ട്. ഇവരുടെ പ്രയത്നഫലം എങ്ങിനെയിരുന്നാലും ഏറക്കുറെ നാം അനുഭവിക്കുന്നുമുണ്ട്. എന്നാൽ ബേക്കൺപ്രഭു പറയുന്നതുപോലെ, ഇവയിൽ രുചി

നോക്കാവുന്നവ എത്രയെന്നും, ഒന്നായി വിഴുങ്ങാവുന്നവയെത്രയെന്നും,
ചർവ്വണംചെയ്ത് അവയുടെ പോഷകാംശം ഗ്രഹിക്കാവുന്നവ എത്രയെന്നും
ഇപ്പോൾ തീർച്ചയായിപറവാൻ നിവൃത്തിയില്ല. . സാഹിത്യഭണ്ഡാരത്തി
ന്റെ ഒരു ശരിയായ പര്യവേക്ഷണം ഇതേവരെ ആരെങ്കിലും ചെയ്തിട്ടു
ണ്ടോ എന്ന സംശയമാണ്. അവയിൽ ഭൂരിഭാഗവും പാരായണത്തിന
ധീനങ്ങളാകാതെ ഉപേക്ഷിതങ്ങളായി കിടക്കുകയാണെന്നുവേണം വിചാ
രിക്കാൻ. കാരണം, നമ്മുടെ ഇടയിൽ ഗ്രന്ഥപാരായണാഭിരുചി ഇനിയും
ഉണ്ടായിട്ടില്ല. അങ്ങുംഇങ്ങും അപൂർവ്വം ചിലർ ഉണ്ടായിരിക്കാം. അവർ
ഇംഗ്ലീഷുപുസ്തകങ്ങളെ ആവേശത്തോടുകൂടി ആസ്വദിക്കുന്നവരുമാണ്.
ഭാഷാസാഹിത്യം അവർക്ക് ഒട്ടും രുചികരമല്ല. ഇന്നു നിരർഗ്ഗളമായി ഉ
ണ്ടായികൊണ്ടിരിക്കുന്ന ഒരുതരം പാകംവരാത്ത പദ്യങ്ങളും നവത്വമില്ലാ
ത്ത നോവലുകളും വായിച്ചു രസിക്കുന്നവർ പക്ഷെ ഇല്ലെന്നുപറവാൻ തര
മില്ല. വായനക്കാർ ഇത്തരക്കാരാകകൊണ്ട് എഴുത്തുകാരും പ്രായേണ
അവരുടെ ഹിതാനുകാരികളായിട്ടിരിക്കാനെ തരമുള്ളു. ഭാഷാഭിവൃദ്ധി
ഏതുഭാഷയിലും ഒട്ടുമുക്കാലും ഉത്തമങ്ങളായ ഗദ്യകൃതികളെ ആശ്രയിച്ചാ
ണിരിക്കുന്നത്. സാഹിത്യകാരന്മാർ അതാതുകാലത്തിന്റെ പ്രവക്താക്ക
ന്മാരാണ്. പദ്യങ്ങൾക്കുള്ള കാലം ഇപ്പോൾ അതീതമായിക്കഴിഞ്ഞു. കാളി
ദാസനും, ഭവഭൂതിയും, ഷെക്സ്പീയരും, ഹോമറും ഇപ്പോൾ ഉണ്ടായി
ക്കാണാത്തതിനുള്ള കാരണം ഇതുതന്നെയാണ്. മനുഷ്യവർഗ്ഗത്തിന്റെ ശൈ
ശവാവസ്ഥ, പ്രതിഭാപ്രധാനമായ ലോകാവലോകനകാലമായിരുന്നു. അ
ന്നു മനുഷ്യനു പ്രകൃതിയുമായിട്ടുണ്ടായിരുന്ന സഖ്യവും സാമീപ്യവും പ്രതിഭാ
ശക്തിയെ ഉജ്ജ്വലിപ്പിക്കുന്നതിന് ഉപയുക്തവുമായിരുന്നു. ഇന്നു മനുഷ്യ
വർഗ്ഗം ആ ഘട്ടത്തെ ലംഘിച്ചു വളരെദൂരം കടന്നിരിക്കയാണ്. ഇന്നു
ചിന്താദർപ്പണത്തിൽ കൂടിയാണ് നാം ലോകത്തെ വീക്ഷിക്കുന്നത്. ജീ
വിതം ഇന്നു പണ്ടത്തെപ്പോലെ സുസാധമായിട്ടല്ലാ—ശ്രമസാധമായി
ട്ടാണിരിക്കുന്നത്. പ്രകൃതിയുടെ രമ്യതയല്ല ഇന്ന് അതിന്റെ ഉപയോഗത
യാണ് മനുഷ്യശ്രദ്ധയ്ക്കധീനമായിത്തീർന്നിരിക്കുന്നത്, ജ്ഞാനസമ്പാദനവും
തദ്വാരാ ജീവസന്ധാരണവുമാണ് മനുഷ്യന്റെ പ്രഥമചിന്ത. ഇന്നു ജീവി
തത്തിന്റെ പരുഷഭാഗത്തോടാണ് നമുക്കിടപെടേണ്ടത്. ഇക്കാല
ത്തിനനുരൂപമായ സാഹിത്യമാണ് ഇന്നു ധാരാളമായി വേണ്ടത്. ഇതുനി
മിത്തം എല്ലാ ഭാഷകളിലും ഇന്നു ഗദ്യസാഹിത്യമാണ് അധികമായി
ഉണ്ടായിക്കൊണ്ടിരിക്കുന്നത്. എന്നാൽ മലയാളഭാഷയിൽ ഇങ്ങിനെ
യാണൊ എന്ന് അല്പം സംശയം ഉണ്ട്. വൃത്തവും മാത്രയും ഒപ്പിച്ചും ചി
ന്തയെ വർജ്ജിച്ചും എഴുതപ്പെടുന്ന ഒരുതരം പദ്യങ്ങളാണിന്നധികവും.
ആരും വായിക്കാൻ ഭാവമില്ലെങ്കിൽ വിദ്യാർത്ഥികളുണ്ടല്ലൊ. അധികൃത

ന്മാർ ആജ്ഞാപിച്ചാൽ അവക്ക് വായിക്കാതിരിക്കാൻ തരമില്ലല്ലൊ. എഴുത്തുകാരിൽ അധികംപേരും "ദീപസ്തംഭംമഹാശ്ചര്യ്യ"ക്കാരാണ്. ഈവിധമല്ലാതെ വിഷയഗൌരവംകൊണ്ടും ചിന്താപ്രാചുര്യ്യംകൊണ്ടും വിജ്ഞാനവിഭവംകൊണ്ടും പ്രൌഢങ്ങളായ ഗദ്യസാഹിത്യഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇന്നു എത്രയുണ്ടെന്നു നോക്കുന്നതായാൽ അല്പം ഇച്ഛാഭംഗത്തിനിടയാകയുള്ളുവെന്നാണു തോന്നുന്നതു്. ഒരു വള്ളത്തോളൊ, ഒരു ഉള്ളൂരൊ, ഒരു സി. വി. യൊ, ഒരു അപ്പൻതമ്പുരാനൊ, ഒരു പി. കെ. യൊ അങ്ങുമിങ്ങും ഉണ്ടായിരിക്കാം. എന്നാൽ ഒരു ഭാഷയിൽ നാലൊ, അഞ്ചൊ സാഹിത്യകാരന്മാരുണ്ടായാൽ സാഹിത്യാഭിവൃദ്ധിക്ക് എത്രമാത്രം മതിയാകുമെന്നു ആലോചിക്കേണ്ടതാണ്. ഇന്നു പലരും പ്രതിവർഷം "പാഠ്യപുസ്തകം നിർദ്ദേശിക്ക" എന്നുള്ള ഏർപ്പാടിന്റെ ആകർഷണശക്തിയേററു ഭാഷാസാഹിത്യത്തിൽ തിക്കിത്തിരക്കി കയറുന്നുണ്ടെന്നുള്ളതു മറച്ചുവയ്ക്കത്തക്ക ഒരു സംഗതിയല്ല. എന്നാൽ ഇത്തരം വിദ്വാന്മാരിൽ എത്രപേർ ഭാഷാസാഹിത്യത്തെ പുഷ്ടിപ്പെടുത്തുന്നതിലും ഉയർത്തുന്നതിലും ഭാഗഭാക്കുകളായിരിക്കുന്നുണ്ടെന്നു അന്വേഷിച്ചു*തന്നെ അറിയേണ്ടിയിരിക്കുന്നു. പക്ഷെ അന്വേഷിച്ചാൽ തന്നേയും വലിയ ഫലമുണ്ടെന്നു തോന്നുന്നില്ല. പുരോഗമനോന്മുഖമായ ഏതൽകാലത്തിനുചിതങ്ങളായ എന്തെല്ലാം ഗ്രന്ഥങ്ങൾ നമുക്കിന്നുണ്ടാകേണ്ടിയിരിക്കുന്നു. ജീവചരിത്രം, രാജ്യചരിത്രം, രാജ്യതന്ത്രം, ധനശാസ്ത്രം, മററു നാനാവിധശാസ്ത്രങ്ങൾ, വ്യവസായം കൃഷി മുതലായ വിഷയങ്ങളെപററിയുള്ള ഗ്രന്ഥങ്ങൾ, ആഖ്യായികകൾ സാമുദായികതത്വങ്ങൾ, സഞ്ചാരവിവരണങ്ങൾ, ലോകത്തിലുള്ള നവീനപ്രസ്ഥാനചരിത്രങ്ങൾ, ഹൃദ്യങ്ങളും വിജ്ഞാനപ്രദങ്ങളുമായ കഥകൾ, ഭാഷാചരിത്രം, സാഹിത്യചരിത്രം മുതലായി ഇന്നത്തെ ലോകസ്ഥിതി പ്രതിബിംബിക്കുന്ന ഉത്തമങ്ങളായ ഗദ്യഗ്രന്ഥങ്ങളാണ് ഇന്നു മലയാളഭാഷയിൽ ഉണ്ടാകേണ്ടിയിരിക്കുന്നതു്. മലയാളഭാഷയെ ഉൽകൃഷ്ടസ്ഥാനത്തിലേക്കു നയിക്കുന്നതിന് ഇത്തരം ഗ്രന്ഥങ്ങൾ ഉണ്ടാകേണ്ടതത്യാവശ്യമാണ്. പത്തൊ, പന്ത്രണ്ടൊ വരി പദ്യംഎഴുതുകയൊ കഥയില്ലാത്ത നോവലെഴുതുകയൊ ചെയ്താൽ എല്ലാം തികഞ്ഞുവെന്നു വിചാരിക്കുന്നതു് അബദ്ധമാണ്. എന്നാൽ മേൽപറഞ്ഞവിധമുള്ള ഗ്രന്ഥങ്ങൾ രചിക്കുന്നതിനു അനല്പമായ ഗവേഷണബുദ്ധിയും ശ്രമവും സ്വാർത്ഥത്യാഗവും കൂടാതെ കഴികയില്ല. നല്ല കാര്യങ്ങൾ ഒന്നും ഇവകൂടാതെ സാധിച്ചതായി അറിവില്ല. നമ്മുടെ ഇടയിൽ ഭാഷാഭിമാനികളും അഭിജ്ഞന്മാരും ഇല്ലാതില്ല. എന്നാൽ സംഗതിവശാൽ ഇവരിൽ മിക്കവരുടേയും പാണ്ഡിത്യവും, ബുദ്ധി

* ഇവരിൽ ഭൂരിഭാഗവും മലയാളഭാഷയുടെ 'ഗന്ധം' പോലുമില്ലാത്തവരാണ്.

(ഗ്രന്ഥനാഥൻ പ്രവർത്തകന്മാർ)

വൈഭവവും, വാസനയും, ഭാഷാജ്ഞാനവും ഉദ്യോഗത്തിനടിയിൽ ഉപയോഗമില്ലാതെ കിടന്നു തുരുമ്പുപിടിക്കയാണു് ഇന്നു ചെയ്യുന്നതു്. ഭാഷക്കുണ്ടാകാവുന്ന എത്രമാത്രം ഗുണം ഇങ്ങിനെ നഷ്ടപ്പെട്ടുപോകുന്നു! ഇതിനുള്ള കാരണം, സാഹിത്യം നമുക്കു ധനവും പ്രാഭവവും നൽകുന്നില്ലെന്നുള്ള പലരുടേയും ഇന്നത്തെ ഒരു മനസ്ഥിതിതന്നെ ആയിരിക്കണം. ഉദ്യോഗത്തിനുണ്ടെന്നു വിചാരിക്കുന്ന ഗൌരവം സാഹിത്യത്തിനില്ലെന്നു വിചാരിക്കുന്ന ഗണ്യതയും യഥാൎത്ഥത്തിൽ അസ്ഥാനത്തിലാണു്. ഉദ്യോഗവും സാഹിത്യവും തമ്മിൽ യോജിക്കാത്തവിധം അത്ര അകൽച്ച ഉണ്ടെന്നു തോന്നുന്നില്ല എന്നാൽ സൂക്ഷ്മം നോക്കുന്നതായാൽ ഒരുദ്യോഗസ്ഥസാഹിത്യകാരനേക്കാൾ ഉത്തമൻ ഒരു സാഹിത്യകാരനായ ഉദ്യോഗസ്ഥനാണെന്നു വേണം പറവാൻ. ഉദ്യോഗസ്ഥൻെറ സങ്കുചിതമനസ്ഥിതിക്കു സാഹിത്യകാരൻെറ സുവിസ്തൃതമനസ്ഥിതി ഒരു പ്രത്യൌഷധമായി പലപ്പോഴും തീരാറുണ്ടു്. സാഹിത്യകാരന്മാരായ ഉദ്യോഗസ്ഥന്മാർ ഇന്നു നമുക്കില്ലാതേയുമില്ല. പക്ഷെ അവർ സാഹിത്യത്തേക്കാൾ ഉദ്യോഗത്തെയാണു് അധികം കാൎയ്യമായിവിചാരിക്കുന്നതു്. എന്നാൽ ഇവർ ഉദ്യോഗത്തിൽനിന്നും പിരിഞ്ഞാലെങ്കിലും സാഹിത്യവിഷയത്തിൽ അവരുടെ ശ്രദ്ധ മുഴുവനും വിനിയോഗിക്കുമെന്നു ആശിക്കാം. പക്ഷെ ഉദ്യോഗം നീട്ടലും വയസ്സു നീട്ടലും മററും കഴിഞ്ഞാൽ എത്രപേരാണു് അല്പമെങ്കിലും ബുദ്ധിശക്തിയോടും ദേഹശക്തിയോടുംകൂടി ജീവിച്ചിരിക്കുന്നതു്! അതുകൊണ്ടു് ഈ ആശയ്ക്കും വഴിയില്ലെന്നാണു വരുന്നതു്.

എല്ലാ ഭാഷകളിലും ആദ്യകാലത്തു പദ്യസാഹിത്യം മാത്രമെ ഉണ്ടായിരുന്നുള്ളു എന്നു പറഞ്ഞുവല്ലോ. ഇതു മനുഷ്യവൎഗ്ഗത്തിൻെറ ശൈശവാവസ്ഥയ്ക്കു സഹജമായ പ്രതിഭാഭൂയിഷ്ഠമായ ഘട്ടത്തിലായിരുന്നു. ലോകം ഇന്നു് ഈ ഘട്ടത്തിലല്ല നില്ക്കുന്നതു്. നേരെമറിച്ചു അതിപ്പോൾ തീവ്രമായ ചിന്താഘട്ടത്തിലാണു വൎത്തിക്കുന്നതു്. തനിക്കു ജീവിക്കാനുള്ള മാൎഗ്ഗങ്ങളെന്താണെന്നും, തൻെറ സ്ഥാനം, ജന്മാവകാശം ഇവയെന്താണെന്നും അവയെ സമ്പാദിക്കാനൊ അപഹൃതങ്ങളാണെങ്കിൽ വീണ്ടെടുക്കുവാനൊ ഉള്ള വഴിയെന്താണെന്നും, പ്രകൃതിയിൽനിന്നും പൃഥിവിയിൽനിന്നും കഴിയുന്ന ഗുണാംശങ്ങൾ സംഗ്രഹിക്കാൻ മാൎഗ്ഗമെന്താണെന്നുമാണു് ഇന്നു മനുഷ്യൻെറ ആലോചന. ഭാഷയും ഭാഷാസാഹിത്യവും ഈ ചിന്തകളെ യഥാവിധം പ്രതിഫലിപ്പിക്കുന്നതിനു പൎയ്യാപ്തങ്ങളായിരിക്കേണ്ടതാണു്. പദ്യങ്ങൾ ചിന്താക്ലാന്തങ്ങളായ മനസ്സിനു വിശ്രമം നല്കുന്നതിനു മാത്രമേ ഇന്നുപയോഗപ്പെടുന്നുള്ളു. ഇന്നു ലോകയാത്രയിൽ വിളക്കുപിടിച്ചു മാൎഗ്ഗദർശികളായിട്ടു നില്ക്കുന്നതു് നെററിചുട്ടു ആലോചിക്കുന്ന ചിന്തകന്മാരാണു്. അവരുടെ അനൎഘങ്ങളായ തൂലികാരേഖകളാണു് നമുക്കിന്നു അ

ത്യാവശ്യമായി വേണ്ട സാഹിത്യം. ഭാവിലോകത്തിന്റെ പ്രധാനപ്രശ്നം "ഇനിയെങ്ങിനെയാണ് ജീവിക്കുക?" എന്നായിരിക്കും. ഇതിനുള്ള മാർഗ്ഗങ്ങളെ ഉപദേശിക്കയൊ നിർദ്ദേശിക്കയൊ ചെയ്യുന്നതായ നാനാവിധങ്ങളായ ശാസ്ത്രീയഗ്രന്ഥങ്ങളും ഉന്മേഷജനകങ്ങളും വിജ്ഞാനപ്രദങ്ങളുമായ ലോകചരിത്രം, രാജ്യചരിത്രം, സമുദായചരിത്രം, ജീവചരിത്രം മുതലായവയുമാണ് ഭാഷയിൽ ഉണ്ടാകേണ്ടതു്. ലോകത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ സമാസാദനങ്ങളുടേയും പ്രസ്ഥാനങ്ങളുടേയും വിവരണങ്ങളും, ഇന്നു ലോകത്തിൽ വർദ്ധമാനമായിരിക്കുന്ന വ്യവസായം, കൃഷി, വാണിജ്യം ഇവയുടെ ഗതിയേയും സ്ഥിതിയേയും വിശദീകരിക്കുന്ന ഗ്രന്ഥങ്ങളും ധാരാളമായി ഉണ്ടായാൽ മാത്രമേ ജനങ്ങൾക്കീവിഷയങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കയുള്ളൂ. ഇതരഭാഷകളിൽക്കൂടി ഈവക ജ്ഞാനം സമ്പാദിക്കുകയെന്നുള്ളതു് ശ്രമസാധമാണെന്നു നാം ഇപ്പോഴും തന്നെ മനസ്സിലാക്കി തുടങ്ങീട്ടുണ്ട്. കേരളീയരായ നാം ഇന്നു സർവ്വലോകസാമാന്യമായ ഒരു പുരോഗമനപഥത്തിൽ പ്രവേശിച്ചിരിക്കുന്നതിനാൽ ഇപ്രകാരമുള്ള പ്രായോഗികജ്ഞാനംകൊണ്ടു സോപകരണന്മാരാകാതിരുന്നാൽ പരാജിതന്മാരായി പിന്നിൽ തള്ളപ്പെടുന്നതാണ്. നാമെന്നും അന്യഭാഷയിലും സാഹിത്യത്തിലും ജീവിക്കുവാൻ പൊകുകയല്ലല്ലൊ. നാം അഭിമുഖീകരിക്കുന്ന എല്ലാ ഭാഷകളിൽനിന്നും അവയിലുള്ള തത്വാംശങ്ങൾ ആദാനംചെയ്തു സ്വഭാഷാസമ്പത്തു വർദ്ധിപ്പിക്കാതിരുന്നാൽ ഇതരഭാഷയുടെ തിരോധാനത്തിൽ നാം സാഹിത്യദരിദ്രന്മാരായി ശേഷിക്കാനേ തരമുള്ളൂ. വിദൂരഭാവിയിൽ നിഴലിച്ചുകാണുന്ന ഒരു കേരളീയസർവ്വകലാശാല സാവയവമായി മൂർത്തീകരിക്കപ്പെടണമെങ്കിൽ, നാം അതിനുപയുക്തമായ വിധത്തിൽ നമ്മുടെ മാതൃഭാഷയുടെ ഓജസ്സും, ചൈതന്യവും, സമ്പത്തും വർദ്ധിപ്പിക്കുന്നതിനുള്ള ഉദ്യമം പിന്നത്തേക്കു നീട്ടിവെയ്ക്കുവാൻ പാടില്ല. ഭാഷാവഴിക്കല്ലാതെ ബുദ്ധിസംസ്കരണവും വിദ്യാഭ്യാസവും സാധിക്കാൻ നിവൃത്തിയില്ലല്ലൊ. ഭാഷയ്ക്കെത്രമാത്രം ഉൽകർഷം ലഭിക്കുന്നുവോ അത്രമാത്രം സാഫല്യം വിദ്യാഭ്യാസത്തിനും ഉണ്ടാകുന്നതാണ്. ഭാഷയിൽ സ്ഥാനം ലഭിക്കുവാൻസാധിക്കയില്ലാത്ത പദ്യങ്ങളും വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തുന്നതിനു മാത്രം ഉപയുക്തങ്ങളായ ഗദ്യങ്ങളും മററും എഴുതി ഭാഷയെ വികലമാക്കാതെ ഉത്തമങ്ങളായ സാഹിത്യഗ്രന്ഥങ്ങൾ നിർമ്മിച്ച് ഭാഷാസാഹിത്യത്തെ സാരഭൂയിഷ്ഠവും സാധിഷ്ഠവുമാക്കുന്നതിനു നമ്മുടെ യഥാർത്ഥഭാഷാഭിജ്ഞന്മാർ ശ്രമിക്കേണ്ടതത്യാവശ്യമാണ്. മനഃപൂർവ്വം ശ്രമിച്ചാലേതുഭാഷയേയും ഉയർത്താമെന്നുള്ളതിനു "ബംഗാളി"ഭാഷ തന്നെ ഉത്തമദൃഷ്ടാന്തമാകുന്നു. ഈ ഭാഷ അല്പകാലംകൊണ്ട് എത്ര ഉൽകൃഷ്ടമായ ഒരു നിലയിൽ എത്തിയിരിക്കുന്നു! അനന്തങ്ങളും അഗാധ

ങ്ങളും സർവ്വലോകാരാധിതങ്ങളുമായ രവീന്ദ്രനാഥടാഗോറിന്റെ വിവിധചിന്തകളേയും യഥാവിധം പ്രതിഫലിപ്പിക്കുന്നതിന് ഇന്ന് ആ ഭാഷയ്ക്ക് എങ്ങിനെയാണ് ശക്തിയുണ്ടായതെന്നു ആലോചിക്കുക. ഇതുപോലെ ഹിന്ദി മുതലായ മററു ഭാരതീയഭാഷകൾക്കും സാഹിത്യത്തിനും പുഷ്ടിയും പ്രാബല്യവും ലഭിച്ചിട്ടുണ്ട്. ഇതൊക്കെയും ഭാഷാഭിമാനികളുടെ മനഃപൂർവ്വമായ പരിശ്രമംകൊണ്ടു മാത്രമാണ്. ഭാഷയും സാഹിത്യവും തന്നെവളരട്ടെ എന്നു വിചാരിച്ചു മൌനം അവലംബിച്ചിരുന്നാൽ ഭാഷാസാഹിത്യം ഇന്നത്തെപോലെ കാടുകേറുകയെയുള്ളു. ഇന്നത്തെ നമ്മുടെ മനോവൃത്തി ഇതുതന്നെയാണ്. സാഹിത്യത്തിൽ മനഃപൂർവ്വമായും പ്രതിപത്തിയോടുകൂടിയും പരിശ്രമിക്കുന്നവർ ഇന്നു നമ്മുടെയിടയിൽ എത്രപേരുണ്ട്? മററുഭാഷകളെപ്പോലെ ഒരു സുവിസ്തൃതമായ പ്രചാരപരിധിയില്ലാത്ത മലയാളഭാഷ എങ്ങിനെയാണ് അഭിവൃദ്ധിപ്പെടുന്നതെന്നു സംശയിക്കാം. സാഹിത്യത്തിൽ കൂടിയാണ് ഏതു ഭാഷയ്ക്കും പ്രധാനമായി പ്രചാരം സിദ്ധിക്കുന്നത്. ഇന്നു ഇംഗ്ലീഷ്ഭാഷയെ നാം അഭിനന്ദിക്കുന്നത് അതിന്റെ സാഹിത്യവിപുലതയും വിശിഷ്ടതയുംകൊണ്ടു മാത്രമാണ്. ഉത്തമസാഹിത്യം ഉണ്ടായിരുന്നാൽ ഏതു ഭാഷയ്ക്കും ആകർഷണശക്തിയുണ്ടാകും. ഇതുകൊണ്ടല്ലയോ ഇന്നു സംസ്കൃതസാഹിത്യത്തെ ലോകം ആദരിക്കയും ആരാധിക്കയും ചെയ്യുന്നത്. ഇന്നു മലയാളഭാഷയിലുണ്ടായിക്കൊണ്ടിരിക്കുന്ന സാഹിത്യങ്ങളെ, പരസ്യങ്ങളെ വിഗണിച്ച് തരംതിരിക്കുന്നതായിരുന്നാൽ അധികവും അധമങ്ങളും മദ്ധ്യമങ്ങളുമാണെന്നു കാണാവുന്നതാണ്. ഉത്തമങ്ങൾ വളരെ അപൂർവങ്ങളായും കാണും. വിദ്വാന്മാർ മിക്കവരും ഇന്നു പദ്യകൃത്തുകളായിട്ടാണ് സാഹിത്യരംഗപ്രവേശം ചെയ്യുന്നത്. ഇങ്ങിനെ കുറെ എഴുതി കൂട്ടിയാൽ സാഹിത്യസർവ്വസ്വമാകുമൊ എന്നറിഞ്ഞുകൂട. പക്ഷെ സംസ്കൃതസാഹിത്യശാസ്ത്രങ്ങളുംകൂടെ മുഴുവനും പദ്യമല്ലയോ എന്നു ചോദിച്ചേക്കാം. ശരിയാണ്. എന്നാൽ അവ എത്ര പരിശ്രമത്തിന്റെ ഫലമാണെന്നാക്കറിയാം?. കൂടാതെയും ഇന്ന് നമുക്കു ലഭിച്ചിരിക്കുന്നവ, വിദ്വാന്മാരുടെ കർശനമായ വിമർശനത്തിൽ തള്ളപ്പെട്ടവനീക്കി ശേഷിച്ചിട്ടുള്ളവമാത്രമാണ്. ഇങ്ങിനെയുള്ള പദ്യകൃതികളെ നിർമ്മിക്കുന്നതിനുള്ള ശക്തിയൊ, ശക്തിയുണ്ടായാൽ തന്നെയും അവയെ വ്യാഖ്യാനിക്കുന്നതിനും മനസ്സിലാക്കുന്നതിനും വേണ്ട സമയമൊ നമുക്കിന്നില്ല. നാം ഇന്നു കൃത്യാന്തരബാഹുല്യത്താൽ പ്രേരിതരായി കൈയ്യൊഴിയാതെയാണല്ലൊ ലോകത്തിൽ ജീവിക്കുന്നത്. മനുഷ്യനെ ഉത്തമജീവിതത്തിനു സഹായിക്കുകയാണ് സാഹിത്യത്തിന്റെ പരമോദ്ദേശ്യം. അതിനു മതിയായില്ലെങ്കിലും ജീവിതത്തെ ഒരുവിധം നയിക്കുന്നതിനെങ്കിലും അതുപയോഗപ്പെടേണ്ടതാണ്. ഇതിലേക്കു

ലോകജ്ഞാനം, ശാസ്ത്രീയജ്ഞാനം, പ്രായോഗികജ്ഞാനം മുതലായവയും ദൃഷ്ടാന്തങ്ങളും, ഉപദേശങ്ങളും, ആദർശങ്ങളും, പ്രവൃത്തിമാർഗ്ഗങ്ങളും, അടങ്ങിയ ഗദ്യസാഹിത്യമാണ് നമുക്കിന്നത്യാവശ്യമായിട്ടുള്ളത്. ഈ വിധത്തിലാണ് സാഹിത്യം ജീവിതത്തോടു ബന്ധിക്കപ്പെടേണ്ടതു്. ഇന്നത്തെപ്പോലെ രൂപരൂപത്തിലല്ല സാഹിത്യത്തിൻെറ വില കണക്കാക്കേണ്ടതു്. ജീവിതത്തിൻെറ ജയാപജയംകൊണ്ടു വേണം അതിൻെറ മൂല്യനിർണ്ണയം ചെയ്യാൻ. അതുകൊണ്ട്, നമ്മുടെ ഭാഷയ്ക്കു യഥാർത്ഥഗൌരവം സിദ്ധിക്കണമെങ്കിൽ-ഭാഷാസാഹിത്യത്തിന് ജീവിതത്തോടു ദൃഢബന്ധം വേണമെങ്കിൽ-ജീവിതത്തെ നിയമനം ചെയ്യാൻ സാധിക്കണമെങ്കിൽ-അതു വിജ്ഞാനവാഹിനിയായിത്തീരണമെങ്കിൽ-ഉത്കൃഷ്ടവിദ്യാഭ്യാസത്തിനുതകണമെങ്കിൽ-ഒരു കേരളസർവകലാശാല ദൂരമായ ഭാവിയിലെങ്കിലും വേണമെങ്കിൽ-നമ്മുടെ മാനസികാവശ്യങ്ങൾ എല്ലാം നിർവഹിക്കപ്പെടണമെങ്കിൽ—അതു നമ്മുടെ പരിഷ്കാരത്തിൻെറ ദർപ്പണമായിരിക്കണമെങ്കിൽ ഭാഷയിൽ ചിന്താനിബിഡങ്ങളായ വിശിഷ്ടഗദ്യഗ്രന്ഥങ്ങൾ ധാരാളമായി ഉണ്ടായിരിക്കണം. ഇതാണ് ഇന്നത്തെ ഭാഷാസാഹിത്യത്തിൻെറ പ്രധാന ആവശ്യം.

# സ്വീഡനിലെ പുതിയ വിദ്യാഭ്യാസം.

(സി ജി. അനന്തൻപിള്ള ബി. എ.)

യൂറോപ്യൻവിദ്യാഭ്യാസസമ്പ്രദായത്തെ പരിശോധിക്കുന്നപക്ഷം അതിൻെറ ആദിമകാലംമുതല്ക്കുതന്നെ ബുദ്ധിശക്തിവികസനത്തിലാണ് അധികം ശ്രദ്ധിച്ചിരുന്നതെന്ന് മനസ്സിലാക്കാവുന്നതാണ്. ഡൻമാർക്കും, യൂറോപ്പിലെ ഇതരരാജ്യങ്ങളെപ്പോലെ, വിദ്യാഭ്യാസത്തിൻെറ പ്രധാനഉദ്ദേശമായി കരുതിയിരുന്നതു് ജ്ഞാനംഉണ്ടാക്കുക, ധാരാളം വായിപ്പിക്കുക ഇവ ആയിരുന്നു. അതായതു് മാനസികപോഷണം നൽകുകയത്രെ. ഇപ്പോഴും ഈ ഉദ്ദേശം നിലനിന്നു കാണുന്നുണ്ട്. എന്നാൽ വിദ്യാഭ്യാസസംബന്ധമായ നവീനാഭിപ്രായങ്ങളും, രീതികളും, പരീക്ഷണങ്ങളും ആ രാജ്യവാസികളുടെ ശ്രദ്ധക്ക് വിഷയീഭവിക്കാതിരുന്നിട്ടില്ല.

൧൯-ാം ശതാബ്ദത്തിൻെറ ആരംഭത്തോടുകൂടിയാണ് മാനസിക

ശിക്ഷണം മാത്രം പോരെന്ന് മനസ്സിലാക്കി, കായികപരിശീലനത്തിലും അവിടെ മനസ്സിരുത്തിത്തുടങ്ങിയത്. സ്വീഡനിലെ വിദ്യാലയങ്ങളിൽ വിവിധതരത്തിലുള്ള കായികവിനോദങ്ങൾ ഏർപ്പെട്ടുത്തിത്തുടങ്ങി. ഇതുനിമിത്തം വൈദ്യപരിശോധന, സ്നാനം മുതലായവയുടെ ആവശ്യം വർദ്ധിച്ചു. അതായത് കുട്ടികളുടെ ആരോഗ്യവിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതായിവന്നു എന്ന് താല്പര്യം. കാലാന്തരത്തിൽ നിർബന്ധിതവിനോദങ്ങൾ, പൊതുസ്ഥലത്തുവച്ചുള്ള പരിശീലനം മുതലായവ പാഠപദ്ധതിയിൽ ഉൾപ്പെടുത്തി. ഇതാണ് സ്വീഡനിലെ പരിവർത്തനം.

അതുകൊണ്ട് സ്വീഡനിലെ വിദ്യാഭ്യാസപദ്ധതി യൂറോപ്പിലെ വിദ്യാഭ്യാസപദ്ധതിയിൽ പ്രധാനമായവയിൽ ഒന്നാണ്. വിദ്യാലയങ്ങൾ നടത്തുന്ന മനോഹരകെട്ടിടങ്ങൾ ഏതു സന്ദർശകനേയും ആകർഷിക്കുന്നതാണ്. വിദ്യാഭ്യാസത്തിനായി ഗവർമ്മെൻറ് ചിലവാക്കുന്ന പണത്തുക ആരെയും അത്ഭുതപരതന്ത്രനാക്കും. അദ്ധ്യാപകന്മാരും അതിസമർത്ഥന്മാരാണ്. വിജ്ഞാനികളും സ്വാർത്ഥത്യാഗികളും സ്വധർമ്മനിരതരും എന്നുള്ള പ്രശസ്തി എല്ലാ അദ്ധ്യാപകന്മാരും സമ്പാദിച്ചുകഴിഞ്ഞിരിക്കുന്നു. സ്വീഡനിലെ കായികാഭ്യാസങ്ങൾ ഭൂലോകമൊട്ടുക്ക് സുപ്രസിദ്ധമായിട്ടുള്ളവയാണ്. ഏഴുവയസ്സുമുതൽ പതിനഞ്ചുവയസ്സുവരെയുള്ള എല്ലാ ദേശവാസികളും വിദ്യാഭ്യാസംചെയ്യണമെന്നുള്ളത് നിർബന്ധിതമാണ്. എല്ലാവർക്കും സൌജന്യവിദ്യാഭ്യാസം നൽകിവരുന്നു. ശരീരപരിശോധന, ദന്തപരിശോധന, നീന്തലിനെപ്പററിയുള്ള അഭ്യാസത്തോടുകൂടിയ സ്നാനം, വിദ്യാലയസാമഗ്രികൾ, വസ്ത്രം, ഭക്ഷണം, മുതലായവയും ഏറക്കുറെ സൌജന്യമായിട്ടാണ് അവിടെ നൽകിവരുന്നത്. അല്പകാലത്തിനുള്ളിൽ ആർക്കും ഉന്നതവിദ്യാഭ്യാസം ലഭിക്കുന്നതിന് ദാരിദ്ര്യം ഒരു പ്രതിബന്ധമായിത്തീരുകയില്ല. ജ്ഞാനത്തിൻെറ വിവിധത്വത്തിലും പൂർണ്ണതയിലും സ്വീഡൻ മററു യൂറോപ്യൻരാജ്യങ്ങളെ ജയിച്ചിരിക്കുന്നു. ഐകരൂപ്യമുള്ള ഒരു പ്രാഥമികവിദ്യാലയപദ്ധതി രാജ്യത്തിൽ എല്ലായിടത്തും പ്രചരിപ്പിച്ചിട്ടുണ്ട്. സ്വീഡനിലെ വിദ്യാഭ്യാസപദ്ധതി പരിപൂർണ്ണമായി ഗവർമ്മെൻറിൻെറ നിയന്ത്രണത്തിലാണെന്നു പറയാം. പ്രൈവററ് വിദ്യാലയങ്ങളെ നാൾക്കുനാൾ നശിപ്പിച്ചുവരികയാണ്. നിരക്ഷരകുക്ഷികളുടെ എണ്ണം വളരെ കുറവാണ്; ഇല്ലെന്നുതന്നെ പറയാം. പഠിത്തവും വിനോദവും—മാനസികപരിശീലനവും കായികപരിശീലനവും—ഒരു ദേശക്കാരുടെ ആരോഗ്യത്തിനും ക്ഷേമത്തിനുമുള്ള ഏകമാർഗ്ഗമെങ്കിൽ, ഈ ദേശക്കാർ അവയുടെ അത്യുച്ചസ്ഥാനത്തിലെത്തിയിരിക്കണം.

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം യൂറോപ്യൻരാജ്യങ്ങളിൽ

വിസ്മയനീയങ്ങളായ അഭിപ്രായങ്ങൾ ഉണ്ടായിത്തുടങ്ങി. ആരാണ് യുദ്ധത്തിനു കാരണം? ഓരോ ദേശക്കാരും അയൽവാസികളെ കുററപ്പെടുത്തിത്തുടങ്ങി. അത് എളുപ്പവുമാണല്ലൊ. എന്നാൽ യുദ്ധത്തിൽ ഏർപ്പെട്ടിരുന്ന ദേശക്കാരെല്ലാം ഒരേസംസ്കാരം—യൂറോപ്യൻസംസ്കാരം—ഉള്ളവരായിരുന്നു. സംസ്കാരപരമായിട്ടു നോക്കുകയാണെങ്കിൽ എല്ലാവരും ഏകദേശം ഒരേനിലയിലും എത്തിയിട്ടുണ്ടായിരുന്നു. അതുകൊണ്ട് അതു ശരിയായ കാരണമല്ലെന്ന് പറയേണ്ടതായിവന്നു. ഒരു ദേശക്കാർ എങ്ങനെയാണ് യുദ്ധം ആരംഭിക്കുന്നത് എന്നു ചിലർ ചോദിച്ചുതുടങ്ങി. ഒരു ലോകമഹായുദ്ധത്തിന്റെ ബീജങ്ങൾ യൂറോപ്യൻപരിഷ്കാരത്തിൽ ഉണ്ടായിരുന്നില്ലെ എന്ന് സ്വീഡനിലെ ജനങ്ങൾ അവരോടുതന്നെ ചോദിച്ചു. ഈ മഹാവിപത്തിന് വിദ്യാഭ്യാസം എത്രത്തോളം കാരണമായിരിക്കാം എന്നുള്ള ചോദ്യവും ഉണ്ടാകാതിരുന്നില്ല. അവസാനത്തിൽ ഭയങ്കരമായ ഈ യൂറോപ്യൻയുദ്ധത്തിന്റെ കാരണം യൂറോപ്യൻവിദ്യാഭ്യാസസമ്പ്രദായമാണെന്ന് എല്ലാവരും സമ്മതിച്ചു. യൂറോപ്യൻവിദ്യാഭ്യാസസമ്പ്രദായത്തെപ്പററി ചിന്തിച്ചുതുടങ്ങി. അവർ ഒരു പ്രധാന ന്യൂനത കണ്ടുപിടിച്ചു. അതായത് യഥാർത്ഥമായ വിദ്യാഭ്യാസം നൽകിയിരുന്നില്ല; അല്ലെങ്കിൽ, നിലവിലിരുന്ന വിദ്യാഭ്യാസമാണ് യുദ്ധത്തിനുള്ള ഹേതു എന്ന് സ്പഷ്ടമായി. "കഴിയുന്നിടത്തോളം ജ്ഞാനം സമ്പാദിക്കുക; ജ്ഞാനം ശക്തിയാണ്; അതു വിജയംതരും" എന്നായിരുന്നു വിദ്യാലയങ്ങളിൽ കുട്ടികളുടെ ചിന്തയുടേയും പ്രവൃത്തിയുടേയും മാനദണ്ഡമായിരുന്നത്. വിവിധവിഷയങ്ങളിലുള്ള മാർക്കും പരീക്ഷയിലുള്ള സ്ഥാനവുമാണ് കുട്ടികളുടെ സാമർത്ഥ്യത്തെ നിശ്ചയിച്ചിരുന്നത്. കായികപരിശീലനം ഏർപ്പെടുത്തിയപ്പോൾ ശക്തി സമ്പാദിക്കുവാൻ കുട്ടികളെ നിർബന്ധിക്കുകയും മാർക്ക്, സമ്മാനം മുതലായവകൊണ്ട് അതു നിർണ്ണയിക്കുകയും ചെയ്തുതുടങ്ങ. ക്ലാസ്സിലും വിനോദസ്ഥലത്തും ഒന്നാമനായിരിക്കുക എന്നുള്ളതു വിദ്യാഭ്യാസത്തിന്റെ പ്രധാനലാക്കായി ഭവിച്ചു സഹപാഠികളോടും സഹോദരമനുഷ്യരോടുമുള്ള ചുമതലകൾ എന്തെന്ന് അന്നു ശരിയായി മനസ്സിലാക്കുകയൊ ചിന്തിക്കുകയൊ ചെയ്തിരുന്നില്ല. അവരുടെ രാജ്യത്തോടുള്ള ചുമതല മാത്രമെ അവരുടെ വിദ്യാഭ്യാസത്തിന്റെ ഉദ്ദേശമായിരുന്നുള്ളു. ഈ ദേശസ്മരണയാണ് ഇവരെയെല്ലാം സംഘടിപ്പിച്ചിരുന്നത്. ദൈവത്തിനു കീഴടങ്ങുന്നതുപോലെ അവർക്കെല്ലാം അവരുടെ രാജ്യത്തിനു കീഴടങ്ങേണ്ടിയിരുന്നു. ഓരോ ദേശക്കാർക്കും അതിനെ പററിയ ചില ദേശീയഗാനങ്ങളുമുണ്ട്.

യൂറോപ്പിലെ വ്യക്തികളുടേയും രാഷ്ട്രങ്ങളുടേയും ജീവിതത്തിൽ കാണുന്ന പ്രധാനതത്വം "ഒന്നാമതാകുക" എന്നതാണ്. രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം യുദ്ധകാലത്ത് ഇതു സ്പഷ്ടമായിക്കാണാമായിരുന്നു. മനു

ഷ്യരിൽവച്ച് ഒന്നാമത്, രാഷ്ട്രങ്ങളിൽവച്ച് ഒന്നാമത് എന്നിവരണ്ടും പഴയ വിദ്യാഭ്യാസത്തിൻെറ ഒരു പ്രധാന വശമായിരുന്നു. വലുതായ ശക്തി സമ്പാദിക്കുവാനുള്ള ഈ ശ്രമത്തിൽ പഴയ സാന്മാൎഗ്ഗിക നിയമങ്ങൾക്കു കീഴടക്കങ്ങളുണ്ടായിവന്നു. ദേശങ്ങൾതമ്മിൽ മത്സരം ആയി. ശക്തിയുള്ള ദേശം ശക്തികുറഞ്ഞ ദേശത്തെ മൎദ്ദിച്ചുതുടങ്ങി. അസത്യം, വാഗ്ദാനഭഞ്ജനം, വഞ്ചന, കൊല, സന്മാൎഗ്ഗവ്യതിചലനം മുതലായവയിൽക്കൂടി തൻെറ നഗരത്തിലും രാജ്യത്തിലും ഒന്നാമനാകുവാൻ വ്യക്തികൾ ശ്രമംതുടങ്ങി. കലഹമായി. യുദ്ധത്തിനു ശേഷമുള്ള യുവജനങ്ങളുടെ കലഹം എന്ന പ്രസ്ഥാനം സർവ്വസാധാരണമായിത്തീൎന്നു.

സ്വീഡനിലെയും കഥ ഇതുതന്നെയായിരുന്നു. ഒരു സന്ദൎശകന് സ്വീഡൻ സന്തോഷവും ക്ഷേമവുമുള്ള രാജ്യമെന്നു തോന്നിയേക്കാം. എന്നാൽ ഒരുസ്ഥിരതാമസക്കാരന്ന് യുദ്ധരാജ്യങ്ങളിലെ ആപത്തുകൾ ഇവിടേയും വേഗത്തിൽ പ്രചരിക്കുന്നതു കാണാവുന്നതാണ്. വ്യവസായങ്ങളും ഉൽപന്നങ്ങളും വൎദ്ധിക്കുന്നതുപോലെ കാരാഗൃഹവാസികളുടേയും ഭ്രാന്തന്മാരുടേയും സംഖ്യയും വൎദ്ധിക്കുന്നുണ്ട്. സ്വീഡൻ അതിൻെറ ഗവമ്മെൻറിൻെറ സഹായത്തോടുകൂടി പഴയ യൂറോപ്യൻവിദ്യാലയസമ്പ്രദായത്തെ മററുരാജ്യങ്ങളേക്കാൾ കൂടുതൽ പോഷിപ്പിച്ചു വളൎത്തിയതുകൊണ്ട് അതിൻെറ ന്യൂനതകളും അവിടെ കൂടുതലായിരിക്കുമല്ലൊ. എല്ലാ പ്രൈവററു് വിദ്യാലയങ്ങളേയും നശിപ്പിച്ചു. സഹായധനം നൾകാതിരിക്കുക, പരീക്ഷാലൈസൻസു കൊടുക്കാതിരിക്കുക, ഉദ്യോഗം കൊടുക്കാതിരിക്കുക ഇവകൊണ്ടു അതു സാധിച്ചു.

യൂറോപ്പിൽ വിദ്യാഭ്യാസത്തിൽ ഒരു പുതിയ ചൈതന്യം കണ്ടുവരുന്നുണ്ട്. വ്യക്തികളെ നശിപ്പിച്ചു ലോകത്തിലെ ഒന്നാമത്തെ ദേശമാകാനുള്ള ആശക്കു പകരം കുട്ടികളുടെ വ്യക്തിപരമായ സ്വഭാവത്തിലും അഭ്യസനത്തിലും ശ്രദ്ധിച്ചു തുടങ്ങിയിരിക്കുന്നു. അനുഭാവവും സഹകരണവുമുണ്ടാക്കാൻ ആഗ്രഹിക്കുന്നു. യുദ്ധചരിത്രത്തിനു പകരം പരിഷ്കാരചരിത്രമാണ് ആഗ്രഹിക്കുന്നതു്. യുദ്ധത്തിനുപകരം ദേശങ്ങൾതമ്മിലുള്ള പരസ്പരസ്നേഹവും സഹകരണവുമാണു കാംക്ഷിക്കുന്നതു്. ദേശീയവിദ്യാഭ്യാസത്തിനു പകരം സൎവ്വദേശീയവിദ്യാഭ്യാസമാണ് ആശിക്കുന്നതു്. ഈ പ്രസ്ഥാനം ലോകത്തെ മുഴുവനും ആകൎഷിക്കുന്ന ഒരു പ്രധാനകാൎയ്യമായിത്തീൎന്നിട്ടുണ്ട്. ഇതോടുകൂടി പുതിയ വിദ്യാഭ്യാസരീതികളുടെ ആവശ്യം നേരിടുന്നു.

യജമാനൻ, ഭൃത്യൻ, സ്ത്രീ, പുരുഷൻ, ഉൽകൃഷ്ടജാതിക്കാർ അധഃകൃതജാതിക്കാർ, പ്രായം കൂടിയവർ കുറഞ്ഞവർ, മഹച്ഛക്തികൾ, ആശ്രിതരാജ്യങ്ങൾ, പാശ്ചാത്യർ പൌരസ്ത്യർ, മനുഷ്യൻ, പ്രകൃതി എന്നീ വത്യാ

സങ്ങൾ ഇല്ലാതായിവരുന്നു. "ഞാൻ എന്റെ കുടുംബത്തെ വളരെ സ്നേഹിക്കുന്നു; എന്നാൽ അതിനേക്കാൾ കൂടുതൽ എന്റെ മാതൃഭൂമിയെ സ്നേഹിക്കുന്നു. എന്റെ മാതൃഭൂമിയെ ഞാൻ വളരെ സ്നേഹിക്കുന്നു. എന്നാൽ അതിൽ കൂടുതൽ മനുഷ്യവർഗ്ഗത്തെ സ്നേഹിക്കുന്നുണ്ട്." എന്നാണ് ഒരാൾ പറഞ്ഞിട്ടുള്ളത്.

പുതിയ വിദ്യാഭ്യാസപദ്ധതിയുടെ ഫലമായിട്ടാണ് ൧൯൨൭-ൽ 'സിൽജൻസ് ഗാർഡൻ' വിദ്യാലയം ആരംഭിച്ചത്. അന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തോടു അനുകൂലമല്ലാത്ത ഈ സ്ഥാപനം ആരംഭിക്കുന്നത് വളരെ പ്രയാസമായിട്ടു തോന്നി. സ്വീഡനിൽ അജ്ഞതകൊണ്ടും അവിശ്വാസംകൊണ്ടുമുള്ള പല പ്രതിബന്ധങ്ങളേയും ജയിക്കേണ്ടിവന്നു. ഗവൎമ്മെൻറുവകയായ വിദ്യാഭ്യാസം അന്നു വളരെ കഠിനമാക്കിയിട്ടുണ്ടായിരുന്നു. സാലർണ എന്ന രമണീയമായ സ്ഥലത്ത് സിൽജാൻ എന്ന തടാകത്തിന്റെ തീരത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. ആ സ്ഥലം പുരാതനസംസ്കാരാന്തരീക്ഷത്തോടുകൂടിയ ഒരു നാട്ടിൻപ്രദേശമാണ്. ഗൃഹങ്ങൾ മരംകൊണ്ടാണു നിൎമ്മിച്ചിട്ടുള്ളത്. അവ കമനീയങ്ങളാണെന്നു മാത്രമല്ല, പരിസരങ്ങളോടു യോജിച്ചവയുമാണ്. അന്തർഭാഗവും അതിമനോഹരമാക്കുവാൻ അതിപ്രയത്നം ചെയ്തിട്ടുണ്ട്. കുട്ടികൾ വിദ്യാലയത്തിനകത്തും പുറത്തും സദാ മനോഹരമായ ഒരു പരിസരമാണ് കാണുന്നത്. ആധുനിക മനശ്ശാസ്ത്രം മനസ്സിലാക്കിയിട്ടുള്ളവൎക്ക് ഈ സംഗതികളുടെ പ്രാധാന്യത സ്പഷ്ടമാകുന്നതാണ്. ഭൎത്താവും ഭാൎയ്യയും കുറെ കുട്ടികളും ജീവിക്കുന്ന ഒരു ഗൃഹത്തിന്റെ സ്വഭാവമാണ് വിദ്യാലയത്തിനുള്ളത്. സിൽജൻസ് ഗാർഡനെപ്പോലെ അകവും പുറവും മനോഹരമായിട്ടുള്ള വിദ്യാലയങ്ങൾ യൂറോപ്പിൽ എങ്ങുംതന്നെ കാണുമെന്നു തോന്നുന്നില്ല.*

# വിഹായസവിഹാരം

(രണ്ടാം അദ്ധ്യായം)

(എം. രാജരാജവൎമ്മതമ്പുരാൻ എം. എ; ബി. എൽ)

മനുഷ്യരാരെങ്കിലും മഹാമഖങ്ങൾ ചെയ്കയോ വൻതപസ്സനുഷ്ഠിക്കയോ ചെയ്താൽ ദേവേന്ദ്രനു ഭീതിയായി. ഇന്ദ്രപ്പട്ടം ആരെങ്കിലും കൈ

* മാഡേൺ റവ്യൂവിൽനിന്നും സംഗ്രഹിച്ചത്

ക്കലൊക്കിയെങ്കിലൊ എന്നാണ് ശങ്ക. ഇക്കാലത്ത് ആ പേടി വേണ്ട. പക്ഷെ, വിമാനങ്ങളേറി സ്വർഗ്ഗത്തെ ആക്രമിച്ചെങ്കിലൊ എന്നൊരു ആശങ്ക തോന്നാം. അതിനും അവകാശമില്ല. 'കൂനൻമദിച്ചാൽ ഗോപുരംകുത്തുമോ?' അതുകൊണ്ടു സ്വർഗ്ഗസ്ഥരായ ദേവന്മാർ അല്പരായ മനുഷ്യരുടെ ദുർമ്മോഹം കണ്ടു ഹസിക്കുന്നായിരിക്കും. എങ്കിലും മേലുള്ളവരുടെ പരിഹാസം കൂടുതൽ പരിശ്രമത്തിനും തദ്വാരാ ജ്ഞാനാഭ്യുദയത്തിനും നിദാനമാകുന്നുണ്ടു്. മേലോട്ടു പറക്കാൻ തുടങ്ങിയതുമുതൽ അന്തരീക്ഷത്തെപ്പറ്റിയുള്ള അറിവ് ഏറിവരുന്നു.

പഞ്ചഭൂതങ്ങളിലൊന്നായി ഗണിച്ചിരിക്കുന്ന വായു ഒരു പദാർത്ഥമാണെന്ന് പണ്ടുള്ളവർതന്നെ സമ്മതിച്ചിട്ടുണ്ടു്. അതിന്റെ ഘടകങ്ങളെന്തെല്ലാമെന്നു ചിന്തിച്ചുതുടങ്ങിയതു വളരെ പിന്നീടു മാത്രമാണ്. അമ്ലജനകം (Oxygen), നക്ഷത്രജനകം (Nitrogen), ഇംഗാലാമ്ലവാതകം (Carbonic acid gas), നീരാവി (Water vapour) എന്നു നാലെണ്ണം ചേർന്നതാണു വായുവെന്ന് ഇന്ന് ഏതു പള്ളിക്കൂടക്കുട്ടിയും പറയും. എന്നാൽ അവയുടെ സാന്നിദ്ധ്യം കൊണ്ടെന്തു ഫലമെന്നു ചോദിച്ചാൽ മിഴിക്കും. ഇന്നുള്ളതിൽ കൂടുതലായ മാത്ര അവയ്ക്കുണ്ടായെങ്കിൽ ലോകമെന്തു ഭേദപ്പെടുമെന്നു പറയുമ്പോൾ ഓരോന്നിന്റെയും ശക്തി വെളിവാകും.

അന്തരീക്ഷത്തിൽ അഞ്ചിലൊന്ന് അമ്ലജനകമാണ്. പരിമാണം (Volume) കൊണ്ടു നൂറിനിരുപതും, തൂക്കംകൊണ്ടു (Weight) നൂറിന്നു ഇരുപത്തിമൂന്നും ഭാഗം അമ്ലജനകമുണ്ടു്. അതിന്റെ സാന്നിദ്ധ്യം കൊണ്ടു നാം ശ്വാസോച്ഛ്വാസം ചെയ്തു ജീവിക്കുന്നു. ജീവസന്ധാരണത്തിനുതകുന്ന ഇതിന്റെ മാത്ര കൂടിപ്പോയാൽ ആയുസ്സു തുലോം കുറഞ്ഞുപോകും; ബുദ്ധിക്കു പ്രസരിപ്പും ഉത്സാഹവും ദേഹത്തിനു് ഉണർച്ചയും കാന്തിയും കൂടുമെങ്കിലും, സ്ഥിരമായിരുന്നു വേലയെടുക്കാനുള്ള കെല്പു കുറയും; പ്രതിക്ഷണം മാറിമാറിപ്പറക്കുന്ന ചിത്രശലഭങ്ങളോടൊപ്പം മനുഷ്യർ സ്ഥിരചിത്തരല്ലാതെ ഭ്രാന്തായി നടക്കയൊ, ഉത്സാഹാവേശമധികമായി പരസ്പരം കുത്തും കൊലപാതകവും കൂടി നടത്തുകയോ ചെയ്തേക്കും.

നക്ഷത്രജനകമാണ് അന്തരീക്ഷത്തിന്റെ അഞ്ചിൽ മൂന്നു ഭാഗവും. അതു പരിമാണത്തിൽ നൂറിന്നെഴുപത്തി ഒമ്പതും തൂക്കത്തിൽ നൂറിന്നു എഴുപത്തിഏഴും ഭാഗമാണുള്ളതു്. അമ്ലജനകത്തിനു നേർവിപരീതമാണ് നക്ഷത്രജനകത്തിന്റെ ഗുണം. ജീവനു ഹാനി വരുത്തുന്നില്ലെങ്കിലും അതു മന്ദീഭവിപ്പിക്കുന്നു. നക്ഷത്രജനകം അധികരിച്ചാൽ നാമെന്നും കുംഭകർണ്ണസേവ ചെയ്തു നിശ്ചേഷ്ടരായി നിർവ്വികാരരായി തീർന്നുപോകും. ഒന്നു സത്വഗുണപ്രധാനവും മറേറതു തമോഗുണപ്രധാനവുമാണെന്നു പറയാം. ര

ണ്ടിന്റേയും സംയോഗംഹേതുവായിട്ട് ഒന്നിന്റെ പ്രസരിപ്പ് മറേറതു തടുക്കുന്നു. അമ്ലജനകംകൊണ്ടു പടൎന്നുകത്തുന്ന ആയുസ്സിനെ നത്രജനകംഅടക്കി ദീൎഘിപ്പിക്കുന്നു. രണ്ടിന്റേയും നിബിഡത, എന്നുവച്ചാൽ അണുക്കളുടെ ഇറുക്കം, മിക്കവാറും സമമാകയാൽ, അവയുടെ സംയോഗം തറനിരപ്പിലും ആകാശത്തിലും ഒന്നുപോലെ തന്നെയെന്നു പറയാം. അതിനാൽ എത്ര പൊക്കത്തിലായാലും വായു ശ്വാസോച്ഛ്വാസയോഗ്യമാണ്. പിന്നെ ശ്വാസംമുട്ടാനുള്ള ഹേതു, വായുവിന്റെ നേൎമ്മയും തണുപ്പുമാകുന്നു. അന്തരീക്ഷത്തിലുള്ള നത്രജനകം ചെടികൾക്കും വൃക്ഷങ്ങൾക്കുമുള്ള ആഹാരമാണ്. ഉത്ഭിതങ്ങൾക്കെല്ലാം വായുവിൽനിന്ന് അതിനെ ഗ്രഹിക്കാനുള്ള ശക്തിയുണ്ട്.

അന്തരിക്ഷത്തിൽ ഇംഗാലാമ്ലത്തിന്റെ അംശം അത്യല്പമാണ്. പരിമാണത്തിൽ അതു പതിനായിരത്തിൽ മൂന്നുഭാഗമേയുള്ളു; എങ്കിലും അതിന്റെ വീൎയ്യം ചില്ലറയല്ല, നഞ്ചു നാനാഴി വേണ്ടല്ലൊ. ശ്വാസോച്ഛ്വാസങ്ങളിൽ നാം അമ്ലജനകത്തെ ഗ്രഹിക്കയും ഇംഗാലാമ്ലത്തെ പുറത്തുതള്ളുകയും ചെയ്യുന്നു. വൃക്ഷലതാദികൾ നേരെ മറിച്ചാണ് ചെയ്യുന്നത്. അതുകൊണ്ടാണ് അന്തരിക്ഷത്തിൽ ആ വാതകങ്ങൾക്ക് അധികം കൂടുതൽകുറവു വരാത്തത്. എങ്കിലും ആൾക്കൂട്ടങ്ങളിൽ ശരിയായി വായുസഞ്ചാരമില്ലാതെ വരുമ്പോൾ ഇംഗാലാമ്ലം പെരുകി നമുക്കു ശ്വാസം മുട്ടുന്നു. കല്ലറകളിലും നിലവറകളിലും അപ്രകാരംതന്നെ. പണ്ടൊരുകാലത്ത് വായുവിൽ ഇംഗാലാമ്ലം അധികമുണ്ടായിരുന്നു. അന്ന് അനവധി വൃക്ഷങ്ങൾ ഭൂമിയിൽ വളൎന്നു. അവ കാലക്രമത്തിൽ വീണടിഞ്ഞു ഭൂഗൎഭത്തിൽ ഇന്നു കല്ക്കരിയായികിടക്കുന്നു. ഇംഗാലാമ്ലം കുറഞ്ഞുവന്നതോടുകൂടി വൃക്ഷങ്ങളും കുറഞ്ഞു. എങ്കിലും ഇന്നും ഒരു ചതുരശ്രമൈൽ വിസ്തൃതമായ അന്തരിക്ഷത്തിൽ ൫൨,൮൦൦ ടൺ ഭാരം ഇംഗാലാമ്ലമുണ്ടെന്നും, അതിൽനിന്നു ൩൨,൦൦൦ ടൺ കരി എടുക്കാമെന്നും കണക്കാക്കിയിരിക്കുന്നു.

മേൽപറഞ്ഞ മൂന്നു വാതകങ്ങൾ കൂടാതെ അന്തരിക്ഷത്തിൽ അമ്മോണിയ (Ammonia), ഓസോൺ (Ozone), ആൎഗൻ (Argon) എന്ന് മൂന്നു വാതകങ്ങളുടെ ലാഞ്ഛന കൂടിയുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുണ്ട്. അമ്മോണിയയുടെ സഹായംകൊണ്ടാണ് തറയ്ക്കും ചെടികൾക്കും വായുവിൽനിന്നു നത്രജനകം കിട്ടുന്നതെന്നും, ഒരേക്കർ സ്ഥലത്ത് ആണ്ടുതോറും ഏകദേശം മുപ്പതുറാത്തൽ അമ്മോണിയ ലഭിക്കുന്നുണ്ടെന്നും അവർ നിൎണ്ണയിച്ചിരിക്കുന്നു. ഓസോൺ എന്നതു് അമ്ലജനകത്തിന്റെ ഒരു വകഭേദമാണ്. ത്ര്യണുകമാണതു്; എന്നുവച്ചാൽ മൂന്നു അണുക്കളുടെ സമാഹാരമായ കണമുള്ള (Mobcue) താകുന്നു എന്നൎത്ഥം. രണ്ടണുക്കൾ ചേൎന്നിരിക്കവേ മൂന്നാമത്തേതു പിരിഞ്ഞു മററുകൂട്ടരോടുകൂടി പോകുന്നതു അതിന്റെ സ്വഭാവമാണ്. എപ്പോഴും അതിനു കൂട്ടുകാർ

വൃത്തികെട്ടവരാണ്. ചീഞ്ഞളിഞ്ഞു നാറിക്കിടക്കുന്ന സാധനങ്ങളിലും ദുർഗ്ഗന്ധമിശ്രങ്ങളായ ഓടകളിലും മററുംനിന്നു പുറപ്പെടുന്ന വിഷാണുക്കളോടാണ് അതിൻെറ കൂട്ടുകെട്ട്. ഈ സമ്മേളനംകൊണ്ട് ഒരു വലിയ ഗുണമുണ്ട്. ഓസോണിൻെറ സമ്പക്ക്ത്തിൽ വൃത്തികെട്ട അണുക്കളുടെ മാലിന്യം ഗളിതമാകുന്നു. അതുകൊണ്ടു ദുർഗ്ഗന്ധങ്ങളേയും വിഷാണുക്കളേയും കളയാൻ ഓസോൺ വളരെ ഉപകരിക്കുന്നു. കടൽക്കാററിൽ ഓസോൺ അധികമുള്ളതുകൊണ്ടാണ് അതു മനുഷ്യനു ആരോഗ്യപ്രദമായിരിക്കുന്നത്. എന്നാൽ കഫത്തിൻെറ കോപമുള്ളവക്ക് ഓസോൺ ഹിതമല്ല. നീർവീഴ്ചയും ജലദോഷവുമുണ്ടാകും. ശരൽക്കാലത്ത് ഓസോൺ വായുവിൽ കുറവും വസന്തകാലത്തു കൂടുതലുമാകുന്നു.

വായുവിൽ നീരാവി ചേരുന്നുണ്ടെന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. അതു സത്യത്തിൽ അന്തരിക്ഷത്തിൻെറ അംശമല്ല, ജലമാണ്. എങ്കിലും ആവിയാകുമ്പോൾ മററു വാതകങ്ങളോടൊപ്പം ചേരുന്നതിനാൽ അതും അന്തരിക്ഷത്തിൻെറ അംശമായി ഗണിച്ചുവരുന്നു. ആവിക്ക് വായുവിനേക്കാൾ ഘനംകുറയും. ഒരേ ചൂടും (Temperature) സമ്മർദ്ദവും (Pressure) ഉള്ള ശുദ്ധവായുവിനെ (Dry air) അപേക്ഷിച്ച് എട്ടിൽ അഞ്ചുഭാഗം മാത്രമെ നീരാവിക്കു സാന്ദ്രത (Deustiy) യുള്ളൂ. ആവിയുടെ ചൂടും പരിമാണവും അനുസരിച്ചു വായുവിൽ അതു ചേരുന്നു; എന്നുവച്ചാൽ ശുദ്ധവായുവിൻെറ സ്ഥാനം അതു പിടിക്കുന്നു. ആവിയുടെ കൂടുതൽ കുറവുകൊണ്ടത്രേ വായുവിനു ചൂടും തണുപ്പുമുണ്ടാകുന്നത്. അന്തരിക്ഷം മുഴുക്കെ ആവിയായിരുന്നെങ്കിൽ ഘനീഭവസ്ഥാനം, അതായത് ആവി ജലമായിത്തീരുന്ന നിരപ്പ്, എല്ലാ ദിക്കിലും ഒരേ പൊക്കത്തിലായിരിക്കയും മേഘങ്ങളെല്ലാം ഒരേ നിരപ്പിൽ മാത്രമായിരിക്കയും ചെയ്യുമായിരുന്നു. അങ്ങനെയല്ല, പല നിലകളിലല്ലെ നാം കാണുന്നതു്?. വായുവിനേക്കാൾ ആവി ലഘുവാകകൊണ്ട് അതുയരുന്നു. ഏതു നിലയിലെത്തുമ്പോൾ താങ്ങാൻ വായുവിനു കഴിയുന്നില്ലയോ അവിടെ ആവി ഘനീഭവിച്ചു മേഘങ്ങളാകുന്നു. മേഘം തന്നെയാണു മഴയായി പെയ്യുന്നത്. ആവിയുടെ ഏതാനുംഭാഗം ഘനീഭൂതമായിക്കഴിഞ്ഞാൽ ശേഷിക്കുന്ന അംശം താങ്ങാൻ വായുവിനു കഴിയുന്നു; അപ്പോൾ ആവി പിന്നെയുമുയരും. കുറേക്കൂടി മേൽ പോകുമ്പോൾ വായുവിൻെറ വഹനശക്തി കുറഞ്ഞു് ആവി പിന്നേയും ഘനീഭവിക്കുന്നു. ഇങ്ങനെയാണ് പല നിരകളിലായി മേഘങ്ങളുണ്ടാകുന്നതു്. ഒടുവിൽ ആവിയെല്ലാമൊടുങ്ങി ശുദ്ധവായുവാകും. അവിടെ മേഘങ്ങളുമില്ല. വളരെ പൊക്കം പോകണം മേഘമണ്ഡലം കടക്കാൻ. ഹിമവാനിൽ ൨൩൦൦൦ അടിയുയരത്തിൽ തറനിരപ്പിലുള്ളതിൻെറ പത്തിലൊന്നും, ൪൬൦൦൦ അടി പൊക്കത്തിൽ നൂററിനൊന്നും വീതം വായുവിൽ ആവിക്കലപ്പുണ്ടെന്നു ക

ണ്ടിരിക്കുന്നു. സാമാന്യമായി പറയുന്നതായാൽ, വായുവിൽ നൂററിനൊന്നു വീതം നീരാവിയുണ്ടെന്നു ഗണിക്കാം.

വായുവിൽ ധൂളി (Dust) യുണ്ടെന്നു പട്ടണവാസികളോട് പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. തെരുവുകളിൽക്കൂടി സഞ്ചരിക്കുമ്പോഴും, വണ്ടികളോടുമ്പോഴും കണ്ണിലും മൂക്കിലും കയറി അതു ചെയ്യുന്ന ഉപദ്രവം ഇത്രമാത്രമെന്നില്ല. കാററടിച്ചു പറത്തി വേലികൾപോലും പൊടിയണിഞ്ഞുള്ള കാഴ്ച നാട്ടിൻപുറങ്ങളിലും അപൂർവമല്ല. താഴെയാണു മേലല്ല അധികം പൊടിയെന്നാക്കുമറിയാം. ജലാശയോപരിയുള്ള വായുവിൽ പൊടി കുറവാണെന്നു പ്രത്യക്ഷമാണ്. സമുദ്രങ്ങളിലും ദേശഭേദംപോലെ വ്യത്യാസമുണ്ട്. ജാൻ ഐട്കൻ (John Aitken) എന്നൊരു പണ്ഡിതൻ മെനക്കെട്ടിരുന്ന് ഇതിൻെറ കണക്കറിയാൻ ഒരു യന്ത്രമുണ്ടാക്കി. കടല്പുറത്തുള്ള മണലെണ്ണുകയും ആകാശത്തുള്ള നക്ഷത്രമെണ്ണുകയും ചെയ്യുന്നതിനൊട്ടുംകുറഞ്ഞ സാഹസമല്ല വായുവിലുള്ള ധൂളികളെണ്ണാൻ. അതിനു തുനിഞ്ഞിറങ്ങി സാധിച്ച മഹാന്മാരുടെ ക്ഷമയ്ക്കു നമസ്കാരം! ഐട്കൻെറ യന്ത്രംകൊണ്ടു നോക്കിയതിൽ, മഹാർണ്ണവങ്ങളിൽ ഏററവും കുറവായി പൊടിപടലമുള്ളത് ഇൻഡ്യാമഹാർണ്ണവത്തിനു മീതെയാണെന്നു കണ്ടിരിക്കുന്നു. അവിടെ ഒരു സെൻറിമീററർ സ്ഥലത്തു (ഒരു ക്യൂബിക്കിഞ്ചിനു പതിനഞ്ചു സെൻറിമീററർ) ൨൩൨ ധൂളീകണങ്ങൾ മാത്രമെയുള്ളു. അതും മഴപെയ്തുകഴിഞ്ഞാൽ ൨൩൦-ായി കുറയും. ശാന്തമഹാർണ്ണവത്തിനു മീതെ ൧൩൨-ം അതലാന്തികാർണ്ണവത്തിനു മീതെ ൨൦൮൬-ം കണങ്ങളുണ്ടത്രെ. ലണ്ടൻ, പാരിസ്സുമുതലായ മഹാനഗരങ്ങളിൽ വായുവിൽ മൂവ്വായിരവും നാലായിരവും ചിലപ്പോൾ ലക്ഷത്തിഅമ്പതിനായിരത്തോളവും ധൂളികണങ്ങളുണ്ടായിരിക്കും. അവിടങ്ങളിലെ വായു എത്ര ദുഷിച്ചിരിക്കുന്നതാണെന്ന് പറയേണ്ടതില്ലല്ലൊ. ആകാശത്തിൽമേലോട്ടുപോകുന്തോറും പൊടികുറയും. സമുദ്രനിരപ്പിൽനിന്നു ൧൦൦൦ അടി ഉയരത്തിൽ ൯൫൦-ം, ൩൦൧൧൮ അടിക്കു ൪൦൧-ം, ൩൩൦൦൦ നു ൨൮൬-ം, ൩൬൧൦൦-നു ൩൮൬-ം കണങ്ങൾ കാണുന്നു. ശരാശരിക്കു കണക്കാക്കുമ്പോൾ, മൂവായിരം അടി പൊക്കത്തിനു അഞ്ചിലൊന്നുവീതം കീഴുള്ളതിൽ നിന്നു പൊടി കുറഞ്ഞിരിക്കുമെന്ന് പറയാം. പൊടിയുടെ ബാധയില്ലാതെ വായു ശുദ്ധമായിരിക്കകൊണ്ടാണ് ഉയന്ന കുന്നിൻപുറങ്ങളിലുള്ള വാസം ഹിതമാകുന്നത്. ആകാശം നാം നീലമായികാണുന്നത് ധൂളികണങ്ങളിൽ സൂര്യൻെറ ഉത്തരരശ്മികൾ (Violet rays) പ്രതിഫലിച്ചിട്ടാകുന്നു. വിമാനങ്ങളിൽ മേലോട്ടുപൊങ്ങുന്തോറും ആകാശം കൃഷ്ണവർണ്ണമായി ചമയുന്നതും ധൂളികളുടെ കുറവുകൊണ്ടാണ്.

# അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും.

(ആണേലിൽ കരുണാകരമേനോൻ ബി. എ.)

ഒരു അദ്ധ്യാപകന് എത്ര അറിവുണ്ടായാലും അത് ഒരിക്കലും അധികമാവുകയില്ല എന്ന് ഒരു മഹാൻ പറയുന്നു. അതിൽ വളരെ തത്വങ്ങൾ അന്തർലയിച്ചുകിടക്കുന്നുമുണ്ട്. ഏതെല്ലാം തരത്തിലുള്ള കുട്ടികൾ, ഏതെല്ലാം പ്രായത്തിലുള്ള കുട്ടികൾ, ഏതെല്ലാം വിഷയങ്ങൾ പഠിക്കുവാൻ ഒരു അദ്ധ്യാപകന്റെ അടുത്തു ചെല്ലുന്നു, ഇവരുടെ എല്ലാം അദ്ധ്യാപകനാണ് താൻ എന്ന് ഒരു ബോധം ആ അദ്ധ്യാപകനുണ്ടാകണമെങ്കിൽ എത്ര അറിവ് അദ്ദേഹത്തിനുണ്ടായിരിക്കണം. അറിവ് എന്നു പറഞ്ഞത് ചരിത്രത്തിലെ ചില തിയതികളൊ ആൾജിബ്രയിലെ ചില ഫാർമുലാസൊ കാണാതെ തോന്നുക എന്നല്ല ഞാൻ ഉദ്ദേശിക്കുന്നത്. അറിവ് എന്നുവെച്ചാൽ ലോകപരിചയം എന്നർത്ഥം. വളരെ കാലമായി തനിക്കു കിട്ടിക്കൊണ്ടുവരുന്ന ലോകപരിചയംകൊണ്ടേ ഒരു അദ്ധ്യാപകന് ഒരു വിദ്യാർത്ഥിയുടെ അല്ലെങ്കിൽ വിദ്യാർത്ഥികളുടെ ജീവിതഗതിയെ രൂപീകരിക്കുവാൻ സാധിക്കുകയുള്ളു. അദ്ധ്യാപകനായിരിക്കുന്ന കാലത്തും താൻ ഒരു വിദ്യാർത്ഥി തന്നെ ആണ് എന്ന ബോധം അദ്ധ്യാപകനുണ്ടായിരിക്കേണ്ടതാണ്. നേരെമറിച്ചു സ്കൂളോ കാളേജോ വിട്ടതോടുകൂടി പഠിക്കാനുള്ളതെല്ലാം പഠിച്ചുകഴിഞ്ഞു, താൻ എല്ലാ വിഷയത്തിലും വിദഗ്ദ്ധനായി, ഇനി ആരെ വേണമെങ്കിലും പഠിപ്പിക്കാം എന്നൊക്കെ അഭിമാനിക്കുന്നതു അബദ്ധമാണ്. അങ്ങിനെയുള്ള ഒരു ഭാവംതന്നെ അറിവില്ലായ്മയുടെ ലക്ഷണമാണ്. അറിവുണ്ടെന്ന് അഭിമാനിക്കുകയും പ്രസംഗിക്കുകയുമല്ല വേണ്ടത്. യഥാർത്ഥമായ അറിവു സമ്പാദിക്കുകയാണു വേണ്ടത്. 'കുരക്കും പട്ടി കടിക്കില്ല' എന്നു നമ്മുടെ ഇടയിലുള്ള പഴഞ്ചൊല്ലിന്റെ അർത്ഥവും ഏതാണ്ടിതുതന്നെ ആണ്. പഠിപ്പിക്കുന്നതിനുള്ള ലൈസൻസു ഏതുക്ലാസുവരെയെങ്കിലും ആയിക്കൊള്ളട്ടെ, അറിവു എല്ലാവർക്കും അത്യാവശ്യമായിട്ടുള്ള ഒന്നാണ്. നാലാംക്ലാസ്സുവരെ പഠിപ്പിക്കുവാൻ ലൈസൻസുള്ള ആൾക്കു ഇത്ര അറിവ്, അഞ്ചാംക്ലാസുവരെ ഇത്ര അറിവ്, എന്നൊരു ക്ലിപ്തം ചെയ്യുന്നതു സാദ്ധ്യമല്ല. ശരിക്കു നോക്കുകയാണെങ്കിൽ എത്രത്തോളം അറിവു കൂടുന്നുവോ അത്രത്തോളം ചെറിയ കുട്ടികളെ വേണം പഠിപ്പിക്കുവാൻ അടുത്ത ഒരു അവസരത്തിൽ എന്റെ ഒരു സഹായാദ്ധ്യാപകനോട് ഞാൻ 'നിങ്ങൾ ഇങ്ങനെ സമയം വെറുതെ കളയുന്നുവല്ലൊ. വല്ലതും വായിക്കയെങ്കിലും ചെയ്യരുതേ' എന്നു ചോദിച്ചപ്പോൾ അദ്ദേഹം

പറഞ്ഞ മറുപടി ഇതാണ്, എനിക്കു ഏഴാംക്ലാസ്സുവരെ പഠിപ്പിക്കാനെ ലൈസൻസുള്ളു. അതിനു വേണ്ട അറിവൊക്കെ എനിക്കുണ്ട്. ഇനി ഒന്നും സമ്പാദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ ഒരു മനസ്ഥിതി ആണു നമ്മുടെ ഇടയിൽ അധികംപേൎക്കുമുള്ളതു്. ഇത്തരത്തിലുള്ള പഠിപ്പിക്കൽ ഏതാണ്ടു് ഒരുപറ അരിവച്ചു കഴിക്കുന്ന സദ്യക്കു് ആയിരമോ അതിലധികമോ ആളുകളെ ക്ഷണിക്കുന്നതുപോലെ ആകുന്നു. ചരിത്രം പഠിപ്പിക്കുന്ന ആൾ നാലും നാലും കൂടിയാൽ എത്രയെന്നോ, കണക്കുപഠിപ്പിക്കുന്ന ആൾ ശിവാജി ആരാണെന്നൊ ഇവർ രണ്ടുപേരും അമ്ലജനകം (Oxygen) എന്നാൽ എന്താണെന്നൊ, മനസ്സിലാക്കിയാൽ വലിയ വൈഷമ്യമുണ്ടെന്നു തോന്നുന്നില്ല. സയൻസ്സ് പഠിപ്പിക്കുന്ന ആൾ സയൻസും ജീവിതവുമായുള്ള ബന്ധം ഇന്നതാണെന്നു മനസ്സിലാക്കിയാലും വൈഷമ്യമില്ല.

നാം ജ്ഞാനവൃദ്ധന്മാരല്ലാത്തതുകൊണ്ടു നമ്മുടെ കുട്ടികളോടുള്ള പെരുമാററത്തിൽ വലുതായുള്ള ഒരു മാററം സംഭവിക്കുന്നു. വിദ്യ അഭ്യസിക്കുവാൻ വരുന്നവർ യാചനക്കുവേണ്ടി പാത്രവുമെടുത്തു വരുന്നവരാണൊ എന്നൊരു ഭാവവുംകൂടി നമ്മുടെ ഇടയിൽ ഉള്ളതുപോലെ തോന്നുന്നു. ഈ ഒരു മനോഭാവം വളരെ ചീത്തയായിട്ടുള്ള ഒന്നാണ്. വിദ്യാഭ്യാസം എന്നുവെച്ചാൽ അദ്ധ്യാപകൻ താൻ സമ്പാദിച്ചുവെച്ചിട്ടുള്ള ജ്ഞാനം കുട്ടികൾക്കു അല്പാല്പം വിലക്കുകൊടുക്കുകയല്ല. കൊടുക്കുവാനായി അദ്ധ്യാപകൻെറ കയ്യിൽ ഒന്നുമില്ലതാനും. എന്നാൽ തനിക്കു വളരെകാലമായി സിദ്ധിച്ചിട്ടുള്ള ലോകപരിചയത്തിൻെറ ഫലമായി വിദ്യാൎത്ഥികളുടെ ജീവിതഗതി ഏതാണ്ടു രൂപീകരിക്കുവാൻ അദ്ധ്യാപകനു സാധിക്കുമായിരിക്കും—അതായതു വിദ്യാർത്ഥികളിൽ ലയിച്ചുകിടക്കുന്ന ജ്ഞാനവിത്തു മുളച്ചു് വളൎന്നുവരുന്നതിനെ സഹായിക്കുക. അതാണ് സ്വാമി വിവേകാനന്ദൻ "വിദ്യാഭ്യാസം എന്നുള്ളതു മനുഷ്യനിൽ ജന്മനാ നിക്ഷിപ്തമായിരിക്കുന്ന പരിപൂൎണ്ണതയുടെ പ്രകാശനം മാത്രമാണ്" (Education is the manifestation of the perfiction already in man) എന്നു പറഞ്ഞിട്ടുള്ളതു്.

ഇന്നു വിദ്യാൎത്ഥികളായി നമ്മുടെ അടുക്കൽ വരുന്ന കുട്ടികൾ നാളെ ഏതൊരു നിലയിൽ എത്തും എന്നുള്ളതു നമുക്കു് അറിഞ്ഞുകൂടാ. അതറിയാതെ നമ്മുടെ കയ്യിലുള്ള ചെറിയ മുഴക്കോൽ വെച്ചളന്നു്, ഇയാൾ വിഢി, അയാൾ മണ്ടൻ, മൂന്നാമതൊരാൾ ഒന്നിനും കൊള്ളരുതാത്തവൻ എന്നൊക്കെ അഭിപ്രായം പറഞ്ഞു തള്ളിക്കളയുന്നതു സാഹസമാണ്. മൂന്നുകൊല്ലംപോയി, നാലും അഞ്ചുംകൊല്ലം ഓരോ ക്ലാസിൽ പഠിച്ചു്, ആ

ക്ലാസുകളിലെ ബഞ്ചും ഡസ്കും മാറുമായി നല്ല പരിചയം സമ്പാദിച്ചിട്ടുള്ള ഒരാൾ നാളെ ഒരു അദ്ധ്യാപകനാകുമ്പോൾ അയാൾ തനിക്കു കിട്ടിയിട്ടുള്ള കുട്ടികളെക്കുറിച്ച് ഇങ്ങിനെ ഒരു അഭിപ്രായം പാസാക്കുന്നതിൽപരം സാഹസം എന്താണുള്ളത്.? ഇങ്ങിനെയുള്ള രസികന്മാർ തങ്ങളുടെ വിദ്യാർത്ഥിജീവിതത്തെ മാതൃകയാക്കികാണിച്ചുകൊണ്ടു പ്രസംഗങ്ങൾ തട്ടിമൂളിക്കുന്നതും ഇന്നു അസാധാരണമല്ല. ഈ ഒരു മനസ്ഥിതി നമ്മുടെ ഇടയിൽനിന്നു പോയി, അദ്ധ്യേതാക്കൾ ഈശ്വരാംശങ്ങൾ തന്നെയാണ്, അവരെ ബഹുമാനിക്കുകയും ആദരിക്കുകയും സ്നേഹിക്കുകയുമാണു വേണ്ടതു്, അവരോടു അനാദരവു കാണിക്കുകയും അവരെ നിസ്സാരന്മാർ എന്നു കരുതി അധിക്ഷേപിക്കുകയുമല്ല വേണ്ടതു്, എന്നുള്ള ബോധം നമ്മുടെ ഇടയിൽ എന്നുണ്ടാകുന്നുവോ അന്നു മാത്രമെ അദ്ധ്യാപകന്മാർ എന്ന പേരിനു നാം അർഹന്മാരാകയുള്ളു. നാലുവയസ്സുമുതൽ പലതരത്തിലുള്ള കുട്ടികളും നമ്മുടെ അടുക്കൽ വരുന്നുണ്ട്. നാം അവരെപ്പററി എന്തു വിചാരിക്കുന്നു, അവരോട് എങ്ങിനെ പെരുമാറുന്നു, ഇതിനെ ആശ്രയിച്ചിരിക്കും അവരുടെ ഭാവി. ഒന്നാംക്ലാസുമുതൽ പത്താംക്ലാസുവരെ, നീ കഴുതയാണ്, നിൻെറ തലയിൽ കളിമണ്ണാണ്, എന്നൊരു അദ്ധ്യാപകൻ ഒരു കുട്ടിയോടു പറയുകയാണെങ്കിൽ പത്താംക്ലാസു പാസായി പുറത്തുവരുന്ന ആ കുട്ടിക്ക് അങ്ങിനെ ഒരു മനസ്ഥിതി അല്ലാതെ മറെറന്തു മനസ്ഥിതിയാണുണ്ടാകുക. മാതാപിതാക്കന്മാർ വളരെക്കാലമായി അവർ ചെയ്ത പുണ്യത്തിൻെറ ഫലമായി അവർക്കു കിട്ടിയിട്ടുള്ള ഓമനക്കുഞ്ഞുങ്ങളെ സ്കൂളിലേക്കു അയക്കുമ്പോൾ അവർക്ക് അവിടെ കിട്ടുന്ന ലാളന എന്താണെന്നു നാം ഊഹിച്ചുനോക്കുക. ഭാവി സ്വതന്ത്രഭാരതത്തിലെ ഉത്തമപൗരന്മാരാകേണ്ട ഈ കുട്ടികളെ ഇപ്പോൾ മുതല്ക്കു ഇങ്ങിനെ കഴുതകളും കുരങ്ങന്മാരുമാക്കിത്തീർക്കുകയാണ് അദ്ധ്യാപകന്മാർ ചെയ്യുന്നതെങ്കിൽ രാഷ്ട്രനിർമ്മാണത്തിൽ അവർക്കുള്ള പങ്കു കേമംതന്നെ. മാതാപിതാക്കന്മാരെപോലെ സാധിച്ചില്ലെങ്കിലും അങ്ങിനെ ഒരു ഭാവനയോടുകൂടിയെങ്കിലും അദ്ധ്യാപകന്മാർക്ക് എന്തുകൊണ്ടു കുട്ടികളോടു പെരുമാറിക്കൂടാ?. വമ്പിച്ചഒരു ശത്രുവേക്കൂടി സ്നേഹംകൊണ്ടു ജയിക്കാം എന്നു ലോകഗുരുവായ മഹാത്മജി നമ്മെ പഠിപ്പിക്കുന്നു. എന്നിട്ടാണോ ഈ പിഞ്ചുകുഞ്ഞുങ്ങളെ സ്നേഹംകൊണ്ടു വശത്താക്കാൻ സാധിക്കാത്തതു് ? മാതാപിതാക്കന്മാർ കൊടുത്തിട്ടുള്ള ഓമനപ്പേരുകൾ വിളിക്കാതെ എന്തിനു കുട്ടികളെ എടാ-നീ എന്നൊക്കെ വിളിക്കുന്നു. ഇതിൽപരം പാപം എന്താണുള്ളതു്. എടാ, നീ എന്നു കേട്ടുകേട്ടു ചെവി തഴമ്പിച്ച കുട്ടികൾക്കു അടിമമനസ്ഥിതി അല്ലാതെ എന്താണുണ്ടാവുക. ഇതുകൊണ്ടും ആയില്ലെങ്കിൽ ചൂരലിനു കീഴടങ്ങാത്ത ഒരു കുട്ടിയുണ്ടോ എന്ന ഭാവവും അദ്ധ്യാപകന്മാർ കൈക്കൊള്ളുന്നു. ചുരുക്കി

പ്പറയുന്നതായാൽ ജാത്യാ സ്വാതന്ത്ര്യേച്ഛുക്കളായ കുട്ടികളുടെ സ്വാതന്ത്ര്യബോധം വേരോടെ നശിപ്പിക്കുന്നതിനുവേണ്ട എല്ലാ ഏർപ്പാടുകളും രാഷ്ട്രനിർമ്മാതാക്കളായനാം ചെയ്തുപോരുന്നുണ്ട്. ഇതിൽ കൃതഘ്നതയായ എന്തൊരുപകാരമാണു നാം നമ്മുടെ മാതൃഭൂമിക്കു ചെയ്യേണ്ടതു്. അദ്ധ്യാപകന്മാർ കുട്ടികളെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നില്ലെങ്കിൽ കുട്ടികൾ എങ്ങിനെ അദ്ധ്യാപകന്മാരെസ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.? ഇന്ന് ഏതു സ്കൂളിൽ നോക്കിയാലും ഒരു കാര്യം നമുക്കു പ്രത്യക്ഷമായി കാണാൻ സാധിക്കും. കുട്ടികൾ പത്തുമണിക്കു സ്കൂളിൽവന്നാൽ അപ്പോൾ തന്നെ അവരുടെവീട്ടിലേക്കു പോകാൻഅനുവദിച്ചാൽ അവൎക്ക് അതു സന്തോഷം. സ്കൂൾ എന്നും ഒഴിവാണെങ്കിൽ അവൎക്ക് അതിലധികം സന്തോഷം. ക്ലാസിൽ പഠിപ്പിക്കുവാൻ ചെല്ലുമ്പോൾ കുട്ടികൾ പറയുന്നതു നാം ദിവസവും കേൾക്കുന്നുണ്ടല്ലൊ. "സാർ, ഇന്നു പാഠം വേണ്ട ഞങ്ങളെ വിട്ടേക്കു". കുട്ടികൾക്ക് അങ്ങിനെ ഒരു മനസ്ഥിതി വരുമ്പോൾ അവരെ പഠിപ്പിക്കാൻ അദ്ധ്യാപകന്മാൎക്ക് എന്തൊരു സുഖമാണുള്ളതു്. ഇതിൻെറ രഹസ്യമെന്താണ്.? തീർച്ചയായും ഇതെല്ലാം അദ്ധ്യാപകന്മാരുടെ അദ്ധ്യേതാക്കളോടുള്ള പെരുമാററത്തെ ആശ്രയിച്ചാണ് ഇരിക്കുന്നതു്.

ഈ വക കാര്യങ്ങൾക്കു പുറമെ വേറെ ചില കാര്യങ്ങളിലും നാം പ്രത്യേകം മനസ്സുവെക്കേണ്ടതുണ്ട്. താൻ പഠിപ്പിക്കുന്ന കുട്ടികളുമായി ഇന്നത്തെ അദ്ധ്യാപകനു അടുത്തു പരിചയം ഉണ്ടോ?. പത്തുമണി മുതൽ നാലുമണിവരെ ക്ലാസിൽ കാണുന്നു എന്നല്ലാതെ അവർ എവിടെനിന്നു വരുന്നു എന്നൊ, അവരുടെ മാതാപിതാക്കന്മാർ ആരെന്നൊ, അവരുടെ കുടുംബസ്ഥിതി ഇന്നതെന്നൊ, അവരുടെ സ്വഭാവം ഇന്നതെന്നൊ, അവരുടെ ദേഹസ്ഥിതി ഇന്നതെന്നൊ അറിയുന്നതിൽ നാം തീരെ ശ്രദ്ധവെക്കുന്നില്ല. ചിലർ കുട്ടികളെ നമ്പർകൊണ്ടു മാത്രം അറിയുന്നു. മററു ചിലർ ബഞ്ചിൽ അവർ ഇരിക്കുന്ന സ്ഥാനംകൊണ്ടറിയുന്നു. മററു ചിലർ അറിയുന്നേയില്ല. ഇതു നമ്മുടെ വിദ്യാഭ്യാസത്തിലുള്ള ഒരു വലിയ ദോഷം അല്ലേ?. ഇതിന്നുത്തരവാദി ആരാണ്.? നമ്മുടെ അടുക്കൽ പഠിക്കുവാൻ വരുന്ന ഓരോ കുട്ടിയേയും നാം നല്ലവണ്ണം മനസ്സിലാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ പിന്നെ നമുക്ക് അവരുമായി എന്തൊരു ബന്ധമാണുള്ളതു്.? പിന്നെ എന്തു പഠിപ്പിക്കലാണ്?. ഇതാണു വിദ്യാഭ്യാസം. ക്ലാസിൽവന്നു കണ്ണടച്ചുകൊണ്ടൊ, മേല്പോട്ടു നോക്കികൊണ്ടൊ ഒരുമണിക്കൂർ നേരമൊ അരമണിക്കൂർനേരമൊ ഒരു പ്രസംഗം ചെയ്യുന്നതാണോ വിദ്യാഭ്യാസം. കുട്ടികളേയും അവരുടെ പരിതസ്ഥിതികളേയും മററും നല്ലവണ്ണം മനസ്സിലാക്കി അതനുസരിച്ചു പ്രവൎത്തിക്കുവാൻ നാം തയ്യാറാകണം. അവരിൽ നിന്നും വളരെ ഉയൎന്ന ഒരു പദവിയെ ആണു നാം അലങ്കരിക്കുന്നതു് എ

ന്നു കരുതാതെ അവരുമായി ഒന്നിച്ചു ചേൎന്നു് അവരുടെ പ്രവൃത്തികളിലും വിനോദങ്ങളിലും മററും നാം പങ്കുകൊള്ളണം. ചുരുക്കത്തിൽ അവരും നമ്മളും ഒന്നാണെന്നുള്ള ബോധം നമ്മളിലുണ്ടാകണം. ഏതെങ്കിലും ഒരു കുട്ടി വളരെ ദരിദ്രനായിരിക്കാം; വല്ല സുഖക്കേടുനിമിത്തമൊ മററൊ കുറെ ദിവസം സ്കൂളിൽ വരുന്നില്ലെന്നു വിചാരിക്കുക. ഹാജർപുസ്തകത്തിൽ a എന്നു അടയാളപ്പെടുത്തുകയല്ലാതെ കുട്ടി ഏതാണു്, അയാൾ എന്തുകൊണ്ടു സ്കൂളിൽ വരുന്നില്ല, സുഖക്കേടൊ മററൊ ആണെങ്കിൽ വല്ലവരും ചികിത്സിക്കുന്നുണ്ടോ, എന്താണു സ്ഥിതി എന്നൊക്കെ നാം വല്ല അന്വേഷണവും നടത്താറുണ്ടോ.? അദ്ധ്യാപകൻെറ അല്ലെങ്കിൽ ഇതു പിന്നെ ആരുടെ ചുമതലയാണ്.? വിദ്യാൎത്ഥികൾ പത്തുമണിമുതൽ നാലുമണിവരെ മാത്രമല്ല, സ്കൂളിനുള്ളിൽ മാത്രമല്ല നമ്മുടെ വിദ്യാൎത്ഥികൾ. നാലുമണി കഴിഞ്ഞാലും സ്കൂളിനുപുറത്തും അവർ നമ്മുടെ വിദ്യാർത്ഥികളാണ്. അതല്ലെങ്കിൽ ഇതു വെറും കഥകളി തന്നെയല്ലെ.? അരങ്ങത്തു വരുമ്പോൾ കിരാതനും, വേഷമഴിക്കുമ്പോൾ, ശങ്കുണ്ണിക്കുറുപ്പും ആകുകയല്ലെ ചെയ്യുന്നതു്.? ജാതിമതവ്യത്യാസമെന്നിയെ-സ്ഥലകാലവ്യത്യാസമെന്നിയെ-നമ്മുടെ വിദ്യാൎത്ഥികളെപ്പററി അന്വേഷിക്കേണ്ട ഭാരം നമുക്കുണ്ടു്. അതിൽവച്ചു വരുന്ന കഷ്ടപ്പാടുകൾ അനുഭവിക്കുവാൻ നാം തയ്യാറാകണം. ഇങ്ങനെ കുറച്ചുദിവസം പ്രവൎത്തിച്ചാൽകാണാം അദ്ധ്യാപകനു നിലയുംവിലയും ഉണ്ടോ എന്നു്.

ഇങ്ങിനെ അദ്ധ്യേതാക്കളുമായിട്ടുള്ള ബന്ധം ഉറച്ചുകഴിഞ്ഞാൽ പിന്നെ അദ്ധ്യാപകനുള്ള പ്രധാനജോലി കുട്ടികളുടെ സ്വഭാവ രൂപീകരണമാകുന്നു. ചെറിയ കുട്ടികളായതുകൊണ്ടു് അദ്ധ്യാപകൻ വിചാരിക്കുന്നമാതിരിയിൽ തന്നെ കുട്ടികളുടെ മനസ്സു അല്ലെങ്കിൽ സ്വഭാവം രൂപീകരിക്കുവാൻ സാധിക്കുമല്ലൊ. അതുകൊണ്ടു് എപ്പോഴും ഉൽകൃഷ്ടങ്ങളായ ആദൎശങ്ങൾ ഉള്ളിൽ വച്ചുകൊണ്ടുവേണം അദ്ധ്യാപകൻ പ്രവൎത്തിക്കുവാൻ. ചില്ലറ ചുമതലയല്ല അദ്ധ്യാപകനുള്ളതു്. നമ്മുടെ നാടിൻെറ ഭാവി മുഴുവനും നമ്മിലാണു സ്ഥിതിചെയ്യുന്നതു്. കുട്ടികളുടെ സ്വഭാവം നന്നാകണമെങ്കിൽ അദ്ധ്യാപകന്മാരുടെ സ്വഭാവവും നന്നാകണമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ആദ്യമായി അദ്ധ്യാപകൻ ഈശ്വരവിശ്വാസം നല്ലപോലെ കുട്ടികളിൽ ഉണ്ടാക്കണം. അതായിരിക്കണം പിന്നീടു പണിതുണ്ടാക്കാൻ പോകുന്ന കോട്ടയുടെ അടിത്തറ. ഈ അടിത്തറയിൽ പണിചെയ്യപ്പെട്ടിട്ടുള്ള സ്വഭാവക്കോട്ടയേ നിലനില്ക്കുകയുള്ളു. എപ്പോഴും എന്തു പഠിപ്പിക്കുമ്പോഴും ഇതു് അദ്ധ്യാപകൻെറ മനസ്സിലുണ്ടായിരിക്കേണ്ടതാണ്. ഇതൊന്നാണു് ഇന്നത്തെ സ്കൂളിൽ കണികാണാൻ കൂടി ഇല്ലാത്തതു്. ഇങ്ങനെ അടിക്കല്ലിട്ടുകഴിഞ്ഞാൽ കുട്ടികളെ സന്മാൎഗ്ഗങ്ങളിൽകൂടി തെളി

ച്ചുകൊണ്ടുപോകണം. സത്യം, ദയ, ത്യാഗം, സാധുജനസേവനം, ബ്രഹ്മചര്യം മുതലായവയെക്കുറിച്ചു കുട്ടികൾക്കു ജ്ഞാനം ഉണ്ടാക്കികൊടുക്കുന്നതു കൂടാതെ അവരെ ആ വഴിക്കു പ്രവൎത്തിക്കുവാൻ അഭ്യസിപ്പിക്കുകയും വേണം.

ഇതുപോലെതന്നെ പ്രധാനമായ മറെറാരു കാൎയ്യം കുട്ടികളെ സ്വദേശാഭിമാനികളാക്കിത്തീൎക്കുക എന്നുള്ളതാകുന്നു. ചരിത്രം പഠിപ്പിക്കുമ്പോഴും മററും ഈ കാൎയ്യത്തിൽ അദ്ധ്യാപകന്മാർ പ്രത്യേകം ശ്രദ്ധവെക്കണം. തന്റെ രാജ്യത്തെക്കുറിച്ചു സ്നേഹം ഉദിപ്പിക്കുന്നതിന് ഏതൊരവസരം കിട്ടുന്നുവോ അതു ഒരിക്കലും വെറുതെ കളയരുത്. നാം ഇപ്പോൾ കുട്ടികളെ നമ്മുടെ നാടിന്റെ ചരിത്രവും അന്യരാജ്യങ്ങളുടെ ചരിത്രവും പഠിപ്പിക്കുന്നുണ്ട്. എന്നാൽ ചരിത്രം എന്നാൽ എന്തെന്നോ അതു പഠിപ്പിക്കേണ്ട സമ്പ്രദായം ഇന്നതെന്നോ അതിന്റെ പരമമായ ഉദ്ദേശം ഇന്നതെന്നോ നാം ഒരിക്കലും ആലോചിക്കുന്നില്ല. അതിനെക്കുറിച്ചു വിസ്തരിക്കുന്നതായാൽ അതുതന്നെ ഒരു ലേഖനമായിത്തീരുമെന്നു ഭയന്ന് അതിനു ഇപ്പോൾ തുനിയുന്നില്ല. പരിശുദ്ധങ്ങളായ ഉദ്ദേശങ്ങളോടുകൂടി, നമ്മുടെ നാട്ടുകാർ എഴുതിയിട്ടുള്ള നമ്മുടെ നാടിന്റെ യഥാൎത്ഥചരിത്രമാണ് 'കുട്ടികൾക്കു സ്വരാജ്യസ്നേഹം ഉണ്ടാക്കുക' എന്ന ഉദ്ദേശത്തെ മുൻനിറുത്തി നാം നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടത്. സ്വദേശീയവ്രതം, ദേശീയഗാനങ്ങൾ, സ്വഭാഷാസ്നേഹം മുതലായവയും സ്വരാജ്യസ്നേഹത്തെ ഉദ്ദീപിപ്പിക്കുന്നവയാണ് എന്ന ബോധവും നമ്മളിൽ ഉണ്ടായിരിക്കേണ്ടതാണ്.

ഒരു കാൎയ്യവും കൂടി നാം പ്രത്യേകം ഓൎമ്മയിൽ വെക്കണം. മററുള്ള രാജ്യങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ നമ്മുടെ കുട്ടികളുടെ ദേഹസ്ഥിതി എത്രയും ശോചനീയമായ ഒന്നാണെന്ന് ഏവൎക്കും അറിയാറാകും. അഞ്ഞൂറോ ആയിരമോ കുട്ടികളുള്ള ഒരു സ്കൂളിൽ ശരിയായ ഒരു മെഡിക്കൽ പരിശോധന നടത്തിയാൽ കാണാം, അരോഗദൃഢഗാത്രന്മാരായി നൂററുക്കു ഒന്നോ രണ്ടോ കാണുമോ എന്നുള്ളതു്. നാം പഠിപ്പിക്കുവാൻ ക്ലാസിൽചെല്ലുമ്പോൾ നമ്മുടെ മുമ്പിൽ ഇരിക്കുന്ന കുട്ടികളെ ഒന്നു സൂക്ഷിച്ചു നോക്കിയാൽ നമുക്കു ഇതു് എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കും. രക്തപ്രസാദമുള്ളതോ ജീവനുള്ളതോ ആയ ഒരു കുട്ടിയെയെങ്കിലും കാണുവാൻ പ്രയാസമാണ്. ഇത്തരത്തിലുള്ള സത്വങ്ങളാണു നാളത്തെ പൌരന്മാർ. 'ചിത്രമഹോ ബത ചിത്രം ചിത്രം' എന്നല്ലാതെ എന്തു പറയട്ടെ, ലോകത്തിൽ—പരിഷ്കൃതലോകത്തിൽ—എന്തെല്ലാം ദോഷങ്ങളുണ്ടോ അതെല്ലാം നമ്മുടെ കുട്ടികൾക്കുമുണ്ട്. അവർ ഉപയോഗിക്കാത്ത ലഹരിസാധനങ്ങൾ ഇല്ല. ബ്രഹ്മചൎയ്യം എന്നതു നമ്മുടെ കുട്ടികൾ

ക്കു സ്വപ്നത്തിൽക്കൂടി ചിന്തിക്കുവാൻ വയ്യ. ശരിയായ വ്യായാമം അവക്കില്ല. ദേഹത്തെ പോഷിപ്പിക്കുന്നതായ ആഹാരവും അവക്കു ചുരുക്കമാണ്. മിക്ക കുട്ടികളും ചായ എന്ന ഉൽകൃഷ്ടനാമധേയത്തോടുകൂടിയ കാടിവെള്ളം കുടിച്ചുകൊണ്ടാണു കാലത്തു സ്കൂളിൽ വരുന്നത്. പിന്നെ ഉണ്ടോ ആരോഗ്യം കണികാണ്മാൻ സാധിക്കുന്നു. ഇതിനൊക്കെ എന്താണ് ഒരു പരിഹാരമാർഗ്ഗം.? ഇതിനെപററി ആലോചിക്കേണ്ടതു് ആരാണ്.? മാതാപിതാക്കന്മാർ ഞാൻ ഇതിനുമുമ്പു പറഞ്ഞമാതിരി കുട്ടികളെ സ്നേഹമില്ലാത്തതുകൊണ്ടോ, ഉത്തരവാദിത്വമില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ ഇതെല്ലാം അധ്യാപകൻെറ ചുമതലയാണെന്നു പറഞ്ഞു തള്ളുന്നതുകൊണ്ടോ എന്തോ ഇതിനൊന്നും പ്രവേശിക്കാത്തതു്.. നട്ടെല്ലു വളയാത്ത-കവിളൊട്ടാത്ത-കണ്ണു കുണ്ടിൽപോകാത്ത-എല്ലു പൊങ്ങാത്ത- ഒരു കൊച്ചു കുഞ്ഞിനെയെങ്കിലും ഒരു സ്കൂളിനുള്ളിലും ഇന്നു കാണുവാൻ പ്രയാസമായിരിക്കുന്നു. കുററമാണോ എപ്പോഴും കുപ്പായമൂരാതെ പെണ്ണുങ്ങളുടെമാതിരി ദേഹമെല്ലാം അവർ മൂടിവെച്ചിരിക്കുന്നതു്. ഈ വികൃതവേഷം പുറത്തുകാണിക്കുന്നതിൽ അവക്കു ലജ്ജയാകുന്നു. ഈ വക ദോഷങ്ങൾ പരിഹരിക്കുന്നതിലും അധ്യാപകൻ പ്രത്യേകം മനസ്സിരുത്തുവാൻ ചുമതലപ്പെട്ടവനാണ് എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

# ഭാരതഖണ്ഡത്തിൻെറ അതീതപ്രഭാവം.

(സി. പി. ഗോവിന്ദപ്പിള്ള എം. ആർ. എം. എസ്സ്.)

“കാലത്തിനേതുമധീനമാണെങ്കിലും
കാലമേതിന്നുമധീനമല്ല.

ലോകത്തെയുണ്ടാക്കിവയ്പതുംകാലംതാൻ
ലോകംമുടിപ്പതുംകാലമത്രെ.

മണ്ണിനെവിണ്ണാക്കീടുന്നതുംകാലംതാൻ
വിണ്ണു മണ്ണാക്കാനുംകാലംതന്നെ.

ചക്രംതിരിയുന്നകാലംമഹായുഗ-
ചക്രംപലതുംജനിപ്പിക്കുന്നു.”

26 OCT 193
MADRAS





സുപ്രസിദ്ധ ശാസ്ത്രജ്ഞനായ

ജെ. സി. ബോസും അദ്ദേഹത്തിന്റെ കുടുംബവും

അഹോ! ഇതെത്ര വാസ്തവം!! നാഗരികപ്രാഭവത്താൽ നാഗലോകസന്നിഭമായിരുന്ന അന്നത്തെ ഭാരതവർഷമെവിടെ? നാരകീയതമസ്സടഞ്ഞു നാനാവിധമായിത്തീൎന്ന ഇന്നത്തെ ഇൻഡ്യാരാജ്യമെവിടെ? അക്കാലത്തെ ശിക്ഷാപദങ്ങളും ശില്പാലയങ്ങളും, ഗോവാജിശാലകളും ഗോപുരസൌധങ്ങളും, വിദ്യാനിലയങ്ങളും വിദ്വത്സമിതികളും, ആതുരമന്ദിരങ്ങളും അങ്ങാടിത്തെരുവുകളും ഇക്കാലത്തെവിടെപ്പോയി? കാലംതന്നെയാണതിനുത്തരവാദി. അപ്പോൾ ഇവിടം ആവിധമായിരുന്നുവെന്നിപ്പോളാരു സമ്മതിക്കും? ലോകപരിഷ്കാരത്തിനായി ഭാരതഖണ്ഡം യാതൊന്നും ചെയ്തിട്ടില്ലെന്നും മററു രാജ്യങ്ങൾ അറിഞ്ഞുംകൊണ്ട് ഭാരതത്തിൽനിന്ന് ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്നും വരാവുന്നതാണ്. എങ്കിലും ചരിത്രങ്ങളിൽനിന്ന് ഗ്രഹിക്കാവുന്ന കാലത്തിനു മുൻപെ ഈ ഖണ്ഡം ശാസ്ത്രതത്വങ്ങളറികയും ഇപ്പോൾ നടപ്പുള്ള ഭൂരിപക്ഷം ശാസ്ത്രങ്ങളുടെ മൂലസിദ്ധാന്തങ്ങളെ വികസിപ്പിച്ചുഫലിപ്പിക്കയും ചെയ്തിരുന്നു.

കഴിഞ്ഞ ഒരു ശതാബ്ദത്തിൽ മനുഷ്യവർഗ്ഗത്തിനുണ്ടായ അഭിവൃദ്ധി അതോളം പല നൂററാണ്ടുകൾകൊണ്ടുണ്ടായിട്ടുള്ളതിന് തുല്യമൊ അതിലധികമൊ ആയിരുന്നു. ശാസ്ത്രവിഷയത്തിൽ ലോകത്തിന്റെ ഇപ്പോഴത്തെ സ്ഥിതി ഇതിനുമുൻപിലുണ്ടായിരുന്നതിൽനിന്ന് മെച്ചംതന്നെയാണ്. ഇക്കാലത്തെ അഭിവൃദ്ധിയുടെ ഗതി മന്ദമല്ല. എങ്കിലും കുറെകാലത്തിന് മുൻപുവരെ അമന്ദമല്ലായിരുന്നു. പണ്ട് മനുഷ്യവർഗ്ഗം കണ്ടറിഞ്ഞശേഷം മറഞ്ഞുപോയ പലതും വീണ്ടും കണ്ടുപിടിക്കേണ്ടതായി വന്നതാകാം ഇതിനു കാരണം. ഭാരതീയരുടെ ശാസ്ത്രതത്വങ്ങളെ പാശ്ചാത്യർ ഉപയോഗപ്പെടുത്തിയിരുന്നുവെന്നു വരുകിൽ മനുഷ്യവർഗ്ഗത്തിന്റെ തൽക്കാലസ്ഥിതി ഇതിലും എത്രയോ ഉപരിയായിരുന്നേനെ.

ജീവിതത്തിന് അപേക്ഷിതമായ വിജ്ഞാനം—ഔഷധവിജ്ഞാനീയത്തിൽ പണ്ടു ഭാരതീയർ അത്യുന്നതപദത്തെ അലംകരിച്ചിരുന്നു. 'ആയുർവ്വേദം' എന്നാണല്ലൊ ഈ ശാസ്ത്രത്തിന് അവർ കല്പിച്ച പേര്. അംഗവിജ്ഞാനം, ശാരീരം, അണുവിജ്ഞാനം എന്നിവയിൽ അപാരജ്ഞാനം അവർ ആൎജ്ജിച്ചു. തത്തുല്യമായ വൈദഗ്ദ്ധ്യം ശസ്ത്രക്രിയയിലും ഉണ്ടായിരുന്നു ആ രീതികളിൽ ചിലതു് ഇക്കാലത്തെ ശസ്ത്രപ്രയോഗത്തിലുൾപ്പെട്ടിട്ടുണ്ട്. ജീവചൈതന്യത്തോടുകൂടിയ ശരീരത്തിന്റെ ഒരു ഭാഗത്തുനിന്ന് മാംസം വാൎന്നെടുത്തു വേറൊരിടത്തുവച്ചു പിടിപ്പിക്കുന്ന വിദ്യയുടെ ഉദയം ഭാരതരാജ്യത്തിലാണ്. ഇക്കാലത്തെ പാശ്ചാത്യശസ്ത്രക്രിയോപകരണങ്ങളിൽ പലതിന്റെയും പേരുകൾപോലും പ്രാചീനസംസ്കൃതത്തിൽനിന്നുള്ള ഭാഷാന്തരീകൃതങ്ങളായി തോന്നിപ്പോകുന്നു.

കല്പനാശക്തിയിലും അർത്ഥഗുപ്തപ്രയോഗങ്ങളിലും ഭാരതീയർ അദ്വിതീയരാണ്. സാമാന്യതത്വങ്ങളെ രസകരങ്ങളായ കഥകളാൽ അവർ വിവരിച്ചിട്ടുണ്ട്. എത്രയൊ നൂററാണ്ടിനു മുൻപു ഗ്രഹിച്ചിട്ടുള്ള ചില തത്വങ്ങൾ ഇക്കാലത്തെ ചിന്താസന്താനങ്ങളായി ഇയ്യിടെ പ്രത്യക്ഷപ്പെട്ടുന്നു. മരോട്ടിയെണ്ണ കുഷ്ഠരോഗത്തിന് സിദ്ധൌഷധമാണെന്ന് ബൌദ്ധകാലത്തുതന്നെ ഇവിടെ അറിഞ്ഞിരുന്നു. പാശ്ചാത്യർ ഈ ഔഷധംകൊണ്ട് കുത്തിവച്ചു തുടങ്ങിയതു ഇയ്യിടെയാണ്. ഇത് ഒരു നൂറുകൊല്ലംമുൻപെങ്കിലും അവൎക്കു തുടങ്ങാമായിരുന്നു. പക്ഷെ അവരതു ചെയ്യുമൊ? ഹിന്ദുക്കളുടെ വകയെല്ലാം മൂഢവിശ്വാസകോടിയിൽ ഉൾപ്പെടുത്തുകയല്ലെ അവരുടെ പതിവ്. ആ മനസ്ഥിതിയുടെ ഫലമായി ലോകം ഒട്ടുക്കുള്ള കുഷ്ഠരോഗികൾ ഒരു നൂറുകൊല്ലംകൂടി അപരിഹാൎയ്യമല്ലാത്ത ഒരു കഷ്ടാവസ്ഥ അനുഭവിക്കേണ്ടിവന്നു. അതങ്ങനെ നില്ക്കട്ടെ. ഇനി വേറൊന്നിനെക്കുറിച്ചു പറയാം.

സസ്യജമായ "പപ്പ്യോട്ടിൻ" എന്ന ദഹനകരൌഷധം ഈ ഇടക്കാലത്താണല്ലൊ പുറത്തുവന്നിട്ടുള്ളത്. 'പപ്പക്കായ്' എന്നും 'കപ്പക്കായ്' എന്നും ദേശഭേദംപോലെ പറഞ്ഞുവരുന്ന ആ കായ് കണ്ടിട്ടില്ലാത്തവർ കേരളത്തിൽ ചുരുക്കമാണ്. അത് കറിക്കും സാമാന്യമായി ഉപയോഗിക്കാറുണ്ട്. 'ആംഗ്ലോസ്റ്റോമ' എന്ന് അല്ലോപ്പതിക്കാർ പറയുന്ന കൃമികളെ നശിപ്പിക്കാൻ ഇതു കൈകണ്ട ഔഷധവുമാണ്. കഠിനമാംസത്തെ മൃദുവാക്കാൻ ഇതിൻെറ കായ് രണ്ടോ മൂന്നൊ കഷണം കൂട്ടി വേവിച്ചാൽ മതിയാകും. കഠിനമാംസം ഈ കായുണ്ടാകുന്ന മരത്തിൻെറ ഇലയിൽ പൊതിഞ്ഞു വേവിച്ചാൽപോലും മൃദുവായിത്തീരുന്നു. പണ്ടുപണ്ടേ ഈ രാജ്യക്കാരറിഞ്ഞിരുന്ന ഈ പപ്പക്കായും അതിൻെറ രസവീൎയ്യവിപാകങ്ങളും ഇപ്പോൾ പടിഞ്ഞാറന്മാർ ഗ്രഹിച്ച് 'പപ്പ്യോട്ടിൻ' ആയിപരിണമിച്ചു വെളിക്കുവന്നിരിക്കുന്നു.

പാശ്ചാത്യദൃഷ്ട്യാ ഹിന്ദുക്കളുടെ അന്ധവിശ്വാസപരമ്പരയിൽ ഏറെക്കാലം ലയിച്ചുകിടന്നിരുന്ന വേറൊരു തത്വവും ഇതാ വെളിക്കായിരിക്കുന്നു. ഗംഗാജലത്തിൻെറ പരിശുദ്ധശക്തിയാണിത്. ഭാരതഖണ്ഡത്തിലെ സരിത്ശതങ്ങളിൽ ഗംഗയ്ക്കുള്ള അഗ്രിമസ്ഥാനം പ്രസിദ്ധമാകുന്നു. ഗംഗയിൽ മുഴുകാൻ ആണ്ടുതോറും കാശിക്കുപോകുന്ന ഹിന്ദുക്കളുടെ സംഖ്യ ലക്ഷോപലക്ഷമാണ്. കാശിയിൽനിന്ന് കൊണ്ടുവരുന്ന ഒരു കലശം തീൎത്ഥജലം എത്രയോവൎഷം കേട്ടുകൂടാതിരിക്കുന്നു. ഗംഗാജലം പാപത്തെ അപാകരിക്കുന്നുവെന്നു മാത്രമല്ല അശുദ്ധിയെ ശുദ്ധീകരിക്കയും ചെയ്യുന്നു. രോഗപ്പകൎച്ച അകററുന്നതിന് രോഗികളുടെ വസ്ത്രങ്ങളെ ശീമഡാ

ക്ടർമാർ 'ചോഷനിൽ' മുക്കുന്നതിനു പകരം ഈ ജലം തളിക്കയായിരുന്നു പണ്ടത്തെ പതിവ്. ഈ വിധം ദിവ്യമഹിമയ്ക്കു നിദാനമായ ഈ പുണ്യനദിയെ "തീർത്ഥേഷുഗംഗാ" എന്നു പൂർവകവികൾ പ്രശംസിച്ചിട്ടുള്ളതിൽ അത്ഭുതപ്പെടാനെന്തുള്ളു!. കാശിയിൽ തീർത്ഥാടനകലാപത്തിനിടയിൽ ഉണ്ടാകാറുള്ള വിഷൂചികയുടെ നിദാനങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ഏകദേശം മുപ്പതുകൊല്ലം മുൻപ് ഇൻഡ്യാഗവമ്മെൻറ് പാസ്റ്റിയർ ഇൻസ്റ്റിട്യൂട്ടിലെ ഒരു ഫ്റഞ്ചുഡാക്ടറെ വരുത്തിയിരുന്നു. ഗംഗാജലത്തിൻെറ അശുദ്ധിയായിരിക്കാം രോഗകാരണമെന്ന് പലക്കും അന്നു സന്ദേഹമുണ്ടായിരുന്നു. നേരെ മറിച്ചായിരുന്നു അന്വേഷണഫലം. എന്നുമാത്രമല്ല രോഗബീജങ്ങളെ നശിപ്പിക്കുന്ന ഒരു ശക്തിയും ആ ജലത്തിനുണ്ടെന്നു ഗ്രഹിക്കാനിടയായി. വിഷജ്വരം, വിഷൂചിക മുതലായവയെ ഉല്പാദിപ്പിക്കുന്ന അയ്യായിരത്തിനു മേൽ ആറായിരത്തോളം അണുക്കളുള്ള ഒരു ക്യൂബിക്സെൻറിമീററർ (ഒരു അളവ്) വെള്ളത്തിൽ കുറെ ഗംഗാജലം പകന്ന് ഏകദേശം മൂന്നുമണിക്കൂറു കഴിഞ്ഞു പരിശോധിച്ചപ്പോൾ അതു ശുദ്ധജലമായി കാണപ്പെട്ടു. രണ്ടോ മൂന്നോ കൊല്ലം മുൻപ് ഇൻഡ്യയെ സന്ദശിച്ച ഡാക്ടർ ഹറേല്ലേ എന്ന ഫ്റഞ്ചുശാസ്ത്രജ്ഞൻ ആധുനികകാലത്തിലെ ശാസ്ത്രവിദഗ്ദ്ധന്മാരാൽ അറിയപ്പെട്ടിട്ടുള്ള അണുനാശകമായ വിശിഷ്ടബീജം ഗംഗാജലത്തിലുള്ളതായി പരിക്ഷിച്ചു കണ്ടുപിടിക്കയുണ്ടായി. ഈ ജലത്തിൻെറ ശുദ്ധി ഇന്നോ ഇന്നലയൊ നാം അറിഞ്ഞതല്ല. ഭാരതീയരുടെ അറിവാകയാൽ അതു പരിഷ്കൃതരായ മററുരാജ്യക്കാർ കാര്യമായി കരുതിയില്ലന്നെയുള്ളു.

പുരാതനവിജ്ഞാനം:— ഈ മാതിരി ചില ഉദാഹരണങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മനോഗരിതന്നെയാണ് മററു പല വിജ്ഞാനങ്ങളെ സംബന്ധിച്ചും ഇക്കാലത്തെ നാഗരിക വിദഗ്ദ്ധന്മാർ സമ്പാദിച്ചിരിക്കുന്നത്.

'ചൂട്' 'വെളിച്ചം' 'നാദം' എന്നിവക്ക് അന്തരീക്ഷത്തിലെ ആന്ദോലനങ്ങളോടും തരംഗങ്ങളോടും (Vileratios and waves) ഉള്ള ബന്ധസാമ്യത്തെ ഭാരതീയർ എത്രയോ നൂററാണ്ടിനു മുൻപെ അറിഞ്ഞിരുന്നു. ഭൂമി തപ്തമായ ഒരു ഗോളമാണ്; അതിൻെറ അന്തർഭാഗത്തു് ആഗ്നേയദ്രാവകം നിറഞ്ഞിരിക്കുന്നു; അതു ചന്ദ്രനോടൊന്നിച്ചു സൂര്യനെ ചുററിത്തിരിയുന്നു; എന്നെല്ലാം പണ്ടുപണ്ടേ ഇവിടെ അറിഞ്ഞിരുന്നുവെന്നു പറഞ്ഞാൽ വകവെയ്ക്കാനാരു്?. ഈ വിഷയത്തെപ്പററി ഈ ലേഖകൻ തന്നെ പ്രമാണങ്ങൾ ഉദ്ധരിച്ചുകൊണ്ട് 'ഭാഷാപോഷിണി' മുതലായ പത്രഗ്രന്ഥങ്ങളിൽ പല ഉപന്യാസങ്ങളും എഴുതിയിരുന്നതിനാൽ ഇവിടെ വിസ്തരിക്കുന്നില്ല.

വെടിമരുന്നു കണ്ടറിഞ്ഞതു ചീനരെന്നാണ് ഇപ്പോൾ ഏറക്കുറെ വിശ്വസിച്ചുപോരുന്നത്. ഗന്ധകവും വെടിയുപ്പും ആ രാജ്യത്തു് ഉണ്ട

ല്ലായിരുന്നു. നേരെമറിച്ച് ഭാരതത്തിൽ വേണ്ടുവോളമുണ്ടായിരുന്നതാനും. അടുത്ത കാലത്തോളം വംഗദേശത്തു മാത്രമാണ് വെടിയുപ്പുള്ളതായി ഗ്രഹിച്ചിരുന്നത്. രസവിജ്ഞാനത്തിൽ ഭാരതീയർക്കുണ്ടായിരുന്ന ജ്ഞാനം ഇന്നും മറഞ്ഞുപോയിട്ടില്ല. ലോഹത്തൊഴിലിൽ അവർ പ്രാപിച്ചിരുന്ന സ്ഥാനം അദ്വിതീയമാണ്. ഉരുക്കും അതു പാകപ്പെടുത്തേണ്ട വിധ(പതംവരുത്തുക)വും മററാരു വർഗ്ഗക്കാരുമല്ല ആദ്യമായി കണ്ടുപിടിച്ചത്. കീർത്തിപ്പെട്ട ഡമാസ്കസ് ഉരുക്കിന്റെ ഉത്ഭവകർത്തൃത്വവും ഭാരതീയർക്കുതന്നെ. തുരുമ്പുപിടിക്കാത്ത ഇരുമ്പുതൂണുകളുണ്ടാക്കാൻ ഇവർ വിശിഷ്യവിദഗ്ദ്ധന്മാരായിരുന്നു. ലോകവിശ്രുതമായ ഡൽഹിയിലെ 'കുട്ടബ് മൈനർ' എന്ന മഹാലോകസ്തംഭം ആയിരത്തഞ്ഞൂറിൽപരം കൊല്ലമായി കാററും വെയിലും മഴയും മഞ്ഞും ഏററുകൊണ്ട് അവയുടെ നിരന്തരബാധകൊണ്ടുള്ള ദോഷത്തിൽ നിന്നൊഴിഞ്ഞു നില്ക്കുന്ന ഒരേ ഒരു ലക്ഷ്യംതന്നെ ഭാരതീയരുടെ പ്രാചീനകലാചാതുര്യത്തിനു മാനദണ്ഡമായിരിക്കുന്നു. കണ്ണാടി, ചായം, ചായംകലർത്താനുള്ള ക്ഷാരം എന്നിവ ലോകത്തിൽ മററങ്ങും ഉണ്ടാകുംമുൻപ് നിർമ്മിച്ചുപയോഗിച്ചിരുന്ന ജനത പരിഷ്കാരത്തെ പ്രാപിച്ചിരുന്നില്ലെന്ന് ആർക്ക് പറയാൻ കഴിയും.!

കഴിഞ്ഞ കൊല്ലത്തിൽ അമ്മേരിക്കൻ രസശാസ്ത്രജ്ഞസമിതിയുടെ ഒരു സമ്മേളനം ഡെട്രാഫ്ററ് എന്ന പട്ടണത്തിൽ വച്ചുണ്ടായി. അന്നു ഡാക്ടർ വി. ആർ കോകത് നൂർ എന്ന പണ്ഡിതൻ ഒരു പ്രബന്ധം സമർപ്പിച്ചു. അതിൽ ഹൈഡ്രജൻ, അക്ഷജൻ, കാരബൺ മുതലായ വാതകങ്ങൾ മുൻകാലത്തു ഭാരതത്തിൽ അറിഞ്ഞിരുന്നുവെന്ന് ലക്ഷ്യലക്ഷണങ്ങളോടുകൂടി പ്രതിപാദിച്ചിരുന്നു. ഇവയെ വിപുലമായി കുറിക്കാൻ ഈ അവസരത്തിൽ ഒരുങ്ങുന്നില്ല. എങ്കിലും ആ വാതകങ്ങളുടെ പേരുകളിൽ ഉള്ള പുതുമയും അർത്ഥയുക്തിയും ചൂണ്ടികാണിക്കാതിരിക്കാവുന്നതല്ല. ഇംഗ്ലീഷിലെ 'ഹൈഡ്രജൻ' ആക്സിജൻ' 'കാർബോണിക് ആസിഡ് ഗ്യാസ്' എന്നിവയ്ക്ക് ഈ അടുത്തകാലത്തു വംഗദേശത്തെ ഒരു പണ്ഡിതസംഘം അംഗീകരിച്ചിട്ടുള്ള പേരുകളാണ് ഞാൻ മുകളിൽ കാണിച്ചിട്ടുള്ളത്. ഇവയിൽ അക്ഷജനെ 'പ്രാണൻ' എന്നും ഹൈഡ്രജനെ 'ഉദാനൻ' എന്നും കാരബൺ വാതകത്തെ അപാനൻ' എന്നും ഹിന്ദുക്കൾ പറഞ്ഞിരുന്നു. ഇവ മൂന്നും 'അന' ധാതുവിൽ നിന്നാണല്ലൊ ജനിച്ചിട്ടുള്ളത്. 'പ്രാണി' എന്നും 'പ്രാണനുള്ള' എന്നും യഥാക്രമം അർത്ഥമുണ്ടാകുന്ന 'ആനിമൽ' എന്നും 'ആനിമേററ്' എന്നും ഉള്ള ഇംഗ്ലീഷുപദങ്ങളെക്കൂടി ഈയവസരത്തിൽ ചിന്തിക്കേണ്ടതാണ്.

'പ്രാണൻ' എന്നാൽ പ്രാണന് അത്യന്താപേക്ഷിതമായ വാതകം എന്നാണർത്ഥമുണ്ടാകുന്നത്. അങ്ങനെയാകുമ്പോൾ അതു പ്രാണന് ഒഴി

ച്ചുകൂടാത്ത ആക്സിജനെ കുറിക്കുന്നു. 'ആക്സിജൻ' എന്നതിനെ സൂചിപ്പിക്കാത്ത ചില ലത്തീൻ, ജമ്മൻ പദങ്ങളെ പരിശോധിക്കാം. 'ആക്സിജൻ' എന്നതുകൊണ്ട് ആക്സിജനെ ജനിപ്പിക്കുന്നത് എന്ന അൎത്ഥത്തെയാണത്രെ സൂചിപ്പിക്കുന്നത്. ജലവും ആക്സിജൻ സംയോജിച്ചിട്ടുള്ള മററു പദാൎത്ഥങ്ങളും ആക്സിജനെ ജനിപ്പിക്കുന്നവയാണല്ലൊ. 'സാനർസ്റ്റാഫ്' എന്ന ജമ്മൻപദം യഥാർത്ഥത്തിൽ കാണിക്കുന്നതു 'പുളിരസമുണ്ടാക്കുന്നതു്' എന്നാകുന്നു. ഈ രസം ജനിപ്പിക്കാൻ ശക്തി ആക്സിജനു മാത്രമല്ല ഉള്ളതു്. അതുകൊണ്ട് ആ പദവും ഈ വിഷയത്തിൽ സാൎത്ഥകമല്ല.

'ഉദാനമൻ' എന്ന പദം 'ഉത് പതിക്കുന്നതെന്നൎത്ഥമുള്ളതും' തന്മൂലം ഏററവും ലഘുവായ ഹൈഡ്രജനെ സൂചിപ്പിക്കുന്നതും ആകുന്നു. 'ഹൈഡ്രജൻ' എന്ന ലത്തീൻപദവും 'വാസർസ്റ്റാഫ്' എന്ന ജമ്മൻപദവും ഒരെ അർത്ഥത്തെ-അതാവിതു് 'വെള്ളത്തിൽനിന്നു ജനിക്കുന്നതു്' എന്നതിനെ കുറിക്കുന്നു. വെള്ളമുണ്ടാക്കുന്നതിനു് 'ആക്സിജനും' ഹൈഡ്രജനും ആവശ്യമാണല്ലൊ, ലത്തീൻ, ജമ്മൻ ഈ ഭാഷകളിൽ ഈ പദപ്രത്യയങ്ങൾമൂലം രണ്ടർത്ഥവും അനുമിക്കാവുന്നതാകയാൽ ഖണ്ഡിതമായ ഒരൎത്ഥം അവയ്ക്കില്ല.

'അപാനമർ' എന്ന പദത്തിനു് 'അധഃപതിക്കുന്നതു്' അല്ലെങ്കിൽ 'ബഹിഷ്പതിക്കുന്നതു്', എന്ന അൎത്ഥമാകുന്നതിനാൽ ഘനമുള്ളതായി ഉച്ഛ്വസിക്കുന്ന വാതകത്തെ സൂചിപ്പിക്കുന്നു. അതു് 'കർബോണിക് ആസിഡ്ഗ്യാസ്', തന്നെയാണ്. 'കാർബൺ' എന്ന ലഘുപദാർത്ഥത്തിനു് ഈ വാതകവുമായുള്ള ഉത്ഭവബന്ധത്തെ അതു കുറിക്കുമായിരിക്കാം, എങ്കിലും അതിൻെറ ഭാരത്തെയൊ നിശ്വസനവിഷയത്തിൽ അതിനുള്ള അയോഗ്യതയേയൊ സൂചിപ്പിക്കുന്നില്ല ശാസ്ത്രീയവിഷയങ്ങളിലുള്ള ജ്ഞാനത്താൽ അനുഗ്രഹീതരെന്നു വിശ്രുതിനേടിയവർപോലും അർത്ഥവത്തായും ഉത്ഭവസൂചകമായും വരേണ്ട പദങ്ങളെ നിർമ്മിക്കുന്നതിലുള്ള അപ്രാപ്തിക്ക് ഇവ രസകരങ്ങളായ ദൃഷ്ടാന്തങ്ങൾതന്നെയാണ്.

ഭഗവദ്ഗീതയെ ആധാരമാക്കി നോക്കുന്നപക്ഷം ഹിന്ദുക്കൾ ഈ വാതകങ്ങളെ അറിഞ്ഞിരുന്നുവെന്നു മാത്രമല്ല അവയുടെ ശാസ്ത്രാനുസാരമായ ക്രിയയും ശരിയായി ഗ്രഹിച്ചിരുന്നുവെന്നു് വിശദമാകും. ഇതു കാണ്ക

'അഹം വൈശ്വാനരോഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവിധം'

ഞാൻ പ്രാണികളുടെ ദേഹത്തെ ആശ്രയിച്ചിട്ട് ജഠരാഗ്നി ആയിട്ട് പ്രാണാപാനവായുക്കളോടുകൂടിയവനായി നാലുവിധമായ അന്നത്തെ പചിപ്പിക്കുന്നു. ഈ ഭാഗം എന്തറിവിനെയാണ് കുറിക്കുന്നതു്? ദഹനക്രിയയിൽ ആക്സിജനും കർബാണിക്ആസിഡ് ഗ്യാസും സംബന്ധിക്കുന്നുവെന്നല്ലയോ?

എന്നാൽ കലകളിലും ശാസ്ത്രങ്ങളിലും അത്യഭിവൃദ്ധിയെ പ്രാപിച്ചിരുന്ന ഭാരതത്തിന് ഇപ്പോഴത്തെപ്പോലെ ശോച്യമായ ഒരു ദശാപരിവൎത്തനം ഉണ്ടായതെങ്ങിനെയാണെന്ന് ഇവിടെ സ്മരിക്കേണ്ടിവരുന്നു. അതീതമായ ആ മേന്മ ഇക്കാലത്തോളം ക്രമോന്മുഖമായി വളൎന്ന് പാശ്ചാത്യൎക്ക് അത്ഭുതജനകമായ ലക്ഷ്യം കാണിക്കാതിരുന്നത് എന്തുകൊണ്ടാണ്? ഇതിന്റെ കാരണം കാണാൻ അത്രയകലെയെങ്ങും പോകണമെന്നില്ല. ആധുനികകാലത്തെ ശാസ്ത്രാഭിവൃദ്ധി പല ഭിന്നജനവൎഗ്ഗങ്ങൾ ഒത്തൊരുമിച്ച് ചെയ്ത പ്രയത്നങ്ങളുടെ ഫലമാണെന്ന് നമുക്കറിയാമല്ലൊ. സുഗമങ്ങളായ ഗതാഗതമാൎഗ്ഗങ്ങളാൽ ലോകത്തിലെ വിവിധജനവൎഗ്ഗങ്ങളും ഒരുമിച്ചു കൂടുകയും അവൎക്ക് അന്യോന്യമുള്ള ഉച്ചനീചത്വഭേദങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്തല്ലാതെ ഇതു സാദ്ധ്യമല്ല. പണ്ടു ഭാരതം സ്വാഭാവികസീമകളാൽ ബന്ധിതമായി ഇപ്പോഴത്തേപ്പോലെയുള്ള ഗതാഗതസൌകൎയ്യങ്ങളുടെ അഭാവത്താൽ അന്യനാട്ടുകാരുടെ സഹകരണങ്ങൾ ലഭിക്കാതെ ഒഴിഞ്ഞുനില്ക്കേണ്ടിവന്നു. വിജ്ഞാനത്തിനു വികാസമുണ്ടായപ്പോൾ അവയെ രേഖപ്പെടുത്താനൊ പ്രചരിപ്പിക്കാനൊ കടലാസൊ അച്ചടിയൊ ഇല്ലായിരുന്നു. അങ്ങനെ അതു സങ്കോചത്തെ പ്രാപിക്കേണ്ടിവന്നു. മറെറാരു രാജ്യത്തും ഇതോളം കണ്ടറിഞ്ഞിട്ടില്ലാത്തവിധം ഗ്രന്ഥങ്ങളെ സംഗ്രഹിക്കാനുള്ള ഒരു വിശേഷരീതി ഭാരതീയരുടെ ഇടയിൽ നടപ്പായി. ഈ രീതിപ്രകാരം സൎവ്വശാസ്ത്രങ്ങളേയും സൂത്രീകരിച്ച് ഹൃദിസ്ഥങ്ങളാക്കി. ഇംഗ്ലീഷിൽ വെബ്സ്റ്ററുടെ നിഘണ്ടുവിനെപ്പോലുള്ള മഹത്ഗ്രന്ഥങ്ങൾ ഏതാനും സൂത്രങ്ങളാക്കി പത്തൊ മുപ്പതൊ പദ്യങ്ങൾകൊണ്ടു രൂപീകരിച്ചു. പാണിനിയുടെ വ്യാകരണം ഈ വിധം സംഗ്രഹിക്കപ്പെട്ടതാണ്. സംഗ്രഹീതങ്ങളായ ശാസ്ത്രസിദ്ധാന്തങ്ങൾ പിൻകാലങ്ങളിൽ അവ്യക്താൎത്ഥങ്ങളായിത്തീൎന്നു. അതിനാൽ അവയുടെ വളൎച്ച അങ്ങനെ നിന്നുപോയി. എന്നു മാത്രമല്ല പല തലമുറയായി വിദേശീയാക്രമണങ്ങൾകൊണ്ട് ഭാരതം അലങ്കോലപ്പെട്ടുവരികയുമായിരുന്നു. ജീവനും ധനത്തിനും രക്ഷകാണാതെ ഉഴന്നുതിരിയുന്ന ജനത ശാസ്ത്രകാൎയ്യങ്ങളിൽ പ്രവൎത്തിക്കാതെ പോയതു് അസ്വാഭാവികമല്ല. അപജേതാക്കളുടെ വിശിഷ്ടതയെ സംരക്ഷിക്കാൻ ജേതാക്കന്മാർ സന്നദ്ധരായി വരുമൊ?

ഇങ്ങനെ ഭാരതത്തിനു കലകളിലും ശാസ്ത്രങ്ങളിലും ഉണ്ടായിരുന്ന മേന്മ അസ്തമിച്ചു. ഗ്രീസ്, റോം, എന്നീ രാജ്യങ്ങളിൽനിന്നു ഇംഗ്ലണ്ടു, ഫ്റാൻസു, ജൎമ്മനി എന്നീ രാജ്യങ്ങളിലേക്ക് ഒലിച്ചുപോയ വിജ്ഞാനകൈത്തോടു ക്രമേണ വളൎന്നു കല്ലോലമാലാകുലമായ മഹാനദിയായി പ്രവഹിക്കുന്നതിനു വൎഷം ഒന്നല്ല, രണ്ടല്ല ഒരായിരത്തഞ്ഞൂറിൽപരമാണു വേ

ണ്ടിവന്നതു് എന്നുള്ള കഥ സ്മരിക്കുമ്പോൾ ഭാരതത്തിന്റെ ആ കാലപ്പിഴയെസംബന്ധിച്ചു ഏതൊണ്ടൊരു ബോധം ആക്കും ജനിക്കുന്നതാണു്.

## പ്രമാണവും അനുഭവവും നടപ്പും

(കവിതിലകൻ കൊട്ടാരത്തിൽ ശങ്കുണ്ണി)

ചില സംഗതികളിൽ പ്രമാണവും അനുഭവവും നടപ്പും തമ്മിൽ തമ്മിൽ ഭിന്നിച്ചാണു കാണുന്നതു്. "ദ്വൌ ദ്വൌ മാഘാദിമാസൗ സ്യാദൃതുസ്തൈരയനം ത്രിഭിഃ" എന്നാണല്ലോ അമരസിംഹൻ പറഞ്ഞിരിക്കുന്നതു്. ഇതുകൊണ്ടു മാഘമാസം മുതൽ ഈരണ്ടുമസാങ്ങൾ ഹേമന്തം, വസന്തം, ഗ്രീഷ്മം എന്നീ ഋതുക്കളും ആ ആറുമാസക്കാലം ഉത്തരായണവും പിന്നെ ഈരണ്ടുമാസങ്ങൾ വർഷം, ശരത്തു, ശിശിരം എന്നീ ഋതുക്കളും ആ ആറുമാസകാലം ദക്ഷിണായനവുമാണെന്നു വിചാരിക്കേണ്ടിരിക്കുന്നു.

ഇനി മാഘം എന്നാൽ ഏതു മാസമാണെന്നാണു നോക്കേണ്ടതു് മാസങ്ങൾ സൌരം, ചാന്ദ്രം ഇങ്ങനെ രണ്ടുവകയുണ്ടല്ലോ. "അയനേദ്വേ ഗതിരുദക്‌ദക്ഷിണാർക്കസ്യ വത്സരഃ" (അയനം എന്നാൽ സൂര്യന്റെ വടക്കോട്ടും തെക്കോട്ടുമുള്ള ഗതിയും ആ അയനങ്ങൾ രണ്ടു കൂടുന്നതു് ഒരു വത്സരവുമാകുന്നു) എന്നുള്ളതുകൊണ്ടു് ഇവിടെ സൌരമാസം തന്നെ സ്വീകരിക്കേണ്ടിയിരിക്കുന്നു. അങ്ങനെയാകുമ്പോൾ മകരമാസത്തിന്റെ ശുക്ല പ്രതിപദംമുതൽ കുംഭമാസത്തിലെ അമാവാസിവരെയാണു് മാഘമാസം എന്നു വരും. മാഘസ്നാനം മുതലായ പുണ്യകർമ്മങ്ങൾ ആചരിച്ചുവരുന്നതും ആ കണക്കനുസരിച്ചാണല്ലോ.

അങ്ങനെയായാൽ ഉത്തരായണം മകരമാസത്തിലെ ശുക്ലപ്രതിപദം മുതൽ കർക്കടകമാസത്തിലെ അമാവാസിവരെയാണെന്നു വരുമല്ലോ. അതു് ഒരുവിധത്തിൽ വിചാരിച്ചാൽ നടപ്പിനനുസരണമായിരിക്കുന്നില്ല. ബിംബപ്രതിഷ്ഠ, കലശം, ഉപനയനം മുതലായി ഉത്തരായണത്തിലേ നടത്താൻ പാടുള്ളു എന്നു വെച്ചിരിക്കുന്ന കർമ്മങ്ങളെല്ലാം മകരമാസം ഒന്നാം തീയതിമുതൽ മിഥുനമാസാവസാനം വരെയുള്ള മുഹൂർത്തങ്ങളിലാണല്ലോ നടത്തിവരുന്നതു്. കർക്കടകമാസത്തിൽ ഉപനയനം മുതലായവ നടത്താറില്ല അതുകൊണ്ടു് മാഘമാസമെന്നാൽ മകരമാസമാണെന്നും ഉത്തരാ

യണം മകരം ആദ്യംമുതൽ മിഥുനം അവസാനംവരെ ആണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനി ഋതുക്കളെക്കുറിച്ചു ചിന്തിക്കാം. മകരമാസംമുതൽ കണക്കാക്കുകയാണെങ്കിൽ മകരം, കുംഭം ശിശിരവും മീനം, മേടം വസന്തവും ഇടവം, മിഥുനം ഗ്രീഷ്മവും കർക്കടകം, ചിങ്ങം വർഷവും കന്നി, തുലാം ശരത്തും വൃശ്ചികം, ധനു ഹേമന്തവുമാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതും അനുഭവത്തിനു പ്രത്യക്ഷവിരുദ്ധമായിട്ടാണിരിക്കുന്നത്. നമ്മുടെ കേരളത്തിൽ ന്യായപ്രകാരമാണെങ്കിൽ ഇടവം പകുതിയാകുമ്പോൾ തുടങ്ങുമല്ലോ. അതുകൊണ്ടാണല്ലോ കുഞ്ചൻനമ്പ്യാർ "ഇടവപ്പാതി കഴിഞ്ഞാൽ പിന്നെ കുടക്രൂടാതെ നടക്കാൻ വയ്യ" എന്നു പറഞ്ഞിരിക്കുന്നത്. ഗ്രീഷ്മം എന്നുപറഞ്ഞാൽ അർത്ഥം ഗ്രഹിക്കുന്നതും ഗ്രഹിക്കേണ്ടതും വലിയ വേനൽകാലമെന്നാണല്ലോ. അതുകൊണ്ടിതും അനുഭവവിരുദ്ധമായിട്ടാണിരിക്കുന്നത്. ഇപ്രകാരംതന്നെ വർഷവും ശരത്തും. ചിങ്ങമാസമാകുമ്പോഴേയ്ക്കും കാറുംകറുപ്പും മാറി ആകാശമണ്ഡലം തെളിയുകയും ചന്ദ്രിക പ്രകാശിക്കുകയും ചെയ്യുന്നു. ചിങ്ങമാസത്തിലെ ഓണനിലാവു കേരളത്തിൽ പ്രസിദ്ധമാണല്ലോ. ചന്ദ്രനും ചന്ദ്രികയും സർവ്വോപരി പ്രകാശിക്കുന്നതു ശരൽകാലത്താണെന്നു പറയുന്നു. എന്നാൽ തുലാമാസത്തിൽ—ചിലപ്പോൾ കന്നിമാസം മുതല്ക്കുതന്നെ—നേരം വൈകുമ്പോൾ കാറും കറുപ്പും കൊണ്ട് ആകാശമണ്ഡലം ഇരുളുകയും മഴ തുടങ്ങുകയും ചെയ്യുന്നതു മിക്കവാറും പതിവാണല്ലോ. പിന്നെ ചന്ദ്രനും ചന്ദ്രികയും പ്രകാശിക്കുന്നതെങ്ങിനെയാണ്?

ഇപ്രകാരംതന്നെ "വസന്തഃ പുഷ്പസമയഃ" എന്നാണല്ലോ പ്രമാണം. അതുകൊണ്ടു വൃക്ഷലതാദികളെല്ലാം പൂക്കുന്നതു വസന്തകാലത്താണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. കവികൾ വസന്തത്തെ വർണ്ണിക്കുമ്പോൾ മഞ്ഞിന്റെ പാരുഷ്യംകൊണ്ടു കണ്ഠമടച്ചിരുന്ന കുയിലുകൾ മാമ്പൂ തിന്നു കണ്ഠംതെളിയുകയാൽ പാടിത്തുടങ്ങി എന്നുംമററും പറഞ്ഞു കാണുന്നുണ്ട്. എന്നാൽ മാവുപൂക്കുന്നതു മഞ്ഞുകാലത്താണു കണ്ടുവരുന്നത്. വസന്തമെന്നു പറയുന്ന മീനം, മേടം ഈ മാസങ്ങളാകുമ്പോഴേയ്ക്കും മാങ്ങ ധാരാളമായി പഴുത്തുതുടങ്ങുന്നുണ്ട്. അതിനാൽ കുയിലുകളുടെ കണ്ഠംതെളിയുന്നതു മാമ്പഴം തിന്നിട്ടാണെന്നു പറഞ്ഞാൽ മാത്രമെ നമ്മുടെ അനുഭവത്തിനു യോജിക്കുകയുള്ളു. ഇതുപോലെ വേറെയും പല സംഗതികളുണ്ട്.

സൂര്യനുദിക്കുമ്പോൾ താമരയെല്ലാം വിരിയുമെന്നും ആമ്പലെല്ലാം കൂമ്പുമെന്നുമാണല്ലോ കവികൾ പറയുന്നത്. പകൽസമയങ്ങളിൽ ജലമാർഗ്ഗമായി സഞ്ചരിച്ചിട്ടുള്ള പലരും കൂമ്പിനില്ക്കുന്ന താമരമൊട്ടുകളും വിക

സിച്ചുനില്ക്കുന്ന ആമ്പൽപൂക്കളും ധാരാളമായി കണ്ടിരിക്കാനിടയുണ്ട്. എങ്കിലും അതു വല്ല കവിതകളിലും പ്രയോഗിച്ചുപോയാൽ സർവ്വാബദ്ധമെന്നായിരിക്കും സഹൃദയന്മാരുടെ വിധി. ഹൈക്കോട്ടുകാർ ലാപ്രകാരം വിധിക്കുന്ന വിധി സത്യത്തിന്നു വിരോധമായിരുന്നാലും സമ്മതിക്കാതെയിരിക്കാൻ നിവൃത്തിയില്ലല്ലൊ. എന്നാൽ പ്രമാണവും അനുഭവവും നടപ്പും ഇങ്ങനെ ഭിന്നിച്ചുവരാനുള്ള കാരണം അഭിജ്ഞന്മാരാരെങ്കിലും കണ്ടുപിടിച്ചു പ്രസിദ്ധപ്പെടുത്തുന്നതായാൽ അതു വലിയ ഉപകാരമായിത്തീരുമെന്നുള്ളതിന്നു സംശയമില്ല.

# സാമാന്യജനോദ്ധാരണവും വിദ്യാഭ്യാസവും.

(ജി. രാമൻമേനോൻ എ. എ., ബി. എൽ.)

"മനുഷ്യചരിത്രത്തിൽ ഏററവും ദീഘ്ഘവും, ഭാരവത്തും ആയ നാശകരപ്രവാഹം പാപമാണ്. അതിനെ തടുക്കാൻ ഗവണ്മെണ്ട്, വിദ്യാഭ്യാസം, തത്വജ്ഞാനം, പല മതപദ്ധതികൾ എന്നിവയെ മനുഷ്യർ പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ പാപം അവയെയെല്ലാം ജയിച്ചിട്ടുണ്ട്." ഡാക്ടർ ജി. എ. സ്മിത്ത്, എന്ന പണ്ഡിതന്റെ അഭിപ്രായമാണിതു്. മതത്തിൽ മാത്രമല്ല, ഗവണ്മെണ്ട് മുതലായ മററു ഏപ്പാടുകളിലും പലതരങ്ങളും രീതികളും ഉണ്ട്. പാപത്തിന്നെതിരായുള്ള ഈഏപ്പാടുകളെല്ലാം, ഒരുവിധത്തിൽ നോക്കുമ്പോൾ, അഭ്യസനപദ്ധതികളാണ്. എല്ലാററിന്റേയും ഉദ്ദേശം ഗുണപ്രദമായ വിധത്തിൽ ജീവിതം നയിക്കുന്നതിന്നു തക്കവണ്ണം മനുഷ്യരെ നിയന്ത്രിക്കയും അഭ്യസിപ്പിക്കുകയും ചെയ്യുയാകുന്നു. ഈ ഏപ്പാടുകളെയെല്ലാം ഒട്ടധികം മനുഷ്യരുടെ വിഷയത്തിൽ പാപം ജയിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ, ഈ ഏപ്പാടുകൾ പാപത്തെ ജയിക്കുന്നതിന്നു പലരേയും സഹായിച്ചിട്ടുണ്ടെന്നും തീർച്ചയാണ്. ഭൂരിപക്ഷം ജനങ്ങളുടെ വിഷയത്തിൽ, ഇവനിമിത്തം പാപവജ്ജനത്തിൽ തൃപ്തികരമായ ഫലമുണ്ടായിട്ടില്ലെന്നെ പറയാൻ ഉള്ളു. ഇവയെയെല്ലാം ശാസ്ത്രീയമായ വിധത്തിൽ പരിഷ്കരിക്കയും, പരസ്പരവൈപരീത്യം കൂടാതെ, അന്യോന്യം സംഘടിപ്പിക്കയും ചെയ്താൽ ഇപ്പോഴത്തേക്കാൾ തൃപ്തികരമായ ഫല

മുണ്ടാകും. വിദ്യാഭ്യാസം എന്നതിൻെറ പ്രത്യേകാർത്ഥത്തിൽ അതിനു പാപനിവാരണത്തിൽ ഉള്ള സ്ഥാനത്തെക്കുറിച്ചു കുറച്ചു പറയാമെന്നു മാത്രമെ തല്ക്കാലം ഉദ്ദേശിക്കുന്നുള്ളു.

വളരെ പരിഷ്കൃതങ്ങളെന്നു വച്ചിട്ടുള്ള ബ്രിട്ടൺ മുതലായ രാജ്യങ്ങളിൽപോലും, സാമാന്യജനങ്ങളുടെയിടയിൽ, ശരിയായ അറിവും സദാചാരവും പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ പ്രവത്തകന്മാൎക്കു പലപ്പോഴും നിരാശയാണുണ്ടാക്കിയിട്ടുള്ളതു്. ഇപ്പോഴും ഈ സ്ഥിതിക്കു വലിയ വ്യത്യാസമുണ്ടായിട്ടില്ല. ഇൻഡ്യയിലേയും, പ്രത്യേകിച്ചു തിരുവിതാംകൂറിലേയും അവസ്ഥയും ഏറെക്കുറെ ഇങ്ങനെതന്നെയാണു്. ഡേവിഡ് സ്റ്റൊ, എന്ന വിദ്യാഭ്യാസപ്രവത്തകൻ കുറെകൊല്ലങ്ങൾക്കുമുമ്പു താഴെ കാണുംപ്രകാരം പറഞ്ഞു:— "സാമാന്യജനത ധാന്യപേഷണിയുടെ അടിക്കല്ലുപോലെ അപ്രവേശ്യമാണ്. ഒരു പ്രേരണയും, അവരുടെ ശ്രദ്ധയെ ഉണത്തുന്നില്ല." അതിൽപിന്നെ ഏതാനും കൊല്ലങ്ങൾക്കുമുമ്പ്, ഡോക്ടർ ഹേവാർഡ് എന്ന വിദ്യാഭ്യാസപ്രവത്തകൻെറ പരിശ്രമങ്ങളുടെ ഫലവും ഏകദേശം ഇപ്രകാരംതന്നെയായിരുന്നു. ഡിക്കൻസ് എന്ന മഹാൻെറ നോവലുകളിൽനിന്നും, ക്രസ്തീയവേദപുസ്തകചരിത്രത്തിൽനിന്നും രസപ്രദമായ ഭാഗങ്ങൾ വായിച്ചു വ്യാഖ്യാനിച്ചു കേൾപ്പിക്കുന്നതിനായി അദ്ദേഹം ഒരു ചെറിയ പട്ടണത്തിൽ സായന്തനക്ലാസുകൾ നടത്തി. കുറെ വിദ്യാഭ്യാസമുള്ളവരിൽനിന്നു ചിലരല്ലാതെ, കൂലിവേലക്കാരും മററുമായ സാമാന്യജനങ്ങളിൽനിന്ന് ആരും ഇവയ്ക്കു ഹാജരായില്ല. ഒടുവിൽ പറഞ്ഞ തരക്കാരെ പ്രധാനമായി ഉദ്ദേശിച്ചാണ് അദ്ദേഹം ക്ലാസുകൾ നടത്തിയതു്.

സ്വകാൎയ്യലാഭേച്ഛു, സക്കാരധികാരികൾ മുതലായ പ്രമാണികളിൽ നിന്നോ മററോ ഉള്ള ഉപദ്രവങ്ങളെക്കുറിച്ചു ഭയം, താണതരം സുഖാനുഭവതാല്പൎയ്യം എന്നിവയല്ലാതെ ജ്ഞാനസമ്പാദനതാല്പൎയ്യമൊ, സദാചാരമൊ, പൊതുക്കാൎയ്യചിന്തയൊ, നല്ല സാഹിത്യമൊ നമ്മുടെരാജ്യത്തിലും സാമാന്യജനങ്ങളെ ആകഷിക്കുന്നതു ചുരുക്കംതന്നെ. ഈ മനോമാന്ദ്യത്തിനു കാരണമെന്താണ്?. ദുർവൃത്തികളിൽ സാമാന്യജനങ്ങൾക്കു താല്പൎയ്യമുണ്ടായിരിക്കുന്നതെന്തുകൊണ്ട്.? പരിതസ്ഥിതികളിലും, ചെറുപ്പത്തിലെ പരിശീലനത്തിലും ഉള്ള ന്യൂനതകളാണിതിനൊക്കെ കാരണം. ഫീൽഡിംഗ് എന്ന ഇംഗ്ലീഷുഗ്രന്ഥകാരൻെറ ഒരു നോവലിൽ താഴെ കാണുംപ്രകാരം പറഞ്ഞിരിക്കുന്നു:—

"കാപ്ടൻ ബൂത്തിൻെറ അഛൻ തൻെറ മകനെ സൈന്യസേവനത്തിനാണുദ്ദേശിച്ചിരുന്നതെങ്കിലും, അയാളെ ഒരു മരത്തലയനായി വളത്തുന്നതു്, ആവശ്യകമാണെന്നു വിചാരിച്ചില്ല. സാധാരണകാലങ്ങളിൽ ഒരു പട്ടാളോദ്യോഗസ്ഥൻെറ ജീവിതത്തിൽ ജോലി കുറവാണെന്ന് അദ്ദേ

ഹം വിചാരിച്ചു. നാട്ടിൻപുറത്തു പാളയത്തിൽ താമസിക്കുന്ന ഒരു പട്ടാളോദ്യോഗസ്ഥൻെറ വിശ്രമസമയം പുസ്തകപാരായണത്തിൽ വിനിയോഗിക്കുന്നത് തെരുവുകളിൽക്കൂടെ അലഞ്ഞുനടക്കുന്നതിലൊ, വല്ല കാപ്പിക്കടയിലൊ മദ്യഷാപ്പിലൊ ചെന്നിരിക്കുന്നതിലൊ, നിദ്രാഷികളും അറിവില്ലാത്തവരുമായ ഒരുക്കൂട്ടം ഗ്രാമീണയുവതികളെ ദൂഷിപ്പിച്ച് നിരാശ്രയകളാക്കുന്നതിനു സൂത്രങ്ങൾ ആലോചിക്കുന്നതിലൊ ചെലവിടുന്നതിനേക്കാളമെങ്കിലും നല്ലതാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം".

ദാരിദ്ര്യം, എന്ന പേരിൽ മി: റൌൺട്രി എഴുതീട്ടുള്ള പുസ്തകത്തിൽ താഴെകാണുംപ്രകാരം പറഞ്ഞിരിക്കുന്നു. "വിശാലതരവും ദീർഘതരവുമായ വിദ്യാഭ്യാസത്തിൻെറ ഫലമായ വിസ്തൃതതരജീവിതത്തിലും, ഉന്നതതരതാല്പര്യങ്ങളിലും നിന്നു മിക്കവാറും അകററിനിറുത്തപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് ഒട്ടധികം കൂലിവേലക്കാർ, അവരുടെ ജീവിതത്തിലെ രസശൂന്യതയ്ക്കു ഭേദംവരുത്താനായി മദ്യപാനശാലകളിൽ പോകുന്നതിനേയൊ, പന്തയങ്ങളിൽ ഏർപ്പെടുന്നതിനേയൊ പററി അത്ഭുതപ്പെടാനില്ല".

താക്കറേ എന്ന മഹാൻ എഴുതീട്ടുള്ള എസ്മാണ്ഡ് എന്ന നാവലിൽനിന്നുദ്ധരിച്ചതാണു താഴെകാണുന്ന വാചകം.:—

"എന്നെ പട്ടിണിയിടുക; പുസ്തകങ്ങളോടും നല്ലയാളുകളോടും എന്നെ അടുപ്പിക്കാതിരിക്കുക; ചൂതുകളി, മദ്യപാനം, ഭോഗസുഖം എന്നിവയെ ഇഷ്ടപ്പെടുന്നതിന് എന്നെ പഠിപ്പിക്കുക; ഒരു മടിശ്ശീലപ്പണം പിടിച്ചുപറിക്കുന്നതിനുള്ള സൌകര്യത്തോടുകൂടെ എന്നെ ഹൌൺസ്ലോകററിക്കാട്ടിൽ നിറുത്തുക; എന്നാൽ,—ഞാൻ അതു പിടിച്ചുപറിക്കും".

ഇതിൻെറയൊക്കെ സാരം എന്താണ്? സാധാരണമായി മനുഷ്യൻെറ സ്വഭാവവും പ്രവൃത്തിയും, അവൻെറ പരിതസ്ഥിതികളേയും പരിശീലനത്തേയും അനുസരിച്ചിരിക്കുമെന്നുതന്നെ. എന്നാൽ, ഏതു പരിതസ്ഥിതികളിലും സദാചാരത്തെ സംരക്ഷിക്കത്തക്കവണ്ണമുള്ള ഒരു ആത്മചൈതന്യം മനുഷ്യനുണ്ടെന്നുള്ള വാസ്തവത്തെ ഇതുകൊണ്ട് നിഷേധിക്കുന്നതായി വിചാരിച്ചുകൂടാ. സാമാന്യജനങ്ങളിൽ അധികംപേരിലും ഈ ചൈതന്യം ഉണരാതെയൊ, വേണ്ടവിധത്തിൽ പ്രവർത്തിക്കാതെയൊ അമർന്നുപോകുന്നുവെന്നു തീർച്ചയാണ്. ഇങ്ങനെ വരാതിരിക്കാൻ ഗവർമ്മെണ്ടും പൊതുക്കാര്യപ്രവർത്തകന്മാരും, ജനങ്ങളുടെ പരിതസ്ഥിതികളേയും പരിശീലനത്തേയും തൃപ്തികരമാക്കാൻ ശ്രമിക്കണം. നല്ലകാര്യങ്ങളിൽ സാമാന്യജനങ്ങൾക്കുള്ള താല്പര്യക്കുറവിനെ നിവാരണംചെയ്യാൻ ശരിയായ

വിദ്യാഭ്യാസത്തെക്കാൾ അധികം ഫലപ്രദമായ മാൎഗ്ഗമൊന്നുമില്ല. കുട്ടിക്കാലത്തുതന്നെ മനസ്സിൽ നല്ല വിഭാവനകൾ ഉല്പാദിക്കപ്പെട്ടാൽ, പ്രായമാകുമ്പോൾ നല്ലകാൎയ്യങ്ങളിൽ താല്പൎയ്യം തോന്നുന്നതിനും, അവയെ മനസ്സിലാക്കുന്നതിനും സാധിക്കും. അതുകൊണ്ട്, സാമാന്യവിദ്യാഭ്യാസത്തിനുള്ള ഏതുതരം വിദ്യാശാലയുടേയും പ്രധാനോദ്ദേശം അദ്ധ്യേതാക്കളുടെ മനസ്സിൽ, നല്ലകാൎയ്യങ്ങളിൽ താല്പൎയ്യങ്ങൾ ജനിപ്പിച്ചു വളൎത്തുകയായിരിക്കണം. പ്രാഥമികവിദ്യാശാലകളുടെ പ്രധാനോദ്ദേശം വായന, എഴുത്ത്, കണക്ക് എന്നിവ പഠിപ്പിക്കയാണെന്നു വയ്ക്കുന്നതും ശരിയല്ല. ഇവ മററു പ്രധാനോദ്ദേശങ്ങൾ സാധിക്കുന്നതിനു മാൎഗ്ഗങ്ങൾ എന്ന നിലയിൽ മാത്രമേ ഗണ്യമായിരിക്കുന്നുള്ളു. തൃപ്തികരമായ സ്വഭാവരൂപീകരണമാണ് മനുഷ്യജീവിതത്തിൽ ഏററവും പ്രധാനമായിരിക്കുന്നതു്. ഇതിനു നല്ല പുസ്തകങ്ങൾ വായിക്കുന്നതിനുള്ള അഭിരുചി, പ്രകൃതിദൎശനതാല്പൎയ്യം മുതലായവ അത്യാവശ്യമാണ്. ജനങ്ങളിൽ വലിയ ഭൂരിപക്ഷക്കാൎക്കു് കുട്ടിക്കാലത്തു പ്രാഥമികവിദ്യാഭ്യാസത്തിൽ കൂടുതലായ വിദ്യാഭ്യാസം ലഭിക്കാൻ വഴിയില്ല. അതുകൊണ്ടു പ്രാഥമികപാഠശാലകൾ മുൻപറഞ്ഞ താല്പൎയ്യങ്ങളെ ഉത്തേജിപ്പിക്കുന്നതിനു പ്രയത്നിക്കണം. ആത്മചൈതന്യവും സംസ്കാരവുമുള്ള ഒരു നല്ല പ്രഥമാദ്ധ്യാപകനുള്ള ഒരു പ്രാഥമികപാഠശാലപോലും, ചൈതന്യവും പ്രകാശവും പരത്തുന്ന ഒരു സമുദായോദ്ധാരണകേന്ദ്രമായിരിക്കും. ഇത്തരം അദ്ധ്യാപകന്മാരെ തിരഞ്ഞെടുത്തു നിയമിക്കയും, അതാതു പാഠശാലയുടെ പരിതസ്ഥിതികളനുസരിച്ചു കുട്ടികളുടേയും അവരുടെ രക്ഷാകൎത്താക്കളുടേയും ഇടയിൽ മുൻവിവരിച്ചതരത്തിലുള്ള താല്പൎയ്യങ്ങളെ ജനിപ്പിക്കുന്നതിനു വേണ്ട പ്രവൃത്തികൾ നടത്തുന്നതിന്, അദ്ധ്യാപകന്മാൎക്കു ന്യായമായ സ്വാതന്ത്ര്യം നൽകുകയും ചെയ്താൽ മാത്രമേ, വിദ്യാഭ്യാസത്തിനായി ഗവൎമ്മെണ്ടിൽനിന്നു ചെയ്യുന്ന ധനവ്യയംകൊണ്ടു ഗണ്യമായ ഫലമുണ്ടാകൂ. ഇപ്രകാരം ചെയ്യാത്തപക്ഷം, വിദ്യാഭ്യാസത്തിനായി ഗവൎമ്മെണ്ടിൽനിന്ന് ഇപ്പോൾ ചിലവാകുന്ന പണത്തിൽ അധികവും ജനങ്ങളുടെ നികുതിഭാരം കുറക്കുന്നതിനുപയോഗിക്കുന്നതാണ് അധികംനല്ലതു്. ഇങ്ങനെ ചെയ്താൽ യഥാൎത്ഥവിദ്യാഭ്യാസം നൽകുന്നതിനു വേണ്ട ശേഷിയും താല്പൎയ്യവും ചൈതന്യവും ഉള്ളവരെക്കൊണ്ട്, ആ ജോലി നടത്തിക്കുന്നതിനു ജനങ്ങൾക്കു് ഇപ്പോഴത്തെക്കാളധികം ശേഷിയും സൌകൎയ്യവുമുണ്ടാകും. സാമാന്യജനോദ്ധാരണത്തിൽ ശാസ്ത്രാനുസൃതമായ വിദ്യാഭ്യാസത്തിനുള്ള പ്രാധാന്യം മനസ്സിലാക്കി ഗവൎമ്മെണ്ടും ജനങ്ങളും പ്രവൎത്തിക്കുന്നതു് അത്യാവശ്യമാണ്. മി: റിച്ചി, താഴെകാണുംപ്രകാരം പറഞ്ഞിരിക്കുന്നു:— "ജനങ്ങൾ കായികകാമങ്ങൾകൊണ്ടു മാത്രം ജീവിതം നയിക്കാതിരിക്കണമെങ്കിൽ, അവൎക്കു നല്ലകാൎയ്യങ്ങളിൽ താല്പൎയ്യമുണ്ടാകണം. യുക്തി

യുക്തങ്ങളായ താല്പര്യങ്ങളും രസപ്രദമായ തൊഴിലുകളുമാണ്, സമുദായത്തിന്റെ എല്ലാപ്പടികളിലുമുള്ള ആളുകളുടെയിടയിലും തെമ്മാടിത്തരത്തിന് ഏററവും നല്ല നിവാരണൌഷധം". സാഹിത്യം, പ്രകൃതിതത്വങ്ങൾ, സദാചാരം മുതലായവ സംബന്ധിച്ചു ചില വിഭാവനകൾ കുട്ടിക്കാലത്തുതന്നെ മനസ്സിൽ ജനിപ്പിച്ചാലെ, കുറെക്കൂടി പ്രായമാകുമ്പോൾ അറിയൽ കൂടുതൽ പരിജ്ഞാനം സമ്പാദിക്കാൻ സാധിക്കയുള്ളൂ. തുഞ്ചത്തെഴുത്തച്ഛന്റെയൊ, ചെറുശ്ശേരിനമ്പൂരിയുടേയൊ, മററൊ ആശയങ്ങളൊന്നും ചെറുപ്പത്തിൽ കേട്ടിട്ടില്ലാത്തവക്കു സാഹിത്യവായനക്ലാസുകളിൽ പോകാൻ താല്പര്യം തോന്നാനെളുപ്പമില്ല. കള്ളുകുടിയിലൊ, പാശികളിയിലൊ, മററൊ ആയിരിക്കും അവക്ക് അധികം സന്തോഷം. ക്രിസ്തീയസുവിശേഷത്തിൽ നിന്നെടുത്ത താഴെകാണുന്ന വാക്യത്തിനു മഹത്തും വ്യസനകരവുമായ അത്ഥമുണ്ട്:— "ഉള്ളവനു കൂടുതൽ കൊടുക്കപ്പെടും". മാനസികസമ്പത്തിനെ സംബന്ധിച്ചിടത്തോളം, ഇതു് അക്ഷരംപ്രതി സത്യമാണ്. ചില വിഭാവനകൾ മനസ്സിലുണ്ടെങ്കിൽ, അവയോടു സംബന്ധമുള്ള മററു വിഭാവനകളെ മനസ്സു ഗ്രഹിച്ചു പൂവ്വസ്വത്തിനോടു ചേക്കും. നമ്മുടെ നാട്ടിൽ കുട്ടിക്കാലത്തു മോശമായ പ്രാഥമികവിദ്യാഭ്യാസം മാത്രം സിദ്ധിച്ചിട്ടുള്ളവരിൽ പലരും, മുമ്പുപഠിച്ചതുംകൂടെ മറന്നു വെറും കാളകളെപ്പോലെ ആയിത്തീരുന്നതു സാധാരണമാണല്ലൊ. മാനസികവിഭാവനകളുടെ ദാരിദ്ര്യമാണിതിനു കാരണം. ജ്ഞാനവും നല്ലകാൎയ്യങ്ങളിൽ താല്പൎയ്യങ്ങളും വൎദ്ധിപ്പിക്കാൻ സന്ദൎഭങ്ങൾ ഉണ്ടായാലും, അവയെ പ്രയോജനപ്പെടുത്തുന്നതിനുവേണ്ട പ്രാരംഭപ്രവൃത്തി ചെയ്യുന്നതിൽ ഇത്തരക്കാർ വിമുഖരായിരിക്കുന്നു. വല്ല യാദൃച്ഛികകാരണത്താലും, പ്രാരംഭപ്രവൃത്തിക്കിടയായാൽ മാത്രമെ, ഇത്തരക്കാക്കു് ഉന്നമനമുണ്ടാകയുള്ളൂ. അതുകൊണ്ടു ബാല്യപ്രായത്തിൽതന്നെ ആത്മചൈതന്യത്തെ ഉണത്തി നല്ല വിഭാവനകളെ മനസ്സിൽ ശേഖരിക്കത്തക്കവിധത്തിൽ പ്രാഥമികവിദ്യാഭ്യാസം നടത്തുന്നതു ജനങ്ങളുടെയിടയിൽ, ദുർവൃത്തികളും ദാരിദ്ര്യവും കുറക്കുന്നതിനും യഥാത്ഥക്ഷേമം വദ്ധിപ്പിക്കുന്നതിനും എത്രയും ഫലപ്രദമായ മാൎഗ്ഗമാണ്. മനുഷ്യസ്നേഹമുള്ള മഹാന്മാരിൽ ധനശക്തിയുള്ളവർ ഈ കാൎയ്യത്തിൽ ശ്രദ്ധിക്കുന്നതു ഒരു ലോകാനുഗ്രഹമായിരിക്കും. നമ്മുടെ രാജ്യത്തിൽ ഗവമ്മെണ്ടിനാണ് അധികം ധനശക്തിയുള്ളതു്. ഇതുള്ളവർ ഇവിടത്തെ ജനങ്ങളുടെയിടയിൽ ഇപ്പോൾ വളരെ കുറവാണ്. അതുകൊണ്ടു ഗവമ്മെണ്ടിന് ഈ കാൎയ്യത്തിൽ ഈശ്വരദൃഷ്ടിയിൽ ഗൗരവമേറിയ ചുമതലയുണ്ടു്.

# ഉദ്ധാരണങ്ങൾ

## അദ്ധ്യാപകൻ.

ആചാര്യ ടി. എൽ. വസ്വാനി പ്രാഥമികപാഠശാലകളിലെ അദ്ധ്യാപകന്മാരോട് ആയി, ഹൈദരബാദിൽ വെച്ച് ഈയിടെ ഒരു പ്രസംഗം ചെയ്യുക ഉണ്ടായി. അധ്യാപകന്മാർ എപ്പോഴും ഓർത്തിരിക്കേണ്ട വിലയേറിയ പല ഉപദേശങ്ങളും അടങ്ങിയിട്ടുള്ള ആ പ്രസംഗം 'സ്കാളർ' മാസികയിൽ ചേർത്തിരിക്കുന്നു. അതിൽനിന്നും താഴെ ഉദ്ധരിക്കാം:—

"ഇത്തവണ ഞാൻ ഹൈദ്രബാദിൽ വന്നപ്പോൾ ഗുരുനാഥന്മാരും ശിഷ്യന്മാരും തമ്മിലുള്ള ബന്ധത്തിന് ഉടവുതട്ടിയിട്ടുള്ളതായി കാണുന്നു. എന്തുകൊണ്ട് എന്ന് എന്നോടുതന്നെ ഞാൻ ചോദിക്കാറുണ്ട്. ഒരു പുതിയ അന്തരീക്ഷം ആവശ്യമായിരിക്കുന്നു എന്നാണ് എനിക്കു തോന്നുന്നത്. അസമാധാനമുള്ള ഒരു അന്തരീക്ഷത്തിൽ സൃഷ്ടിപരമായ യാതൊരു വിദ്യാഭ്യാസപ്രവൃത്തിയും സാധ്യമല്ല. അധ്യാപകനോടുള്ള ബഹുമാനം കുറഞ്ഞുവരുന്നതിൽ ഞാൻ വ്യസനിക്കുന്നു. ഒരുപക്ഷെ അതിനുള്ള ഒരു കാരണം അവരുടെ തുച്ഛശമ്പളമായിരിക്കാം. സാമ്പത്തികവിലകൾക്ക് പ്രാധാന്യമുള്ള ഒരു കാലഘട്ടത്തിലാണു നാം ജീവിക്കുന്നത്. എങ്കിലും അദ്ധ്യാപകവൃത്തിയെക്കാൾ ശ്രേഷ്ഠമായ തൊഴിലേതാണ്? യൂറോപ്യൻ സംസ്കാരത്തിന്റെ ആദിനിർമ്മാതാവ് സാക്രട്ടീസ് ആണ്. അദ്ദേഹം യുവജനങ്ങളുടെ അദ്ധ്യാപകനായിരുന്നു. ലോകത്തിലെ മഹാന്മാർ ഗുരുനാഥന്മാരായിരുന്നു. ഗുരുനാഥൻ എന്നുള്ളത് ഒരു വിശിഷ്ടശബ്ദമാണ്. അയാളുടെ ജോലി വിശിഷ്ടമായിട്ടുള്ളതാകുന്നു. അദ്ധ്യാപകന്റെ ജോലിയേയും പ്രവൃത്തിമാഹാത്മ്യത്തേയും പററി ഒരു പുതിയ ബോധമുണ്ടാകേണ്ടിയിരിക്കുന്നു. പ്രാഥമികപാഠശാലകളിലെ അധ്യാപകന്മാരായ നിങ്ങൾ ചെറിയ കുട്ടികളുടെ മേൽനോട്ടം വഹിക്കുന്നു. നിങ്ങൾ ഒരു വിശിഷ്ടകർമ്മം ഏററിരിക്കുന്നു. ഡാക്ടർ മോണ്ടിസ്സോറി ബാലികാബാലന്മാരുടെ പരിശീലനത്തിനായി തന്റെ മുഴുവൻസമയവും അർപ്പിക്കുവാൻ വേണ്ടി വൈദ്യവൃത്തി ഉപേക്ഷിച്ചു. യശസ്സിനേയും അധികാരശക്തിയേയും പററിയുള്ള മിഥ്യാബോധംകൊണ്ട് തങ്ങളുടെ സ്വാധീനശക്തിയെ നശിപ്പിക്കുന്ന അധ്യാപകന്മാരുണ്ട്. ഒരു അധ്യാപകൻ ഒരു സ്നേഹിതനായിരിക്കണം. ഒരു വിദ്യാലയം സന്തോഷമുള്ള ഭവനമായിരിക്കണം. ഓരോ ദിവസവും ഞാൻ കുട്ടികളെ എങ്ങനെ സന്തോഷമുള്ളവരാക്കും, എന്നുള്ളതായിരിക്ക

ണം അദ്ധ്യാപകന്റെ ആഗ്രഹവും ശ്രമവും. പല വിദ്യാലയങ്ങളും ഇന്നു കാരാഗാരങ്ങളാണ്. അവ ബാലമന്ദിരങ്ങൾ–ആനന്ദക്ഷേത്രങ്ങൾ–ആയിരിക്കണം. അതുകൊണ്ട് എല്ലാ മൎദ്ദനരീതികളേയും നശിപ്പിക്കേണ്ടിയിരിക്കുന്നു. മൎദ്ദനം പല രൂപത്തിൽ കാണാം. ഒരു വിദ്യാൎത്ഥിയോട് കോപത്തോടുകൂടി സംസാരിക്കുക, അയാൾക്ക് പിഴയിടുക, അയാളെ തല്ലുക ഇവ മൎദ്ദനത്തിന്റെ മൂന്നു രൂപങ്ങളാണ്. അദ്ധ്യാപകന്മാരോടുള്ള എന്റെ വാത്സല്യപുരസ്സരമായ അഭ്യൎത്ഥന എല്ലാ മൎദ്ദനസമ്പ്രദായങ്ങളേയും വെടിയുവാനാണ്. മൎദ്ദനം വളൎച്ചയെ ശിഥിലമാക്കുന്നു. മൎദ്ദനപരമായ ഒരു അന്തരീക്ഷത്തിൽ കുട്ടികൾക്ക് കായികമൊ, മാനസികമൊ, സാന്മാൎഗ്ഗികമൊ ആയ വളൎച്ച ഉണ്ടാകുന്നതല്ല. യൂറോപ്പിലെ മഹാതത്വജ്ഞാനിയായ ജെൻറിൽ ഇററലിയിലെ വിദ്യാഭ്യാസമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ ആദ്യപ്രവൃത്തികളിൽ ഒന്ന് ഇററലിയിലെ വിദ്യാലയങ്ങളിൽ കായികശിക്ഷ നിറുത്തിക്കൊണ്ടുള്ള ഒരു കല്പന കൊടുക്കുകയായിരുന്നു. ശിക്ഷിക്കുക എന്നതു് മൎദ്ദിക്കുകയാണ്. വിദ്യാഭ്യാസം, സ്വാതന്ത്ര്യവും സാഹോദൎയ്യവും വിളയാടുന്ന ഒരു അന്തരീക്ഷത്തിലായിരിക്കണം നടക്കുന്നതു്. മൎദ്ദനത്തിന്റെ ദുഷ്ടഫലങ്ങൾ അറിയണമെങ്കിൽ നിങ്ങൾ ഫ്രൂഡ്, ജങ്ങ്, മോണ്ടിസോറി, ഇൻഡ്യയുടെ വലിയ സ്നേഹിതനായ ജാൺഡെവി എന്നിവരുടെ പുസ്തകങ്ങൾ വായിക്കുക. ആദ്യത്തെ രണ്ടുപേർ ജൎമ്മൻകാരാണ്. മൂന്നാമത്തെ ആളുടെ ദേശം ഇററലിയാണ്. ഒടുവിലത്തെ ആൾ അമേരിക്കക്കാരനുമാണ്. അവൎക്കു നാലുപേൎക്കും സൎവ്വദേശീയമായ മനസ്സാണുള്ളതു്. എല്ലാ കാൎയ്യങ്ങളിലും അവർ ലോകത്തെ പൊതുവായിട്ടാണു വീക്ഷിക്കുന്നതു്. വിദ്യാഭ്യാസപരമായ മനശ്ശാസ്ത്രത്തേയും ബാലികാബാലന്മാരുടെ പരിശീലനത്തേയും സംബന്ധിച്ചിടത്തോളം അവൎക്കെല്ലാവൎക്കും നമ്മെ വളരെ പഠിപ്പിക്കുവാനുണ്ട്. വിദ്യാഭ്യാസത്തിലുള്ള മൎദ്ദനരീതികളെ അവരെല്ലാവരും ശക്തിമത്തായി പ്രതിഷേധിച്ചിട്ടുണ്ട്. ഒരു അദ്ധ്യാപകൻ പഠിപ്പിക്കേണ്ടതു് ഭയം കോപം മുതലായ രീതികളിൽകൂടിയല്ല. പിന്നെയൊ, സൃഷ്ടിപരമായ നിൎദ്ദേശം, അനുഭാവം, സ്നേഹം എന്നിവകൊണ്ടാണ്".

## പാലസ്തീനിലെ ഒരു കൎഷകപാഠശാല.

ഹിന്ദുപ്പത്രത്തിൽ ഇങ്ങനെ കാണുന്നു:-

ശാസ്ത്രീയരീതിയിലുള്ള കാൎഷികപരിശീലനത്തിന്റെ പ്രചാരത്തെപ്പോലെ പാലസ്തയിനെ സഹായിക്കുന്ന വേറെ ഒന്നുമില്ല. അതി

ന്റെ പ്രധാനഫലങ്ങൾ ഇപ്പോൾകാണുന്നതു് ജറുസലത്തിനടുത്താണ്. എന്നാൽ കാലവിളംബമെന്ന്യെ അതു നാടൊട്ടുക്കു കാണാവുന്നതാണ്. ഈ പ്രസ്ഥാനത്തിന്റെ ആരംഭം ഏകദേശം അൻപതു സംവത്സരത്തിനു മുമ്പാണ്. അന്ന് പാരീസ്സുകാരനും ഒരു ധനാഢ്യനുമായ നെററ എന്ന ജൂതൻ ഇന്ന് വളരെ അഭിവൃദ്ധിയിലിരിക്കുന്ന കാർഷികകലാശാലയും പാഠശാലയും മിക്‌വെ എന്ന സ്ഥലത്തു് സ്ഥാപിക്കുകയുണ്ടായി.

മിക്‌വെഇസ്റയൽ കലാശാലാ സ്ഥിതിചെയ്യുന്നതു് പുരാതനകാലംമുതല്ക്കുതന്നെ രമണീയകത്വത്തിനും ഫലപുഷ്ടിക്കും സുപ്രസിദ്ധമായ ഒരു സ്ഥലത്താണ്. നെറേറായുടെ പ്രഥമോദ്ദേശം റഷ്യ, കിഴക്കെ യൂറോപ്പ് മുതലായിടത്തുനിന്നും മററും ഏററിരുന്ന ജൂതന്മാക്ക് ഒരു അഭയസ്ഥാനം നല്കണമെന്നായിരുന്നു. ഈ ഉദ്ദേശത്തിനായി ഏകദേശം ൬൦൦ ഏക്കർ വരുന്ന ഒരു സ്ഥലം അന്നത്തെ സുൽത്താനിൽനിന്നും സമ്പാദിക്കുന്നതിനു വേണ്ട സ്വാധീനശക്തി അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം കലാശാലക്ക് ധാരാളംധനം ചിലവാക്കിയിട്ടുണ്ട്. അവിടെ ഇന്നു ൨൦ അദ്ധ്യാപകന്മാരും ൨൦൦ അദ്ധ്യേതാക്കളുമുണ്ട്. അദ്ധ്യേതാക്കൾ മൂന്നു സംവത്സരം അവിടെ താമസിച്ചതിന്റെ ശേഷം കൃഷിക്കാരായിത്തീരുകയൊ അദ്ധ്യാപകന്മാരായിത്തീരുകയൊ ചെയ്യുന്നു. പഴയ ചില കുട്ടികൾ ഫ്ളോറിസ, കാലിഫോർണിയ മുതലായ വിദൂരദേശങ്ങളിൽക്കൂടി പോയി കഷകവൃത്തി സ്വീകരിച്ചിട്ടുണ്ട്. സഞ്ചരിച്ച് പ്രസംഗിക്കുന്നതിനു വേണ്ട അദ്ധ്യാപകന്മാരേയും കലാശാല നിയമിച്ചിട്ടുണ്ട്. ഇവർ ക്ലിപ്തകാലങ്ങളിൽ ഓരോ സ്ഥലം സന്ദർശിച്ച് പുതിയ കൃഷിസമ്പ്രദായങ്ങളേയും മററുംപററി പറഞ്ഞുകൊടുക്കുന്നു.

ഈ കലാശാലയിലെ പാഠപദ്ധതി സുവിസ്തൃതമായിട്ടുള്ള ഒന്നാകുന്നു. രാജ്യത്തിനും കാലദേശാവസ്ഥയ്ക്കും പററിയ എല്ലാത്തരത്തിലുമുള്ള കൃഷികളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. മധുരനാരകച്ചെടി നടുക, കന്നുകാലികളെ വളർത്തുക, പാൽക്കട്ടിയുണ്ടാക്കുക, കോഴിവളർത്തുക, തേനീച്ചവളർത്തുക, മുന്തിരിച്ചെടി നടുക മുതലായവയാണവ. ഈ വലിയ കാർഷികപാഠശാലയുടെ ഒരു വിശേഷത അതിനു ചുററും കാണുന്ന അനവധി യൂക്കാലിപ്ററസ് വൃക്ഷങ്ങൾ ആണ്. ഇവ ആദ്യകാലത്തുതന്നെ നട്ടുവളർത്തിയിട്ടുവയാണ്. കാലദേശാവസ്ഥയെ ഇവ വളരെ പരിഷ്കരിച്ചിട്ടുണ്ട്. ഈ കലാശാലയെ ഒരു മാതൃകാവിദ്യാലയമാക്കുന്നതിന് നെററാ പണവും സമയവും ധാരാളം വിനിയോഗിച്ചിട്ടുണ്ട്.

ഈ സ്ഥാപനംമൂലമുണ്ടായിട്ടുള്ള ഒരു നൽഫലം അറബികൾ ഈയിടെയായി കഷകവൃത്തിയിൽ പ്രദർശിപ്പിച്ചുതുടങ്ങിയിട്ടുള്ള താല്പര്യമാകുന്നു. കർഷകവൃത്തിയിൽ അറബികൾ പണ്ടുമുതല്ക്കുള്ള രീതികളെ മാററി

യിട്ടില്ല. എന്നാൽ അടുത്തകാലത്തു ജിജ്ഞാസ അവരെ കാർഷികപാഠശാലകളിലേക്കു ആകർഷിച്ചിട്ടുണ്ട്. അവർ അവരുടെ ജീവിതത്തിൽ ആദ്യമായിട്ട് ശാസ്ത്രീയരീതിയിൽ വിത്തുകൾ തിരഞ്ഞെടുത്തു തരംതിരിക്കുന്നതും, ഭൂമി ഉഴുത്ത് വളംചെയ്യുന്നതും മററും കാണുന്നു. ജിജ്ഞാസയാൽ വശീകൃതരായ ഇവർ പുതിയതരത്തിലുള്ള ഉപകരണങ്ങൾ കണ്ടിട്ടു വിസ്മയിക്കാറുണ്ട്. ഈ സന്ദർശകന്മാർ കുറെനാൾ കഴിഞ്ഞിട്ട് അവിടെനിന്നു തിരിച്ചുപോകുന്നു. എന്നാൽ കുറെമാസം കഴിഞ്ഞതിനുശേഷം ഫലമറിയുന്നതിനും അവരുടേതും അയൽവാസികളുടേതുമായി തുലനംചെയ്യുന്നതിനും വീണ്ടും തിരിച്ചുവരാറുണ്ട്. കൃഷിയിൽനിന്നും അവർക്കു ലഭിക്കുന്ന വിളവ് കുറഞ്ഞിരിക്കാനാണല്ലൊ മാർഗ്ഗം. എന്നാൽ പുതിയ കൃഷിസമ്പ്രദായത്തെപററിയുള്ള ജ്ഞാനം പാലസ്റ്റയിനിലെ കൃഷകവൃന്ദത്തിന്റെ ഇടയിൽ പ്രചരിച്ചുവരുന്നുണ്ട്. അതിന്റെ ഭാവിഫലം രാജ്യത്തിനു പൊതുവേയും അറബികൾക്കു പ്രത്യേകമായും മഹത്തായ ഒന്നായിരിക്കുമെന്നുള്ളതിനു സംശയമില്ല.

മിക്കവെഇസ്റയൽ കലാശാലയിൽ ആൺകുട്ടികൾക്കു മാത്രമെ പ്രവേശനമുള്ളു. എന്നാൽ പാലസ്റ്റയിനിലെ വിദ്യാഭ്യാസധിപ്പാട്ടുമെൻറ് കാർഷികമായ ജ്ഞാനം ബാലികമാക്കും യുവതികൾക്കും നൾകുന്നതിന്റെ പ്രാധാന്യത അറിയുന്നുണ്ട്. അതുകൊണ്ട് ഫൻവർ-ൽ സ്ത്രീകൾക്കായി ഒരു കാർഷികപാഠശാല സ്ഥാപിക്കുകയുണ്ടായി. തിരഞ്ഞെടുത്ത സ്ഥലം അതിനു എത്രയും പററിയ ഒന്നാകുന്നു. അതിൽനിന്നും സൽഫലങ്ങളും സിദ്ധിച്ചിട്ടുണ്ട്. അവിടത്തെയും പാഠപദ്ധതി സുവിസ്തൃതമായിട്ടുള്ള ഒന്നാകുന്നു. പ്രധാനമായി ശ്രദ്ധിക്കുന്നത് പാൽക്കട്ടി ഉണ്ടാക്കുക, കോഴിയെ വളർത്തുക, തേനീച്ചയെ വളർത്തുക മുതലായവയിലാണ്. ഇവയാണല്ലൊ സ്ത്രീകൾക്കു ചേർന്നവയും. പ്രായോഗികമായിട്ടുള്ള ഒരു പദ്ധതിയാണ് അവിടെ പരീക്ഷിക്കുന്നതു്. നല്ല ആദായമുള്ള തൊഴിൽ ലഭിക്കുന്നതിന് അദ്ധ്യേതാക്കൾക്കു യാതൊരു വിഷമവുമില്ല. ഇന്ന് കൃഷികവൃത്തിയിൽ പരിശീലനം സിദ്ധിച്ചിട്ടുള്ള സ്ത്രീകളുടെ സംഖ്യ അവിടത്തെ ആവശ്യത്തിനു മതിയാകാതെയാണിരിക്കുന്നതു്. കുറച്ചുകാലത്തേക്കുകൂടി അങ്ങനെയിരിക്കും. കൂടുതൽ അദ്ധ്യേതാക്കൾക്കു പ്രവേശനം നൾകത്തക്കവണ്ണം കലാശാലയെ ഒന്നു വലുതാക്കുവാൻ ആലോചനയുള്ളതായി അറിയുന്നു".

നമ്മുടെ കേരളത്തിൽ ഇങ്ങനെ ഒരു നല്ല സ്ഥാപനം ഏർപ്പെടുത്തുവാൻ അധികാരികളൊ ദേശഭക്തിയുള്ള ധനാഢ്യരൊ ശ്രമിക്കുമോ?.

# പുസ്തകാഭിപ്രായം

## നാരായണഗുരുസ്വാമിയുടെ ജീവചരിത്രം (ഒന്നാംപുസ്തകം)

ഗ്രന്ഥകർത്താ:— മൂർക്കോത്തു കുമാരൻ.

പ്രസാധകർ:— എം. ജി. ആൻറ് സൺസ്, തലശ്ശേരി.

വില ക. 1—0—0.

ഈഴവസമുദായത്തിൻെറ എല്ലാവിധത്തിലുമുള്ള അഭ്യുന്നതികൾക്കും കാരണഭൂതനായ നാരായണഗുരുസ്വാമി അവർകൾ ഒരു നല്ല ജീവിതചരിത്രരചനക്കർഹനായ മഹാനാണല്ലൊ. ശ്രീമാൻ മൂർക്കോത്തു കുമാരൻ അവർകളാൽ വിരചിതമായ അദ്ദേഹത്തിൻെറ ഒരു ജീവചരിത്രമാണ് ഞങ്ങളുടെ അഭിപ്രായത്തിനു വിഷയീഭവിച്ചിരിക്കുന്നത്. അധഃപതിച്ചുകിടന്നിരുന്ന ഈഴവരെ കരകയററുവാൻ ശ്രമിച്ച സ്വാമി തൽസമുദായത്തിൻെറ ബഹുമാനത്തിനും അഭിനന്ദനത്തിനും പാത്രീഭൂതനായതിലും അവർ അദ്ദേഹത്തെ ദൈവമായി കരുതുന്നതിലും അത്ഭുതത്തിനവകാശമില്ലല്ലൊ.

ഒരു ജീവചരിത്രരചയിതാവിന് പല പ്രത്യേകഗുണങ്ങളും ആവശ്യമാണ്. കഥാനായകനെപ്പററിയുള്ള നല്ല ജ്ഞാനം, ഗുണദോഷവിവേചനാശക്തി, വർണ്ണനാവൈഭവം, അനാവശ്യമായ നിന്ദക്കൊ സ്തുതിക്കൊ വശംവദനാകാതെ ഉള്ളതുപറയുന്ന ശീലം, ഭാഷാവൈദഗ്ദ്ധ്യം മുതലായവ അവയിൽ ചിലതാണ്. മി: കുമാരൻ ഒരു നല്ല ഗദ്യകാരനാണെങ്കിലും ജീവിതചരിത്രരചയിതാവെന്ന നിലയിൽ ഞങ്ങൾക്ക് അത്ര നല്ല അഭിപ്രായമില്ല. ഒന്നാമതായി കഥാനായകനെപ്പററി അദ്ദേഹത്തിനുള്ള അറിവ് എത്രയും പരിമിതമായിട്ടുള്ളതാകുന്നു. ഗ്രന്ഥത്തിലെ ഭൂരിഭാഗവും ഉദ്ധാരണങ്ങളാണ്. ഉദ്ധാരണങ്ങൾ നീക്കിയാൽ സ്വന്തമായിട്ട് എഴുതിയിട്ടുള്ളതു വളരെ കുറച്ചുമാത്രമെ കാണുകയുള്ളു. ഈയിടെ മരിച്ചുപോയ നാണുഗുരുസ്വാമിയുടെ ബാല്യകാലത്തെപ്പററി അധികമൊന്നും അറിഞ്ഞുകൂടെന്നു പറയുന്നത് അന്വേഷണക്കുറവാണ്. അദ്ദേഹത്തിൻെറ ജന്മദേശത്തും പരിസരങ്ങളിലും സഞ്ചരിച്ച് അന്വേഷണം നടത്തിയാൽ ഉദ്ദിഷ്ടകാര്യം സാധിക്കുമെന്നാണു തോന്നുന്നത്. ഗ്രന്ഥകർത്താവ് സ്വാമിയെ ദൈവമാക്കാൻ ശ്രമിക്കുന്നില്ലെ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മി: അയ്യപ്പൻ ബി. എ. ഒാവസരത്തിൽ പറഞ്ഞതുപോലെ ഒരു മനുഷ്യനായി കരുതുന്നതല്ലെ ഉത്തമം? ഈ ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുള്ള വിധം പല സംഭവ

ങ്ങളും അറിയിച്ചിട്ടുള്ള ആളുകളുടെ പേരുപറയാതെ 'ഒരു മനുഷ്യൻ അറിയിക്കുന്നതു്' 'മറ്റൊരു മനുഷ്യൻ അറിയിക്കുന്നതു്' എന്നിവണ്ണം ജീവചരിത്രഗ്രന്ഥത്തിൽ എഴുതുന്നതു് യുക്തമാണെന്നു തോന്നുന്നില്ല. ഗ്രന്ഥാരംഭത്തിൽ യോഗാഭ്യാസത്തെപ്പററി വിവരിച്ചുകാണുന്നുണ്ടു്. ഇതു രൂപത്തിൽ വിവരിച്ചതുകൊണ്ടു് എന്തുഗുണമാണുണ്ടാകുന്നതെന്നു് അറിയുന്നില്ല. നമ്മുടെ യോഗാഭ്യാസമുറകൾ അനുസരിച്ചു് യോഗാഭ്യാസംചെയ്തിട്ടുള്ള ഒരാളുടെ ജീവചരിത്രരചനക്കു് ആംഗ്ലേയപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങൾ അനുകരിക്കേണ്ടുന്നതിന്റെ ആവശ്യവും മനസ്സിലാകുന്നില്ല. അതുകൊണ്ടാണു് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കാൻ ഇത്ര താമസിച്ചതെന്നും പറയുന്നു.

നാണുഗുരുസ്വാമി കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമിയുടെ പ്രഥമശിഷ്യനാണെന്നുള്ളതു് സർവ്വവിദിതമാണു്. നീലകണ്ഠദീക്ഷിതർ, തീർത്ഥപാദർ (നാണുക്കുറുപ്പു അവർകൾ) എന്നി രണ്ടു പ്രധാനശിഷ്യന്മാർകൂടി അദ്ദേഹത്തിനുണ്ടു്. ഈ വിവരമെല്ലാം ചട്ടമ്പിസ്വാമിയുടെ മുഖത്തുനിന്നും കേൾക്കുന്നതിനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായിട്ടുണ്ടു്. ഇവരിൽ മൂന്നാമൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു. എന്നാൽ മി. കുമാരൻ പറയുന്നതു് നാണുഗുരുസ്വാമി ചട്ടമ്പിസ്വാമിയുടെ ഒരു 'സഹചാരി' മാത്രമായിരുന്നു എന്നാണു്. ഗുരുസ്ഥാനത്തിൽനിന്നും സഹചാരിയുടെ സ്ഥാനത്തേക്കു് 'ഡിപ്രമോഷൻ' നൾകിയതു് ഒരുപക്ഷെ അജ്ഞതകൊണ്ടോ, അല്ലെങ്കിൽ എന്തൊ ഗുരുദ്വേഷത്തോടുകൂടിയൊ ആണെന്നെ പരമാർത്ഥമറിയാവുന്ന നിർമ്മത്സരന്മാർ വിചാരിക്കുകയുള്ളു. വാഴവിളമററത്തു് "ജി. നാണു" എന്നൊരീഴവൻ രചിച്ചതും പലരുടേയും സർട്ടിഫിക്കറേറാടുകൂടിയതുമായ "ശ്രീനാരായണപരമഹംസചരിതം" എന്ന കൃതിയിൽ അദ്ദേഹത്തെ യോഗ്യാഭ്യാസം ചെയ്യിച്ച ഗുരു ഷൺമുഖദാസൻ എന്ന പേരോടുകൂടിയ കുഞ്ഞൻപിള്ള ചട്ടമ്പിയാണെന്നു പറയുന്നു. നോക്കുക:- "ഷൺമുഖപാദംഭജിച്ച . നന്തപുരത്തമന്നൊരു ഷൺമുഖദാസാഹ്വയനാം യോഗിയെകണ്ടു; സ്വാഗതോക്തികളും ചൊല്ലിയാഗമജ്ഞനോടുചേർന്നു യോഗവിദ്യാഭ്യാസവും ചെയ്തുമന്നദ്ദേഹം." കിഴക്കേക്കല്ലട ശിവേലിക്കര എം. സി. കുഞ്ഞിരാമൻ വൈദ്യൻ അവർകളാൽ എഴുതപ്പെട്ടതും പലരുടേയും സർട്ടിഫിക്കറേറാടുകൂടിയതുമായ "ശ്രീനാരായണഗുരുസ്വാമിചരിതം" താരാട്ടിലും ഷൺമുഖദാസൻ എന്ന ആളെത്തന്നെ യോഗമഭ്യസിപ്പിച്ച ഗുരുവായി വിവരിച്ചിരിക്കുന്നു. "ഷൺമുഖദാസനെന്നുള്ള മഹാനിർമ്മലനാം യോഗിഏകൻ, ചെമ്മെയനന്തപുരത്തുസർവ്വസമ്മതനായമന്നാൻ. യോഗതന്ത്രത്തിൽസമർത്ഥനായയോഗിയാമദ്ദേഹത്തോടു്, ലോകഗുരുസ്വാമിയക്കാലൊത്തുയോഗാഭ്യാസാദിപഠിച്ചു" എന്നുപറഞ്ഞിരിക്കുന്നു. നാണുഗുരുസ്വാമി എഴുതീയിട്ടുള്ള

'നവമഞ്ജരി' എന്ന ഖണ്ഡപദ്യകൃതിയുടെ പ്രാരംഭത്തിൽ "ശിശുനാമഗുരോരാജ്ഞാം കരോമിശിരസാവഹൻ; നവമഞ്ജരികാം ശുദ്ധികർത്തുമർഹന്തികോവിദാഃ" എന്നുള്ള മംഗളാചരണം സ്വഗുരുവന്ദനമായിട്ടാണു ഗണിക്കേണ്ടതു്. അതിൽ 'ശിശുനാമ' എന്നതു 'കുഞ്ഞൻ' (ചട്ടമ്പി) എന്ന പേരിനെ സൂചിപ്പിക്കുന്നതിന് ഉപയോഗിച്ചിട്ടുള്ളതാണ്. ഷൺമുഖദാസൻ, ശിശുനാമാ, ബാലാഹ്വൻ, പരമഭട്ടാരസ്വാമികൾ എന്നിങ്ങനെയുള്ള പല നാമങ്ങളും ചട്ടമ്പിസ്വാമികളെ സംബന്ധിച്ചവയാണ്. ഇവയെല്ലാം കൂടാതെ സ്വാമികാരാടന് ചട്ടമ്പിസ്വാമിതന്നെ അയച്ചിട്ടുള്ള ഒരു എഴുത്തിൽ ഇങ്ങനെ കാണുന്നു:- "ഞാനും, മുമ്പു യോഗജ്ഞാനവിഷയങ്ങളിൽ എൻ്റെ ശിഷ്യനായിരുന്നതുകൊണ്ട്, നാണുഗുരുസ്വാമി എന്നയാളും, ഈഴവരിൽ ചിലരും തങ്ങളിൽ പഴയ പരിചയക്കാരാണ്". ഇതുകൊണ്ടെല്ലാം നാണുഗുരുസ്വാമിയുടെ യോഗാഭ്യാസവിഷയത്തിലുള്ള ഗുരു ചട്ടമ്പിസ്വാമിയാണെന്നുള്ളതിനു സംശയിക്കേണ്ടതില്ലല്ലോ.

ഈ വിഷയത്തിൽ യാഥാർത്ഥ്യത്തെ മറച്ചുവച്ചിരിക്കുന്നതു് ആക്ഷേപാർഹവും ഒരു ജീവചരിത്രഗ്രന്ഥകാരന് തീരെ അനുചിതവുമാണല്ലോ. നാരായണഗുരുസ്വാമികളുടെ ശിഷ്യപ്രധാനനായിരുന്ന കുമാരനാശാനു ചട്ടമ്പിസ്വാമിയെക്കുറിച്ചു് എന്തോ വിപ്രതിപത്തി ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അതുകൊണ്ടു് ഈ വിഷയത്തിൽ മുമ്പെതന്നെ പത്രപംക്തികളിൽ ചില വാദങ്ങൾ നടത്തീട്ടുണ്ടെന്നും ഞങ്ങൾക്കറിയാം. ഒരിക്കൽ മഹാകവി കുമാരനാശാനുമൊന്നിച്ചു് നാരായണഗുരുസ്വാമികൾ, മൂത്തകുന്നത്തു ക്ഷേത്രപ്രതിഷ്ഠക്കു വരികയും, അപ്പോൾ ചട്ടമ്പിസ്വാമിയെക്കൂടി അദ്ദേഹം ക്ഷണിക്കയും ഉണ്ടായി. പ്രതിഷ്ഠകഴിഞ്ഞു് നാരായണഗുരുസ്വാമിക്കുകിട്ടിയ കഴി ചട്ടമ്പിസ്വാമി വാങ്ങിഎന്നും, പണം തൃണംപോലെ കരുതുന്ന സ്വാമിക്കു പണമെന്തിന് എന്നു ചിലർ ചോദിച്ചപ്പോൾ അതു അദ്ദേഹവും, നാരായണഗുരുസ്വാമിയും തമ്മിലുള്ള ബന്ധം കുമാരനാശാനെ ധരിപ്പിക്കാനാണെന്നു പറഞ്ഞു എന്നും ഞങ്ങൾ അറിയുന്നു. ഒരിക്കൽ 'വിദ്യാവിലാസിനി'യെന്ന മാസികയിൽ നാണുഗുരുസ്വാമി 'പമ്പരഭ്രമണമെന്നപോൽ' എന്നൊരു സമസ്യ പ്രസിദ്ധപ്പെടുത്തിയിരുന്നു. അതു് ചട്ടമ്പിസ്വാമി ഇങ്ങനെയാണ് പൂരിപ്പിച്ചതു്:—

"പെണ്ണുമണ്ണുമിവയിലില്ലകാമമകവും ചിദഭ്രനിലയിൽ കട
ന്നൊന്നിരണ്ടുശിവമന്ദിരങ്ങളുമിരുത്തി ഞാനമിതകൌതുകം
എന്നുമുററിയൊരഹന്തഉള്ളിലറിയാതിരുന്നതിവിദഗ്ദ്ധനാം
നിന്നെയിങ്ങനെ വലക്കുമെന്നറിക പമ്പരഭ്രമണമെന്നപോൽ"

ഈ മഹാന്മാർ രണ്ടുപേരും തമ്മിൽ വളരെ സ്നേഹമായിരുന്നു. നാണുഗുരുസ്വാമിക്കു് ചട്ടമ്പിസ്വാമിയോടു ഭയവും ബഹുമാനവും തോന്നിയി

രുന്നു. സ്നേഹവാത്സല്യങ്ങളുടെ അതിരുകടന്ന പ്രവാഹംകൊണ്ടാണ് ശിഷ്യനെ 'നിന്നെ' എന്നുംമററും വിളിക്കുന്നതു്. ചട്ടമ്പിസ്വാമികൾ ഒരു അഗാധപണ്ഡിതനും, വേദവേദാംഗപാരംഗതനും, ജ്ഞാനിയും ആയിരുന്നു. അദ്ദേഹം പദവിയെ ആഗ്രഹിച്ചിരുന്നില്ല. നായന്മാർ അവരുടെ മതഗുരു ആയിരിക്കണമെന്ന് അപേക്ഷിച്ചപ്പോൾ അദ്ദേഹം ആ സ്ഥാനം സ്വീകരിക്കയുണ്ടായില്ല. ഇങ്ങനെ വിശിഷ്ടനായ ഒരു മഹാനെ തീരെ അവഗണിക്കയും, നാരായണഗുരുസ്വാമിയുടെ ഗുരുസ്ഥാനനിർണ്ണയവിഷയത്തിൽ അദ്ദേഹത്തിനുള്ള സ്ഥാനത്തെ മറച്ചുവെക്കയും ചെയ്തതിൽ, പിൻകാലത്തുള്ളവരും മററും വായിച്ചറിയേണ്ട ഒരു ജീവചരിത്രത്തിൽ വന്നുകൂടിയ പരമാബദ്ധത്തെ തിരുത്തുന്നതിനാണ് ഞങ്ങൾ ഇത്രയും ഇവിടെ പറയേണ്ടിവന്നതു്. ആരേയും ആക്ഷേപിക്കാനായിട്ടല്ല. ഈ വിഷയത്തെക്കുറിച്ചും നാണുഗുരുസ്വാമിയെ സംബന്ധിച്ചും ഇനിയും പലതും പറയേണ്ടതായിട്ടുണ്ട്. അതെല്ലാം ഇവിടെ പറയാൻ പത്രസ്ഥലം അനുവദിക്കുന്നതല്ലല്ലൊ. മി: കുമാരൻെറ ഈ ഗ്രന്ഥരചനക്കുള്ള സമ്പാദ്യങ്ങൾ തീരെ പര്യാപ്തങ്ങളായിട്ടില്ല. അന്വേഷണവും തീരെ ചുരുങ്ങിയ മട്ടിലാണ്. നാരായണഗുരുസ്വാമിയുടെ സതീർത്ഥ്യരൊ, സമകാലീനരൊ, സഹജീവികളൊ, അന്തേവാസികളൊ ഇപ്പോൾ തീരെ ഇല്ലാതായിട്ടില്ല. അതുകൊണ്ട് കൂടുതലായി ആ മഹാനെസംബന്ധിച്ച് പലതും അറിയാൻ കഴിയും.

മി: കുമാരൻ ഒരു നല്ല ഗദ്യകാരനാണെന്ന് മുമ്പു പറഞ്ഞുവല്ലൊ. ഈ ഗ്രന്ഥത്തിലെ ഭാഷ വളരെ ലളിതമാണ്. നാരായണഗുരുസ്വാമിയുടെ ജീവചരിത്രത്തിൻെറ ഒരു ബാലപാഠമായിമാത്രം ഗണിച്ച് ഈ ഗ്രന്ഥം എല്ലാവരും വായിച്ചുനോക്കേണ്ടതാണ്.


## ചഞ്ചലകുമാരി.

ഒരു ഒന്നാംതരം നോവൽ

ബങ്കിമചന്ദ്രചാററർജി ബങ്കാളിയിൽ എഴുതിയതിൻെറ പരാവൎത്തനം

൪൦൦ പേജോളം വരുന്ന ഈ നോവലിന് വില ൧ ക ൮ ണ ൦

# DO YOU KNOW
## THAT
# THE INDIAN EDUCATOR

is high class illustrated monthly of literary, scientific and educational interest.

It contains a choice variety of articles on all topics of interest and importance, contributed by men and women of eminent scholarships and high academic attainments.

It is controlled by an highly infiuential and capable Editorial Board.

It is the best medium for Reviews of books for, "**THE INDIAN EDUCATOR**" goes to all educational institutions, clubs, libraries and Reading Rooms.

Therefore snbscribe to and Advertise in

## THE INDIAN EDUCATOR

Managing Editor.— Mr. Aravamuda Aiyengar B. A. L. T.

Representative:— Mr. K. P. Padmanabhan Thampi

| | | |
|---|---|---|
| Subscription Rates | India | Rs. 2 |
| | America | $ 1 |
| | Europe | Sh. 4 |

For Further particulars please apply to;

Mr. K. P. Padmanabhan Thampi,
Representative "The indian Educator"
"New Lodge," Chettikulangara
Trivandrum Post, Travanaore State S: INDIA.

---

## ഈശ്വരവിലാസം പുസ്തകശാല, പറവൂർ

ഇവിടെ മെസേഴ് സ് ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ, ഈശ്വരപിള്ള, അപ്പൻതമ്പുരാൻ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ വില്പാനുണ്ട്. കൂടാതെ വൈദ്യം, ജ്യോതിഷം, വേദാന്തം, മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങളും പലതരം നോവലുകളും കിട്ടുന്നതാണ്.

മാനേജർ
ഈശ്വരവിലാസം പുസ്തകലാശ
(ൻ) പറവൂർ.